നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിക്ക് സംസാരിക്കാം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് &

ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ വന്നപ്പോൾ സൂചിപ്പിച്ച കാര്യങ്ങൾ തന്നെയാണ് പറയാനുള്ളത്. കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ചരിത്ര പ്രാധാന്യമർഹിക്കുന്ന ഒരു നിയമ നിർമ്മാണമാണ് നടക്കാൻ പോകുന്നതെന്ന് എല്ലാവർക്കുമറിയാം. സിംപ്ലിഫിക്കേഷൻ പ്രൊസീഡ്യൂവർ എന്നുപറഞ്ഞ് നിരവധി നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയലുകൾ പിന്നെയും എത്തിച്ചേരുന്നത് അതത് വകുപ്പുകളിലേക്കാണ്. അവ വീണ്ടും എല്ലാ വിഭാഗങ്ങളുടെയും പരിശോധന കഴിഞ്ഞുവരുമ്പോൾ കാലതാമസം നേരിടേണ്ടിവരികകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആദ്യം വ്യവസായം ആരംഭിക്കാമെന്നും നിയമപരമായ നടപടിക്രമങ്ങൾ പിന്നീട് ചെയ്താൽ മതിയെന്ന വിധത്തിൽ ഒരു നിയമം കൊണ്ടുവന്നുവെങ്കിലും അത് വ്യവസായം ആരംഭിച്ച ആളുകൾക്ക് വലിയ ഭാരമായിത്തീരുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെ എല്ലാ നിയമങ്ങളും പരിശോധിച്ച് എല്ലാ നടപടിക്രമങ്ങളും പാലിച്ച് നിശ്ചിത സമയത്തിനകം വ്യവസായത്തിനുള്ള

അനുമതി ലഭ്യമാക്കും. ഇപ്പോൾ പ്രചരണം നടത്തുന്നതുപോലെ ഈ ബിൽ നിലവിലുള്ള ഒരു നിയമത്തെയും ബൈപാസ് ചെയ്യുന്നില്ല. നെൽവയലുകളെയും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു കാര്യങ്ങളെയും ഈ ബിൽ ബാധിക്കുന്നില്ല. ഫയലിന്മേൽ അടയിരുന്ന് സമയം നഷ്ടപ്പെടുത്തി വ്യവസായികൾ വ്യവസായം വേണ്ടെന്നുവയ്ക്കുന്ന സ്ഥിതി ഒഴിവാക്കാനുള്ള ഒരു ബില്ലാണിത്. പ്രത്യേക സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിലൂടെ, വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും പ്രൊസീഡ്യൂവറുകൾ ഒരു നിശ്ചിത സമയത്തിനകം പൂർത്തിയാക്കി വ്യവസായികൾക്ക് അനുമതി നൽകുന്നു. ഒരു നിശ്ചിത തുക മൂലധനനിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ജില്ലാതല അതോറിറ്റിയും അതിനുമുകളിൽ മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് സംസ്ഥാനതല അതോറിറ്റിയുമാണ് അനുമതി നൽകുന്നത്. ഈ വിഷയത്തിൽ ഇതിലേറെ വിപ്ലവകരമായ ഒരു തീരുമാനം എടുക്കാനില്ല. ലോകം ശ്രദ്ധിക്കുന്ന ഒരു നിയമ നിർമ്മാണമാണ് സരൾ കേരള ബിൽ, വ്യവസായികളെ

സംബന്ധിച്ചിടത്തോളം ചരിത്ര പ്രാധാന്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാനായി ഇറങ്ങിപ്പുറപ്പെട്ട് അവസാനം നിയമപരമായ അനുമതികൾ ലഭിക്കാതെ ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ട്. അതുപോലെ ഇവിടെ വ്യവസായം ആരംഭിക്കാൻ വലിയ ബുദ്ധിമുട്ടാണെന്ന് പറയപ്പെടുന്ന ധാരാളം സംഭവങ്ങളുമുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിയമപരമായി പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ വ്യവസായത്തിനുള്ള അനുമതി നൽകുന്നതിനും സാധിക്കും. ഇപ്പോൾ ഡിജിറ്റൽ യുഗം കൂടിയായതിനാൽ നിശ്ചിത സമയത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കും. അനാവശ്യമായ കാലതാമസമുണ്ടാക്കേണ്ട യാതൊരു കാര്യവുമില്ല. ആയതിനാൽ 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിങ്) കേരളം ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. വി. ജോയി സീറ്റിലില്ലാതിരുന്നതിനാൽ വിയോജനം രേഖപ്പെടുത്തിയില്ല.)

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, വൻകിട വ്യവസായ നിക്ഷേപങ്ങൾ വേഗത്തിലാക്കുന്നതിനായി ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ എന്ന ആകർഷകമായ മുദ്രാവാക്യവുമായി സർക്കാർ സഭയിൽ അവതരിപ്പിച്ച 2026-ലെ സരൾ കേരള ബിൽ (ബിൽ നമ്പർ-19)-നെ ഞാൻ ശക്തമായി എതിർക്കുന്നു. 25 കോടി രൂപയ്ക്കുമുകളിലുള്ള നിക്ഷേപങ്ങൾക്ക് അനുമതികൾ വേഗത്തിലാക്കുകയെന്ന പേരിൽ കൊണ്ടുവന്നിട്ടുള്ള ഈ ബിൽ യഥാർഥത്തിൽ കേരളത്തിന്റെ അധികാര വികേന്ദ്രീകരണ സങ്കല്പത്തെയും പരിസ്ഥിതി സംരക്ഷണ നിയമങ്ങളെയും സാധാരണക്കാരായ ജനങ്ങളുടെ ജീവിത സുരക്ഷയെയും പൂർണ്ണമായും അട്ടിമറിക്കുന്ന ഒന്നാണ്. നിയമ നിർമ്മാണത്തിലെ അരാജകത്വവും മുൻ നിയമങ്ങളുടെ ആവർത്തനവുമാണ് ഇത്. ഈ സർക്കാരിന് സ്വന്തം നിയമനിർമ്മാണങ്ങളിൽപോലും യാതൊരു വ്യക്തതയുമില്ല എന്നതിന്റെ തെളിവുകൂടിയാണ് ഈ ബിൽ. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട്, 2000-ലെ 5-ാം ആക്ട് എന്നിവ നിലവിൽ നമ്മുടെ സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. കേവലം മാസങ്ങൾക്കുമുമ്പ് 2025 നവംബർ മാസത്തിൽ ഇതേ സഭ 2025-ലെ 15-ാം

ആക്ട് പാസ്സാക്കിക്കൊണ്ട് 1999-ലെ നിയമത്തിൽ ഭേദഗതി വരുത്തി. പ്രസ്തുത ഭേദഗതിയിലൂടെ 100 കോടി രൂപയ്ക്ക് മുകളിലുള്ള വൻകിട നിക്ഷേപങ്ങൾക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡും ചീഫ് സെക്രട്ടറി അധ്യക്ഷനും വിവിധ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളുമായ കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയും (വകുപ്പ് 13 ആയി) രൂപീകരിച്ചു. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള സരൾ ബില്ലിലെ ആറാം ഖണ്ഡം പരിശോധിച്ചാൽ ഇതേ ചീഫ് സെക്രട്ടറി അധ്യക്ഷനും ഇതേ സെക്രട്ടറിമാർ അംഗങ്ങളും കെ.എസ്.ഐ.ഡി.സി. എം.ഡി. കൺവീനറുമായി സംസ്ഥാനതല അധികാര കമ്മിറ്റി എന്ന പേരിൽ മറ്റൊരു സമാന്തര സംവിധാനം കൂടി ഉണ്ടാക്കുകയാണ്. 1999-ലെ നിയമമോ 2025-ലെ പതിനഞ്ചാം ആക്ടോ റദ്ദ് ചെയ്യാതെ ഒരേ കാര്യത്തിനായി ഒരേ ഉദ്യോഗസ്ഥരെ വച്ച് എന്തിനാണ് ഇങ്ങനെ സമാന്തര നിയമങ്ങൾ പടച്ചുവിടുന്നത് എന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയോട് വ്യക്തമാക്കണം. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ കഴുത്ത് ഞെരിക്കുന്ന ഉദ്യോഗസ്ഥർ അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ അഭിമാനം കൊള്ളുന്ന നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധികാരം പൂർണമായും കവർന്നെടുക്കുന്ന കരിനിയമമാണിത്. ഈ ബില്ലിന്റെ പട്ടികയിൽ 1, 2, 4 മുതൽ 7 വരെയുള്ള ഇനങ്ങൾ നോക്കിയാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 233 എ, 236 എന്നീ വകുപ്പുകൾ, മുനിസിപ്പാലിറ്റി ആക്ടിലെ 311, 357, 358, 448, 449 എന്നീ വകുപ്പുകൾ, ലൈസൻസ്, കെട്ടിടനിർമ്മാണ അനുമതി അധികാരങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പൂർണ്ണമായും എടുത്തുമാറ്റിയിരിക്കുന്നു. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽപ്പോലും ജില്ലാ ബോർഡ് യോഗം ചേരുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ മുനിസിപ്പൽ ചെയർമാനോ അതിൽ അംഗമായിരിക്കണം എന്ന ജനാധിപത്യ മര്യാദയുണ്ടായിരുന്നു. എന്നാൽ സർ ബില്ലിലെ ആറാം ഖണ്ഡത്തിലുള്ള സംസ്ഥാന അംഗീകാര

കമ്മിറ്റിയിലോ പത്താം ഖണ്ഡത്തിലുള്ള ജില്ലാതല അംഗീകാര കമ്മിറ്റിയിലോ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരൊറ്റ ജനപ്രതിനിധി പോലുമില്ല. പഞ്ചായത്ത് സെക്രട്ടറിയെപ്പോലും അംഗീകാര കമ്മിറ്റിയിൽനിന്ന് പുറത്താക്കി കേവലം മൂല്യനിർണ്ണയ കമ്മിറ്റിയിൽ ഒതുക്കിയിരിക്കുന്നു. നമ്മുടെ നാട്ടിലെ ഒരു ജനവാസമേഖലയിൽ ജനങ്ങളുടെ കുടിവെള്ളം മുട്ടിക്കുന്നതോ വായു മലിനമാക്കുന്നതോ ആയ ഒരു വൻകിട ഫാക്ടറി വന്നാൽ അവിടത്തെ പഞ്ചായത്ത് കമ്മിറ്റിക്ക് അതിൽ ഇടപെടാൽ യാതൊരു അധികാരവുമില്ല. എല്ലാം തിരുവനന്തപുരത്തിരിക്കുന്ന ചീഫ് സെക്രട്ടറിയും ജില്ലാ ആസ്ഥാനത്തിരിക്കുന്ന കളക്ടറും തീരുമാനിക്കും എന്നത് ഭരണഘടനയുടെ 73, 74 ഭേദഗതികളോടുള്ള വെല്ലുവിളിയാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും വൻകിടക്കാർക്ക് തീറെഴുതുകയാണ്. 2024 നവംബറിൽ ഈ സഭ പാസ്സാക്കിയ MSME വികസന (ഭേദഗതി) ബില്ലിന്റെ 26-ാം ആക്ടിൽ വ്യവസായങ്ങൾക്ക് അനുമതി നൽകുമ്പോൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിനോ 2016-ലെ നഗര ഗ്രാമാസൂത്രണ പ്രകാരമുള്ള മാസ്റ്റർ പ്ലാനിനോ വിരുദ്ധമായി ഭൂമി

ഉപയോഗിക്കാൻ പാടില്ലെന്ന് കർശനമായി വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ആ നിലപാടിൽനിന്ന് സർക്കാർ മലക്കം മറിഞ്ഞിരിക്കുന്നു. സരൾ ബില്ലിലെ പട്ടികയിലെ 8, 9, 10 ഇനങ്ങളിലായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടും അതിലെ ചട്ടങ്ങളും 2015-ലെ അനധികൃതമായ നികത്തൽ ക്രമവൽക്കരിക്കൽ ചട്ടങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി ഓഫീസറും പ്രാദേശിക നിരീക്ഷണ സമിതിയും ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ സമയമെടുത്ത് നടത്തേണ്ട തണ്ണീർത്തട പരിശോധനകൾ വെറും 30 ദിവസത്തിനകം പൂർത്തിയാക്കി ആർ.ഡി.ഒ.-ക്ക് പകരം ഉദ്യോഗസ്ഥ കമ്മിറ്റികൾ തന്നെ ഭൂമി തരംമാറ്റി നൽകുമെന്നാണ് ബില്ലിൽ പറയുന്നത്. ഇത് കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും വൻകിട റിയൽ എസ്റ്റേറ്റ് വ്യവസായ മാഫിയകൾക്ക് നികത്തിയെടുക്കാൻ സർക്കാർ തന്നെ പരവതാനി വിരിച്ചുകൊടുക്കുന്നതിന് തുല്യമാണ്. സാധാരണ ജനങ്ങളുടെ കുടിവെള്ളം മുട്ടിക്കുന്നതിനും പരിസ്ഥിതി ആഘാതത്തിനും ഇത് വഴിവയ്ക്കും. അപകടകരമായ വ്യവസായങ്ങൾക്കെതിരെ നടപടിയെടുക്കാൻ

ഉദ്യോഗസ്ഥർക്ക് അധികാരമില്ല. ഒരു വ്യവസായ സ്ഥാപനം, ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് മാരകമായ രാസമാലിന്യങ്ങൾ പുറന്തള്ളുകയോ ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന സുരക്ഷാവീഴ്ചകൾ വരുത്തുകയോ ചെയ്താൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് ആ സ്ഥാപനത്തിന്റെ ലൈസൻസ് അടിയന്തരമായി സസ്പെന്റ് ചെയ്യാനോ പൂട്ടിയിടാനോ അധികാരമില്ല എന്ന് 13(1)-ലെ ക്ലിപ്ത നിബന്ധനയിൽ പറയുന്നു. സാധാരണക്കാരന് നീതി നിഷേധിക്കുന്ന അപ്പീൽ വ്യവസ്ഥകൾ, ഇതിൽ പറയുന്നത് ഒരു വ്യവസായ പദ്ധതിമൂലം ദുരിതമനുഭവിക്കുന്ന പ്രദേശവാസികൾക്ക് നിലവിൽ തദ്ദേശസ്വയംഭരണ ട്രൈബ്യൂണലുകളെയോ മറ്റ് അപ്പീൽ അതോറിറ്റികളെയോ സമീപിക്കാമായിരുന്നു. എന്നാൽ ബില്ലിലെ 19(3)-ാം ഖണ്ഡം വഴി നിലവിലുള്ള എല്ലാ അപ്പീലുകളും സംവിധാനങ്ങളെയും ഇല്ലാതാക്കിയിരിക്കുന്നു. അൻപത് കോടിക്ക് മുകളിലുള്ള പദ്ധതികളിൽ ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി എടുക്കുന്ന തീരുമാനത്തിനെതിരെ ഈ ബില്ലിൽ ഒരു അപ്പീൽ സംവിധാനമില്ല. ആ തീരുമാനം അന്തിമമാണ്. ലക്ഷങ്ങൾ മുടക്കി സാധാരണ ജനങ്ങൾ

ഹൈക്കോടതിയിൽ പോകേണ്ട ഗതികേടിലേക്ക് ഈ ബിൽ ജനങ്ങളെ തള്ളിവിടുകയാണ്. ഈ ബിൽ ഇന്നത്തെ രൂപത്തിൽ പാസ്സാക്കാൻ പാടില്ല. ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകളെക്കുറിച്ച് പരസ്പരവിരുദ്ധമായ കണക്കുകൾ നിരത്തി സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പേജ് 26, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവരുന്ന, നെൽവയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കാൻ വഴിയൊരുക്കുന്ന, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന, ഈ ബിൽ പിൻവലിക്കുകയോ അല്ലെങ്കിൽ ജനപ്രതിനിധികളുടെയും പരിസ്ഥിതി നിയമവിദഗ്ധരുടെയും കൂടി അഭിപ്രായങ്ങൾ കേട്ട് സമഗ്രമായി ഉടച്ചുവാർക്കുന്നതിനായി ഒരു സെലക്ട് കമ്മിറ്റിക്ക് വിടുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ അവതരിപ്പിച്ചുകൊണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷം സഭയിൽ

സംസാരിക്കുമ്പോഴും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ ബില്ലിന്റെ ഏറ്റവും ആകർഷകമായ കാര്യം പറഞ്ഞത് വളരെ വേഗതയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി കൊടുക്കുന്നതിനെ സംബന്ധിച്ചാണ്. അക്കാര്യത്തിൽ ആർക്കും യോജിപ്പുണ്ടാകുമെന്ന് തോന്നുന്നില്ല. തീർച്ചയായും അത്തരത്തിലൊരു നടപടിയുമായി മുന്നോട്ടുപോകുന്നിനുവേണ്ടി ഇങ്ങനെയൊരു അതോറിറ്റിയും ഒരു നിയമവും കൊണ്ടുവരുമ്പോൾ ഉണ്ടാകാനിടയുള്ള ആശങ്കകളാണ് ഈ വിയോജനക്കുറിപ്പിലൂടെ പങ്കുവയ്ക്കണമെന്ന് ഞാൻ കരുതുന്നത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നിയമസഭ തന്നെ പാസ്സാക്കിയ പതിനെട്ട് നിയമങ്ങളെ മറികടന്നുകൊണ്ട് ഒരു അതോറിറ്റിയുടെ കീഴിലേക്ക് അധികാര അവകാശങ്ങൾ കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ട് എന്നുള്ളതാണ് ഞങ്ങൾക്ക് ആശങ്കയായി ഉന്നയിക്കാനുള്ളത്. അതിൽ വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണം ഈ സഭ തന്നെ പാസ്സാക്കിയ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ആണ്. കേരളത്തിന്റെ തനതായിട്ടുള്ള കൃഷിഭൂമികൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ

സംരക്ഷിക്കപ്പെടേണ്ടത് വളരെ പ്രധാനപ്പെട്ട ആവശ്യമാണെന്നുള്ള കാര്യം പരിഗണിച്ചുകൊണ്ടാണ് ടി നിയമം കൊണ്ടുവന്നത്. കാരണം, അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യത്തിൽ അത്തരമൊരു നിയമം കൊണ്ടുവന്നതോടുകൂടിയാണ് അളവിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവിടെ കൃഷിഭൂമിയും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെട്ട് നിൽക്കുന്നതെന്ന് നമുക്കറിയാം. ഇത്തരമൊരു നിയമത്തിന്റെ മറവിലൂടെ നമ്മുടെ നാട്ടിൽ അവശേഷിക്കുന്ന നെൽകൃഷിയിടങ്ങളും തണ്ണീർത്തടങ്ങളും ഇല്ലാതാക്കുന്നതിനാവശ്യമായ നടപടിയിലേക്ക് കടക്കാൻ സാധ്യതയുണ്ടെന്ന ആശങ്കയാണ് ഇവിടെ പങ്കുവയ്ക്കുന്നത്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പറഞ്ഞിരിക്കുന്ന പട്ടികയിലെ ക്രമ നമ്പർ 8, 9, 10 നെൽവയൽ സംരക്ഷണ ആക്ടും ചട്ടങ്ങളും. കേരളത്തിലെ പച്ചപ്പും നീരുറവയും നിലനിർത്തുന്ന 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ 27 എ വകുപ്പ്, അതിന്റെ ചട്ടങ്ങളും അനധികൃതമായ നികത്തൽ ക്രമവൽക്കരിക്കാനുള്ള ചട്ടങ്ങളും ഈ

ബില്ലിലൂടെ മറികടക്കാൻ ഇടയുണ്ട് എന്ന് ആശങ്കയുമുണ്ട്. കേരളം വളരെ അഭിമാനത്തോടുകൂടി മുന്നോട്ടുവച്ച ഒരു കാര്യമാണ് അധികാരവികേന്ദ്രീകരണത്തിന്റെ കേന്ദ്ര ഭരണഘടനാ ഭേദഗതിയിലൂടെ കൊണ്ടുവരപ്പെട്ട അധികാരവികേന്ദ്രീകരണ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളരെ ശക്തമായ പ്രാദേശികതല ഗവൺമെന്റുകൾ എന്ന രീതിയിൽ പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായത്. ആ അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്തയെ ഇല്ലാതാക്കാൻ കഴിയുന്ന രീതിയിലാണ് ഇവിടത്തെ പട്ടികയിൽ ക്രമ നമ്പർ 1, 2, 4, 5, 6, 7 പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടുകളും കെട്ടിട നിർമ്മാണ ലൈസൻസ് ചട്ടങ്ങളും പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 236, വകുപ്പുകളും മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പുകളും പ്രകാരം അപകടകരമായ വ്യവസായങ്ങൾക്ക് അനുമതി നൽകേണ്ട ഉത്തരവാദിത്തമുള്ള ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും നോക്കുകുത്തിയാക്കി ഈ അതോറിറ്റിക്ക് അത് നൽകാനാവശ്യമായിട്ടുള്ള സൗകര്യമൊരുക്കുന്ന ഒരു നിയമമായി ഈ നിയമം പരിണമിക്കാനിടയുണ്ട്.

ഇത്തരത്തിൽ പ്രാദേശികതല ഭരണകൂടം എന്ന നിലയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന സാധ്യത ഈ നിയമത്തിലൂടെ ഉണ്ടാകാനിടയുണ്ട്. അതാണ് ഇതിൽ വളരെ പ്രധാനപ്പെട്ട ആശങ്കയായി ഉയർന്നുവരുന്നത്. മറ്റൊരു കാര്യം പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. അതുവളരെ പ്രധാനപ്പെട്ടതാണ്. കേരളം പോലെ വളരെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് പാരിസ്ഥിതിക സംവിധാനങ്ങൾ നിലനിർത്തുകയും ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആഘാതമുണ്ടാകാതെയിരിക്കുകയെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിലെ ക്രമ നമ്പർ 11, 12, 15, 16, 17 വൃക്ഷസംരക്ഷണം, ഭൂജലം, ജലസേചനം, വാട്ടർ സപ്ലൈ, വനേതര പ്രദേശങ്ങളിലെ മരങ്ങൾ വെട്ടിമാറ്റുന്നത് തടയുന്ന നിയമവും ഭൂഗർഭ ജലം അനിയന്ത്രിതമായി ഊറ്റിയെടുക്കുന്നത് നിയന്ത്രിക്കുന്ന 2002-ലെ കേരള ഭൂജല ആക്ടും ജലസേചന ജലസംരക്ഷണ നിയമങ്ങളും ഈ ബില്ലിന്റെ പരിധിയിൽ വരുമ്പോൾ ദുർബലപ്പെടും എന്നുള്ളത് വലിയ ആശങ്കയുണ്ടാക്കുന്ന

കാര്യമാണ്. ഇവിടെ വൻകിട കമ്പനികൾക്ക് യഥേഷ്ടം വെള്ളം ചൂഷണം ചെയ്യുന്നതിനും മരങ്ങൾ വെട്ടി നശിപ്പിക്കുന്നതിനുമുള്ള അനുമതി എളുപ്പത്തിൽ ലഭ്യമാക്കാൻ ഈ വഴിയിലൂടെ സാധ്യമാകുമെന്നുള്ള ആശങ്കയും സ്വാഭാവികമായി ഉയർന്നുവരുന്നുണ്ട്. ജല ചൂഷണത്തിനെതിരെ വ്യവസായങ്ങൾ വരുമ്പോൾതന്നെ ജനങ്ങളുടെ ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ടല്ലാതെ മറ്റ് രീതിയിൽ അത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കാൻ പാടില്ല എന്ന കാര്യം കേരളീയ പൊതുസമൂഹവും നമ്മുടെ സർക്കാരുമെല്ലാം വളരെ ശക്തമായിത്തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. ഇവിടെ അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാനും പ്രയാസമുണ്ടാകാനും വൻകിട... ഇവിടെ സൂചിപ്പിച്ചതുപോലെ 50 കോടി രൂപയിലധികം മുതൽമുടക്കുന്ന വലിയ പദ്ധതികളാണ് വരുന്നത് എന്നുള്ളതുകൊണ്ടുതന്നെ സ്വാഭാവികമായി ജല ചൂഷണമുൾപ്പെടെ പ്രകൃതി സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്ന അല്ലെങ്കിൽ നശിപ്പിക്കുന്ന പാരിസ്ഥിതിക കടന്നാക്രമണങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന ആശങ്ക കൂടി ഈ ബില്ലിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങൾ

തടയപ്പെടാൻ നമുക്ക് ഈ ബില്ലിന്റെ അധികാര കേന്ദ്രീകരണത്തിലൂടെ അവർക്ക് സാധ്യമാകും എന്നുള്ളതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ നിലവിൽ അംഗീകരിക്കപ്പെട്ട, നമ്മുടെ നിയമനിർമ്മാണ സഭ പാസാക്കിയ 18 നിയമങ്ങളിൽ വളരെ പ്രധാനപ്പെട്ട നിയമങ്ങളെ ഇല്ലാതാക്കുന്ന അവസ്ഥയിലേക്ക് പോകാനിടയുണ്ടെന്ന ആശങ്കയാണ് ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർത്താനുള്ളത്. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ടാകും. മറ്റൊരു കാര്യം, ഏറ്റവും വലിയ രീതിയിൽ മുതൽമുടക്കുന്ന പദ്ധതികൾക്ക് അനുമതി കൊടുത്തുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടിയുള്ള ഹയർ അതോറിറ്റി കോടതിയാണ്. ഹൈക്കോടതിയുൾപ്പെടെയുള്ള സംവിധാനങ്ങളിലേക്ക് പോകേണ്ടി വരുന്ന സ്ഥിതിയുണ്ട്. അതിന് ആവശ്യമായ സംവിധാനങ്ങൾകൂടി ഇതിന്റെ ഭാഗമായി വരേണ്ടതുണ്ട്. ഇത്തരം കാരണങ്ങളാൽ ഈ ബില്ലിനെ അംഗീകരിക്കപ്പെടാൻ പ്രയാസമുണ്ടെന്നുള്ളതും ഇതിൽ ന്യായമായ രീതിയിലുള്ള മാറ്റങ്ങൾ വരുത്തി

അഭിപ്രായങ്ങൾ ഏകീകരിച്ച് സ്വരൂപിച്ച് വേണം ഇത്തരമൊരു നിയമം പാസ്സാക്കാൻ. അതുകൊണ്ട് ഈ നിയമം പാസ്സാക്കാൻ പാടില്ല എന്ന നിലപാട് ഞാൻ ശക്തമായി ഇവിടെ ഉന്നയിക്കുകയാണ്. എന്റെ വിയോജിപ്പ് ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സരൾ ബില്ലിനെ എതിർത്തുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ ഈ സരളിലും അതിസരളമായ നിയമങ്ങളാണ് ഇന്ത്യയിൽ കേരളമൊഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലുമുള്ളത്. അവിടെ കോടിക്കണക്കിന് നിക്ഷേപം വരുന്നു. വ്യവസായങ്ങൾ വരുന്നു. തൊഴലവസരങ്ങൾ വരുന്നു. അതുവഴി സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർധിക്കുകയും വലിയ വികസന

പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ അവരൊക്കെ തേങ്ങയുടയ്ക്കുമ്പോൾ ഒരു ചിരട്ടയെങ്കിലും ഉടയ്ക്കാനുള്ളൊരു ശ്രമത്തെ ഇവരൊക്കെ ഇങ്ങനെ എതിർക്കുമ്പോൾ കേരളത്തോട് എന്താണ് ഇവർക്ക് ഇത്ര പക എന്ന് ഞാൻ ആലോചിച്ചുപോകുകയാണ്. ഞാൻ ഈ സരൾ ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകതയായി കാണുന്നത്, ഇതിലൊരു സമയപരിധിയാണ്. കാരണം ഒരു സംരംഭകൻ സരൾ സെക്രട്ടേറിയറ്റിൽ ഒരു അപേക്ഷ കൊടുത്താൽ 10 ദിവസത്തിനകം അത് തീർപ്പുകല്പിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്കോ അല്ലെങ്കിൽ അപ്രൈസൽ കമ്മിറ്റിക്കോ അത് നൽകണം. ബന്ധപ്പെട്ട വകുപ്പുകൾ 30 ദിവസത്തിനകം ആ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് അപ്രൈസൽ കമ്മിറ്റിക്ക് നൽകണം. അപ്രൈസൽ കമ്മിറ്റി 15 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അപ്രൂവൽ കമ്മിറ്റിക്ക് നൽകണം. അപ്രൂവൽ കമ്മിറ്റി 20 ദിവസത്തിനകത്ത് അതിൽ തീരുമാനമെടുക്കണം. തീരുമാനമെടുക്കുന്ന അന്നേ ദിവസംതന്നെ സംരംഭകന് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യണം. ഇതൊക്കെ കേരളത്തെ സംബന്ധിച്ചിടത്തോളം അധികം കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ്.

അതുപോലെ ഇതിൽ ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികളുണ്ടാകും. താഴെത്തട്ടിലുള്ള വകുപ്പുകൾക്ക് സംരംഭകന് സ്റ്റോപ്പ് മെമ്മോ കൊടുക്കുക, അവനെ പീഡിപ്പിക്കുക പോലുള്ള പരിപാടികൾക്ക് അവകാശമില്ല. അത് അപ്രൂവൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യാനുള്ള അവകാശം മാത്രമേയുള്ളൂ. ഉദ്യോഗസ്ഥർ സദുദ്ദേശപരമായി പ്രവൃത്തി ചെയ്യുന്നതിൽ അവരെ വിലക്കാനോ അവർക്കെതിരെ നടപടിയെടുക്കാനോ ഉള്ള അവകാശമില്ല. ഇങ്ങനെ തുടങ്ങി സംരംഭകർ എന്താണോ ആഗ്രഹിക്കുന്നത് അതെല്ലാം അടങ്ങുന്ന തരത്തിലുള്ളൊരു സ്വാതന്ത്ര്യം ഈ സരൾ ബില്ലിലുണ്ട്. മാത്രമല്ല, പൊതുജനാരോഗ്യം, പരിസ്ഥിതി, പൊതുസുരക്ഷ, ആരോഗ്യം എന്നിവയെയൊന്നും ദോഷകരമായി ബാധിക്കുന്ന ഒരു നിബന്ധനയുമില്ല. നിലവിലുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായിട്ടാണ് നിയമം പ്രവർത്തിക്കുന്നത്. ഇത് തീർച്ചയായും നമ്മുടെ വ്യവസായ അന്തരീക്ഷം മാറ്റിമറിക്കുകയും ഒന്നോ രണ്ടോ വർഷത്തിനുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ആയിരക്കണക്കിന് കോടികളുടെ വർധനയുണ്ടാകുകയും

ചെയ്യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു ഉദാഹരണം കൂടി പറയാം, പാലക്കാട് ജില്ലയിലെ വാളയാർ മുതൽ കോയമ്പത്തൂർവരെ സഞ്ചരിച്ചാൽ കേരളത്തെ ലക്ഷ്യമാക്കി, വിപണിയെ ലക്ഷ്യമാക്കിയിട്ടുള്ള നിരവധിയായ വെയർഹൗസുകൾ നിങ്ങൾക്ക് കാണാൻ കഴിയും. കേരളത്തിലെ പ്രമുഖ വിതരണക്കാരുടെയും സി&എഫ്-കളും പല തരത്തിലുള്ള മാനുഫാക്ചറിങ്ങുകളും കേന്ദ്രീകരിച്ചിട്ടുള്ളത് അവിടെയാണ്. ഒരു സരൾ ബിൽ ഇവിടെ വന്നാൽ ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ കേരളത്തിലേക്ക് തന്നെ വരുമ്പോൾ സ്വാഭാവികമായും ഇവിടത്തെ നികുതി വരുമാനത്തിൽ നമ്മൾ ലക്ഷ്യമിട്ടതിനേക്കാൾ ഏറെ വലിയൊരു വർധനയുണ്ടാകും. ഇത് ഈ സംസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഒരു ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും നല്ല നിലയിൽ നടപ്പിലാകുന്നൊരു സംസ്ഥാനമാണ് കേരളം. നമ്മൾ വളരെ കൃത്യമായി അധികാരം വികേന്ദ്രീകരിച്ചിട്ടുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം നമ്മളൊരു സുജനമര്യാദ പാലിച്ചുകൊണ്ടാണ് നമ്മുടെ വ്യവസ്ഥിതി

പോകുന്നത്. ഇവിടെ കേന്ദ്രീകൃത ആധിപത്യം കേരളത്തിലില്ല. കേന്ദ്രീകൃത ആധിപത്യമുള്ള ഇടങ്ങളിലൊക്കെ ചില മുന്നേറ്റങ്ങളുണ്ട്. ഇവിടെ എല്ലാം വികേന്ദ്രീകൃതമാകുമ്പോൾ ഈ സംവിധാനത്തിന്റെ മഹത്വം മനസ്സിലാക്കാതെ താഴെത്തട്ടിലും ഇടത്തട്ടിലും പെരുമാറുന്ന പല ആളുകളുമുണ്ട് ആധികാരികമായി ഔദ്യോഗിക സ്ഥാനത്ത്. അതൊക്കെ ചില മനോവൈകല്യങ്ങളാണ്. അതിനൊക്കെയുള്ളൊരു പരിഹാരമാണ്, അങ്ങനെയുള്ള മനോവൈകല്യങ്ങളിൽപ്പെട്ട് പീഡനമനുഭവിക്കുന്ന ഡസൻ കണക്കിന് സംരംഭകർ നമ്മുടെ നാട്ടിലുണ്ട്. വ്യക്തിപരമായി നമുക്ക് അറിയാവുന്ന ആളുകളുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്ക് ഒരു അറുതി വരും. അവർക്കൊക്കെ ഈ അപ്രൂവൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യാൻ മാത്രമാണ് ഇനിയുള്ള അധികാരം. അപ്രൂവൽ കമ്മിറ്റി ഉത്തരവാദിത്വപ്പെട്ട ഉന്നത ബോഡിയാണ്. അവർ നിയമത്തിനും കീഴ്വഴക്കത്തിനും വളരെ കൃത്യമായി സരളിൽ പ്രതിപാദിച്ച ചട്ടങ്ങൾക്ക് അനുസരിച്ചൊരു തീരുമാനമെടുക്കും. അതുകൊണ്ട് ഇവിടെ നിയമലംഘനത്തിന്റെ പ്രശ്നമില്ല. ഇവിടെ തീർച്ചയായും വലിയൊരു വിപ്ലവത്തിലേക്ക് കേരളം കാലെടുത്ത്

വയ്ക്കുകയാണ്. അതുകൊണ്ട് ഞാൻ ഈ സരൾ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. എം. എ. സമീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ കാലാവസ്ഥയും കേരളത്തിന്റെ പ്രകൃതി വിഭവങ്ങളും അതിലേറെ ഏറ്റവും ടാലെന്റഡായിട്ടുള്ള മാൻ പവറുമുള്ളൊരു സംസ്ഥാനത്ത് entrepreneurship-നോടും വളരെ വിദ്യാഭ്യാസ രംഗത്ത് പ്രൊഫഷണൽ എഡ്യൂക്കേഷനും ഡോക്ടറലും പോസ്റ്റ് ഡോക്ടറലുമൊക്കെ കഴിഞ്ഞ വലിയൊരു പോപ്പുലേഷൻ സംരംഭകത്വത്തിനുവേണ്ടി തങ്ങൾ നേടിയ വിദ്യാഭ്യാസംകൊണ്ട് എന്ത് ചെയ്യാൻ കഴിയുമെന്ന് ചോദിക്കുന്നൊരു കാലത്താണ് കേരളത്തിൽ ഈ സരൾ ബിൽ അവതരിപ്പിക്കുന്നത്. കേരളത്തിലേക്ക് വിവിധ നിക്ഷേപ

പദ്ധതികളുമായി ധാരാളം കമ്പനികൾ വിവിധ കാലങ്ങളിൽ വന്ന് പ്രെപ്പോസൽ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഇതിലെ എത്ര പദ്ധതികളാണ് ഈ നിക്ഷേപം സ്വീകരിച്ച് ഇവിടെ യഥാർഥ്യമായതെന്ന് പരിശോധിച്ചാൽ വളരെ നിരാശയാകുന്ന ഉത്തരമായിരിക്കും ലഭിക്കുക. ചില പദ്ധതികളുടെ ഫയലുകൾ അപ്രൂവലിനുവേണ്ടി കാത്തുകെട്ടി കിടക്കുന്നത് ഏഴ് വർഷമാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചിരുന്നു. ബിസിനസ്സിന്റെയോ സംരംഭത്തിന്റെയോ ഭാഷയിൽ പറഞ്ഞാൽ, ഏഴ് വർഷമെന്നുള്ളത് ഒരു ബിസിനസ്സിൽ ചെലവാക്കിയ കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് അല്ലെങ്കിൽ സംരംഭകത്തിനുവേണ്ടി ചെലവാക്കിയ മൂലധനം തിരിച്ച് ലഭിക്കേണ്ട പേ-ബാക്ക് പിരീഡാണ്. അതായത്, ഒരു കുട്ടി ജനിച്ച് രണ്ടാം ക്ലാസ്സിലേക്ക് എത്തുന്ന കാലമോ അല്ലെങ്കിൽ ഒരു ബിസിനസ്സിൽനിന്ന് മൂലധനം തിരിച്ച് ലഭിക്കേണ്ട കാലമത്രയും ഒരു ബിസിനസ്സിന്റെ ഏതെങ്കിലും ഒരു അപ്രൂവലിനുവേണ്ടി ആ ഫയൽ കാലതാമസമെടുക്കുന്ന എന്ന കാലത്തിലാണ്, ഇത്രയും സാധ്യതകളുള്ള ഒരു സ്റ്റേറ്റ് ഇങ്ങനെയൊരു സരൾ ബിൽ പരിഗണിക്കുന്ന സാഹചര്യമെന്ന് നമ്മൾ

മനസ്സിലാക്കണം. ഇതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട് ഇനിഷ്യേറ്റീവായ പല പദ്ധതികളും വന്നിട്ടുണ്ട്. അത് 1999-ലെ സിംഗിൾ വിൻഡോ സ്കീം, കെ-സ്വിഫ്റ്റ് പദ്ധതി, 2025-ൽ വന്ന ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് ആക്ട്, 2023-ലെ വ്യവസായ നയവും അതിനോടനുബന്ധിച്ച ഇൻസെന്റീവ് പോളിസിയുമൊക്കെയാണ്. ഈ ഇൻസെന്റീവ് പോളിസിയിലെ ക്ലോസിൽ തന്നെ പറയുന്ന കാലകാലങ്ങളിലായി വ്യവസായ നയവും ഇൻസെന്റീവ് പോളിസിയും ഭേദഗതി ചെയ്ത് മുന്നോട്ടുപോകണം എന്നുപറയുന്ന ആളുകൾത്തന്നെയാണ് അത്തരത്തിലുള്ള വ്യവസായ നയത്തിൽ വേണ്ട കാലം ആവശ്യപ്പെടുന്ന ഭേദഗതിക്കെതിരെ വിയോജനക്കുറിപ്പ് അവതരിപ്പിച്ച് പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്യുന്നത്. കേരളത്തിന്റെ വികസനത്തിന് എന്താണ് ഏറ്റവും അടിസ്ഥാനപരമായി വേണ്ടതെന്ന് നമ്മൾ ഒന്നാം സമ്മേളനം മുതൽ കണ്ടതാണ്. ഇവിടത്തെ ബജറ്റിലുള്ള ഗ്യാപ്പ് പരിഹരിക്കാൻ നമുക്ക് ഇക്കോണമിക് ട്രാൻസാക്ഷൻ ഇംപ്രൂവ് ചെയ്യേണ്ടതുണ്ടെന്ന് കൃത്യമായി ബോധ്യമുള്ള നാടും അതിനെ പ്രതിനിധീകരിക്കുന്ന സഭയുമെന്നുള്ള നിലയ്ക്ക്, ഇക്കോണമിക് ട്രാൻസാക്ഷൻ

ഇംപ്രൂവ് ചെയ്യണമെങ്കിൽ നമുക്ക് ലഭിക്കുന്ന വിവിധങ്ങളായ നിക്ഷേപ സാഹചര്യങ്ങളെ ഏറ്റവും നല്ല ഡയസ്പോറയുള്ള റെമിറ്റൻസ് ഇക്കോണമിയിൽനിന്ന് ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയിലേക്ക് മാറണമെന്ന് പറയുമ്പോഴും വിദേശ രാജ്യങ്ങളിലടക്കം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡിന്റെയും കേരള സെല്ലിന്റെയും/കേരള ഡെസ്കിന്റെയും ഭാഗമായി ഇൻവെസ്റ്റ്മെന്റ് സമാഹരിക്കുന്ന പ്രക്രിയകൾ നടക്കുമ്പോൾ, ഈ ഇൻവെസ്റ്റ്മെന്റ് സമാഹരിച്ച് കേരളത്തിലേക്ക് കൊണ്ടുവരുമ്പോൾ, ഏത് പദ്ധതിയിലേക്കാണ് ഇത് വിനിയോഗിക്കുക എന്നതിനുള്ള ഉത്തരംകൂടി ഈ അമന്റഡ് ബജറ്റിലും പിന്നീട് നടന്ന ചർച്ചകളുമൊക്കെ ഈ സഭയിൽ നമ്മൾ കേട്ടതാണ്. മിഷൻ സമുദ്ര, നോളേജ് ഇക്കോണമി, ക്രിട്ടിക്കൽ മിനറൽ കോറിഡോർ എന്നീ പദ്ധതികളിലെല്ലാം പ്രോജക്ട് വരണമെങ്കിൽ ഇതിന്റെ അപ്രൂവൽസ് സമയബന്ധിതമായി പൂർത്തീകരിക്കണം. സാധാരണയായി, അപ്രൂവൽ പ്രോസസ്സിലേക്ക് പോകുമ്പോൾ, സെക്ഷൻ ക്ലാർക്ക് മുതൽ ഇവിടത്തെ ഏറ്റവും ഉയർന്ന ഓഫീസർമാർവരെയുള്ള തലങ്ങളിൽ മുകളിലേക്കും താഴേക്കും ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും

ഫയൽ ഇങ്ങനെ സഞ്ചരിച്ച്, അതിനെ കാത്ത് നിൽക്കുന്ന എത്രയോ സംരംഭകരെ സർക്കാർ ഓഫീസുകളുടെ വരാന്തയിൽ കാണാൻ സാധിക്കും. ഇതെല്ലാം ഉൾപ്പെടുത്തിയാണ് ഏതെങ്കിലും ഒരു ബിസിനസ്സ് ബോർഡ് റൂമിൽ/ഏതെങ്കിലും ഒരു കോർപ്പറേറ്റ് ബോർഡ് റൂമിൽ അവരുടെ നിലവിലുള്ള ബിസിനസ്സിനെയോ അല്ലെങ്കിൽ ആരംഭിക്കാനുള്ള അവരുടെ ഏതെങ്കിലും സംരംഭത്തെയോക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, അത് കേരളത്തിൽ സാധ്യമാകുമോയെന്നുള്ള ചോദ്യത്തിന് ഡിഫാൾട്ട് ആൻസറായി വന്നത്. അത് കേരളത്തിൽ നടപ്പാക്കാൻ നമ്മുടെ ഭരണക്രമവും ഓഫീസ് വ്യവസ്ഥയും റെഡ് ടാപ്പിസവും അനുവദിക്കുമോ എന്ന ചീത്തപ്പേര് മാറണമെങ്കിൽ ഈ സഭ...., നേരത്തെ ബഹുമാന്യനായ ശ്രീ. ജി. സുധാകരൻ അംഗം പറഞ്ഞതുപോലെ 'മാറ്റവിൻ ചട്ടങ്ങളെ' എന്ന് നമ്മളെ നോക്കി ഇങ്ങോട്ട് പറയുന്ന, ആ ജിയോഗ്രഫിക്കലി സ്വിറ്റുവേറ്റ് ചെയ്യുന്ന സഭയിൽവച്ച് ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. നമ്മൾ എം.എൽ.എ.-മാർ എന്ന നിലയ്ക്ക് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്താണ്? നമുക്ക് ഈ വർഷം ലഭിച്ച എം.എൽ.എ. ഫണ്ടിന്റെ

വിനിയോഗത്തിനുവേണ്ടി സെലക്ട് ചെയ്യുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെടുന്നതുപോലെ, ഏതെങ്കിലും തരത്തിലുള്ള ക്വാളിറ്റി ഇൻവെസ്റ്റ്മെന്റ് നടത്താൻ നമ്മുടെ എം.എൽ.എ. ഫണ്ടിന് കഴിയില്ല. കാരണം, നമ്മുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാലും കേടായ റോഡുകളുടെ പണി പൂർത്തിയാക്കാൻപോലും തികയില്ല. നമ്മുടെ കമ്മിറ്റഡ് ലയബിലിറ്റി എന്നുപറയുന്നത് 80 ശതമാനമാണ്. ഈ ഗ്യാപ്പ് ഫിൽ ചെയ്യാൻ, അതായത് സംസ്ഥാനത്തിന്റെ ഗ്യാപ്പ് അവസാനിക്കണമെങ്കിൽ സാമ്പത്തിക ഇടപാടുകൾ വർധിക്കേണ്ടതുണ്ട്. അതിനൊരു perception change വരുന്നുണ്ട്. ആ perception change എന്നുപറയുന്നത് സഭയിൽ ടേബിൾ ചെയ്ത വൈറ്റ് പേപ്പർ മുതൽ അമന്റഡ് ബജറ്റ് മുതൽ പിന്നീട് വന്ന ഓരോ നിയമഭേദഗതിയും, ഇന്നലെ പാസ്സാക്കിയ 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലും ഇതിനുമുമ്പ് വയോജനങ്ങളുടെ പരിചരണത്തിനായി ചേർത്ത് പിടിച്ച ബില്ലിൽ അവരുടെ ഏറ്റവും വലിയ എക്സ്പീരിയൻസിനെ മുൻനിർത്തി, അവർക്ക് ചെയ്യാൻ കഴിയുന്ന രീതിലുള്ള എൻടപ്രണർഷിപ്പ് പോലുള്ള പദ്ധതികൾക്കുമാത്രമെ ഈ ഗ്യാപ്പ് ഫിൽ

ചെയ്യാൻ ആവശ്യമായ രീതിയിലുള്ള ഇംപ്രൂവ്മെന്റുണ്ടാകുയുള്ളൂ. നമ്മൾ സ്വപ്നം കാണുന്ന മിച്ച ബജറ്റ് അവതരിപ്പിക്കാൻ ഈ സഭയ്ക്ക് കഴിയണമെങ്കിൽ, ഇന്നത്തെ ജിയോപൊളിറ്റിക്കൽ ഇഷ്യൂസ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുമ്പോൾ കേരളത്തിന് സാധ്യമായ ഈ സുവർണ്ണ അവസരം ഉപയോഗപ്പെടുത്താൻ ഈ അപ്രൂവിലിലൂടെയാണ് സാധിക്കുന്നത്. കേരളത്തിലെ ബിസിനസ്സുകാരെല്ലാം പ്രകൃതിയെ ചൂഷണം ചെയ്യുന്നവരാണെന്ന രീതിയിലുള്ള സമീപനം സ്വീകരിക്കാൻ പാടില്ല. സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്ന ഓരോ ബിസിനസ്സുകാരും, ഓരോ കോർപ്പറേറ്റും, ഓരോ സംരംഭവും അതിന്റെ ഓഹരി ഉടമകളുടെ എണ്ണത്തിൽ സർക്കാർ അതിന്റെ സ്റ്റേക്ക് ഹോൾഡറാണെന്നും പബ്ലിക് അതിന്റെ സ്റ്റേക്ക് ഹോൾഡറാണെന്നും അംഗീകരിച്ച കാലത്താണ്, അത്രയും സോഷ്യൽ റെസ്പോൺസിബിലിറ്റിയുള്ള ഒരു കാലത്താണ് നമ്മൾ ഈ സരൾ ബിൽ അവതരിപ്പിക്കുന്നത്. സമയബന്ധിതമായി ഇത് തീർക്കുമെന്നുള്ളതാണ് സരൾ ബില്ലിൽ ആകെ കാണുന്നത്. ഈ പറയുന്ന സംരംഭത്തിന് വലിയ ഇൻസെന്റീവോ ഗ്രാന്റോ ഒന്നുമല്ല നമ്മൾ പ്രതീക്ഷിക്കുന്നത്. ഏറ്റവും വലിയ

ഉപഭോഗ സംസ്ഥാനത്തിലൊന്നായ കേരളത്തിൽ ലോകത്തിലെത്തന്നെ ഏറ്റവും വലിയ ബ്രാൻഡുകൾ, വലിയ ഉൽപാദകർ, അവരുടെ ഉൽപന്നങ്ങളും സേവനങ്ങളും വിറ്റഴിക്കുന്ന മാർക്കറ്റിൽ നമ്മുക്ക് സ്വന്തമായി മാർക്കറ്റ് കോൺട്രിബ്യൂഷൻ എടുക്കാൻ കഴിയുന്നില്ലെങ്കിൽ, ഈ അവസരം നമ്മൾ ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ, വരും തലമുറയോട് നമ്മൾ ഉത്തരം പറയേണ്ടി വരും. ഈ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ അതിന് ഉത്തരം പറയേണ്ടി വരുമെന്ന് മുൻകൂട്ടികണ്ടുകൊണ്ടാണ് സരൾ ബില്ലിന്റെ പ്രാധാന്യം ഇവിടെയുള്ളത്. ഇതിന്റെ രാഷ്ട്രീയ പ്രാധാന്യം അതാണ്. കെ-സ്വിഫ്റ്റിൽ നമുക്കുള്ളതിന്റെ ലിമിറ്റിൽനിന്ന് 25 കോടി രൂപയിൽനിന്ന് മുകളിലേക്ക് വരുന്ന കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള പദ്ധതികൾ, രണ്ട് വിഭാഗങ്ങളിലായി നിലവിൽ ജില്ലാ തലത്തിലുള്ള ഡിസ്ട്രിക് ഇൻഡസ്ട്രി സെന്റർ സരളിന്റെ സെക്രട്ടേറിയറ്റായും സംസ്ഥാനതലത്തിൽ 50 കോടി രൂപയ്ക്ക് മുകളിലുള്ളതിന് ഇവിടത്തെ കെ.എസ്.ഐ.ഡി.സി. അതിന്റെ സെക്രട്ടേറിയറ്റുമായും നിലവിലുള്ള ഓഫീസ് വൃന്ദങ്ങളെ ഇതിന്റെ എക്സ്പേർട്ടുകളെ ഉപയോഗപ്പെടുത്തി, ഇതിന്

കൃത്യമായ അപ്രൂവൽ കൊടുക്കാൻ അപ്രൂവലിനുമുമ്പായി അപ്രൈസൽ കൊടുക്കാനാണ്. ഇതിന്റെ ക്ലോസ് 17-ൽ കൃത്യമായി പറയുന്നുണ്ട്. ഇതിന്റെ പരിശോധന നടത്തുകയും ഗ്രണമേന്മ ഉറപ്പുവരുത്തുകയും ചെയ്യും. ഏറ്റവും വലിയ പ്രത്യേക അസംബ്ലിയിൽത്തന്നെ ഇതിന്റെ പെർഫോമൻസ് റിപ്പോർട്ട് വരുമെന്നുള്ളതാണ്. കേരളത്തിന്റെ മൊത്തത്തിലുള്ള കാര്യം ആലോചിച്ചാൽ പെർഫോമൻസ് ഓഡിറ്റ് വിവിധ വിഭാഗങ്ങളിൽ നടക്കാത്തതാണ് ഇതിന്റെ ആകെയുള്ള കാരണമെന്ന് മനസ്സിലാക്കുന്ന പൊതുപ്രവർത്തകരും ജനങ്ങളെ പ്രതിനിധീകരിക്കുന്ന ആളുകളുമാണ് നമ്മൾ. അതുകൊണ്ട് സരൾ ബില്ലിൽ കൊണ്ടുവരുന്ന ഓരോ ക്ലോസുകളും സരളിന്റെ ഏറ്റവും പ്രയോജനകരമായ 75 ദിവസം എന്ന ഓപ്പർച്യൂണിറ്റി ഈ പറയുന്ന ബിസിനസ്സുമായി, സംരംഭവുമായി, ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ടതാണ്. ലോകത്തുനിന്നുതന്നെ ധാരാളം തരത്തിലുള്ള ഇൻവെസ്റ്റ്മെന്റ് കേരളത്തിലേക്ക് എത്തികൊണ്ടിരിക്കുകയാണ്. ഒരാളുടെ ഒരു പ്രോജക്ട് സ്റ്റാർട്ടപ്പ് ഇൻഷ്യേറ്റീവ് ആണെങ്കിൽ ആ സ്റ്റാർട്ടപ്പ് ഇൻഷ്യേറ്റീവിന് ഗ്രാന്റ് കൊടുക്കുന്ന/സീഡ് കാപ്പിറ്റൽ

കൊടുക്കുന്ന/എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ് കൊടുക്കുന്ന/വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട് കൊടുക്കുന്ന, എന്തിനേറെ, ഇക്കഴിഞ്ഞ ദിവസങ്ങളിലൊക്കെ മലയാളത്തിലെ എല്ലാ പത്രങ്ങളുടെയും ജാക്കറ്റ് പരസ്യങ്ങളിൽ വന്നത് ഒരു ഐ.പി.ഒ.-യുടെ പരസ്യമായിരുന്നു. ഇന്ന് അതിന്റെ വാർത്തയുണ്ട്, ഇന്ന് അതിന്റെ റിസൾട്ടുണ്ട്, ഇന്ന് അതിന്റ courtesy ഉണ്ട്. ആ പണം പോകുന്നത് കേരളത്തിലെ ഏതെങ്കിലുമൊരു കമ്പനിക്ക് അല്ല. പക്ഷേ, കേരളത്തിലുള്ള നിക്ഷേപകർ ധാരാളമായി ഈ കാപ്പിറ്റൽ മാർക്കറ്റിൽ ഇൻവെസ്റ്റ് ചെയ്യുമെന്നതുകൊണ്ടാണ് കേരളത്തിലെ വർത്തമാന പാത്രങ്ങളിലൊക്കെ ജാക്കറ്റ് പരസ്യങ്ങൾ വരുന്നത്. കേരളത്തിലെ കമ്പനികൾക്ക് സാധ്യമാകുന്ന തരത്തിൽ റീ-അലൈൻമെന്റ് ചെയ്യണമെങ്കിൽ സംരംഭക സമൂഹത്തെ ചേർത്തു പിടിക്കേണ്ടതുണ്ട്. നമ്മൾ വയോജനങ്ങളെയും കുട്ടികളെയും സ്ത്രീകളെയും ചേർത്തുപിടിക്കുന്നു. ഈ നാട് നിലനിൽക്കണമെങ്കിൽ ഇവിടത്തെ ഇക്കോണമിക് ട്രാൻസാക്ഷൻസ് ഇംപ്രൂവ് ചെയ്ത് നമ്മുടെ കമ്മി ബജറ്റിൽനിന്ന് മിച്ച ബജറ്റിലേക്കുള്ള ഒരു

വലിയ ബ്രിഡ്ജിങ്ങാണ് സരൾ ബിൽ എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സഭയിൽ ഒബ്ജക്ഷനായി ഉന്നയിക്കപ്പെട്ട കാര്യങ്ങളൊന്നും നിലനിൽക്കുന്നതല്ല. വളരെ അടിസ്ഥാനപരമായി പറഞ്ഞാൽ, നെൽവയൽ സംബന്ധിച്ച വിഷയം ഉൾപ്പെടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി പ്രശ്നത്തെ ബൈപ്പാസ് ചെയ്യും, ആ നിയമത്തിന് വിരുദ്ധമാകും, ഈ നിയമത്തിന് വിരുദ്ധമാകുമെന്നൊക്കെയാണ് പറയുന്നത്. ഈ നിയമം അവയൊന്നും ബൈപ്പാസ് ചെയ്യുന്നില്ലെന്ന് ഞാൻ എത്രയോ പ്രാവശ്യം വ്യക്തമാക്കിയിട്ടുള്ളതാണ്. കാരണം, ബന്ധപ്പെട്ട എല്ലാ നിയമങ്ങളും പരിശോധിച്ച് അതത് വകുപ്പുകൾ തന്നെ തീരുമാനമെടുക്കണമെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഇത്തരം ആശങ്കകൾക്ക് യാതൊരു സാധ്യതയുമില്ല. ഇപ്പോൾ ഇത്തരം സെൻസിറ്റീവായ കാര്യങ്ങൾ പറഞ്ഞ്, ഒരു കാര്യത്തിൽ സമയബന്ധിതമായി

തീരുമാനമെടുക്കുന്നതിനെതിരായി ഒരു നരേഷൻ സൃഷ്ടിക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല. കാരണം അങ്ങനെയുള്ള ഒരു വിഷയങ്ങളും ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടില്ല. നിലവിൽ കേരളത്തിൽ പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും അതത് വകുപ്പുകൾ കൃത്യമായി സൂക്ഷ്മപരിശോധന നടത്തി നിശ്ചിത സമയത്തിനകം തീരുമാനമെടുക്കണം എന്നുമാത്രമേ പറയുന്നുള്ളൂ. യാതൊരു പരിശോധനയും നടത്താതെ ലൈസൻസ് നൽകി, കുറെക്കാലം പ്രവർത്തിച്ചതിനുശേഷം പരിശോധന നടത്താമെന്ന് പറയുന്നതിനേക്കാൾ എത്രയോ നല്ലതാണ് നിക്ഷേപം വരുന്നതിനുമുമ്പുതന്നെ നിയമപരമായ എല്ലാ പരിശോധനകളും സമയബന്ധിതമായി പൂർത്തിയാക്കി തീരുമാനമെടുക്കുന്നത്. ഈ നിയമത്തിന്റെ ആവശ്യകത എന്താണെന്ന് ഞാൻ സഭയിൽ ചൂണ്ടിക്കാണിച്ചു. ഇത്തരമൊരു നിയമം ഇന്ന് ഇല്ലായെങ്കിൽ.... ഇവിടെ ഏറ്റവും അവസാനം ശ്രീ. പി. എം. എ. സമീർ സംസാരിച്ചു. ഓരോ ദിവസവും പത്രങ്ങളിൽ വരുന്ന വലിയ പരസ്യങ്ങൾ നാം കാണുന്നുണ്ട്. വൻകിട കമ്പനികൾ കേരളത്തിൽനിന്നൊക്കെ ഐ.പി.ഒ.- വഴി പോകുമ്പോൾ എത്ര നിക്ഷേപങ്ങളാണ് സ്വീകരിക്കുന്നത്.

അതിൽ മലയാളികളുടേതായി എത്ര നിക്ഷേപങ്ങളാണ് വരുന്നത്? പക്ഷേ അത് കേരളത്തിലല്ല എന്നതാണ് അതിന്റെ വിഷയം. അതിന്റെ ഫലമായി കേരളീയർക്ക് ഇവിടെ തൊഴിൽ ലഭിക്കുന്നില്ല. വലിയ സാധ്യതകളാണ് നമുക്കുള്ളത്; മലയാളികളുടെ നിക്ഷേപ സാധ്യത വളരെ കൂടുതലാണ്. പരിസ്ഥിതിക്കോ പ്രകൃതിക്കോ യാതൊരു ആഘാതവും ഏൽപ്പിക്കാത്ത നിരവധി വ്യവസായങ്ങളുണ്ട്. സെമികണ്ടക്ടർ മേഖല, ഐ.ടി., ഹാർഡ്‌വെയർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് വന്നുകൊണ്ടിരിക്കുന്ന നിക്ഷേപങ്ങൾ, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ, ലോജിസ്റ്റിക്സ് തുടങ്ങി അനവധി മേഖലകളുണ്ട്. ഇവയൊക്കെ പരിസ്ഥിതിക്കോ മറ്റോ ഒരു കോട്ടവും തട്ടാത്ത രീതിയിലുള്ള വ്യവസായങ്ങളാണ്. വ്യവസായം എന്ന് പറയുമ്പോൾതന്നെ പുകക്കുഴലുകളെയും അവയിൽനിന്ന് പുറത്തുവരുന്ന മലിനീകരണത്തെയും പറ്റിയാണ് ആദ്യം ചിന്തിക്കുന്നത്. ഈ ഭാവന തന്നെ മനസ്സിൽ വച്ചുകൊണ്ടിരുന്നിട്ട് കാര്യമില്ല. നമ്മുടെ പച്ചപ്പിനും പ്രകൃതിക്കും യാതൊരു കോട്ടവും വരുത്താതെ പ്രവർത്തിക്കാൻ കഴിയുന്ന വ്യവസായങ്ങൾ ഇന്നുണ്ട്.

പുതിയ സാങ്കേതികവിദ്യകൾ അതെല്ലാം സാധ്യമാക്കിയിട്ടുണ്ട്. അങ്ങനെയൊരു കാലഘട്ടത്തിൽ എന്തിനാണ് ചുവപ്പുനാടകളിൽ കുരുക്കി വ്യവസായങ്ങളെയും തൊഴിലവസരങ്ങളെയും നഷ്ടപ്പെടുത്തുന്നത്. ഈ പ്രശ്നങ്ങൾ കാരണം മലയാളികൾക്ക് എന്തിനാണ് ബാംഗ്ലൂരിലേക്കും തമിഴ്നാട്ടിലേക്കും വിദേശരാജ്യങ്ങളിലേക്കും പോകേണ്ടി വരുന്നത്; അവർക്ക് ഇവിടെത്തന്നെ നിക്ഷേപം നടത്തിക്കൂടെ; നിക്ഷേപകർക്ക് ഇത്രയധികം ഉപഭോക്തൃ വിപണി കേരളത്തിലുണ്ടെങ്കിൽ ഇവിടെ നിലനിൽക്കുന്ന ഈ പ്രയാസങ്ങളൊക്കെ തീർത്തുകൊടുത്തുകൂടേ; ഒരു നിശ്ചിത സമയത്തിനകം ഇവിടെ വ്യവസായങ്ങൾ വരുമല്ലോ; ഇപ്പോൾ ടെക്നോപാർക്ക് വന്നു; അതിനകത്തുള്ള ലിവിങ് അറ്റ്മോസ്ഫിയർ തന്നെ വ്യത്യാസമല്ലേ; അവിടെ ആളുകൾക്ക് തൊഴിലും തൊഴിൽ ചെയ്യുന്നവർക്ക് വരുമാനവുമുണ്ട്. ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ, ഇത് വളരെ നല്ലൊരു നിയമനിർമ്മാണമാണ്. അതിൽ ഈ പറയുന്ന ആശങ്കകൾക്കൊന്നും യാതൊരു ഇടവുമില്ല. മാത്രമല്ല, മുമ്പ് പാസ്സാക്കിയ നിയമങ്ങളൊക്കെ വേണ്ടത്ര പരിശോധിക്കാതെയാണ് വന്നിരിക്കുന്നത് എന്ന് പറയുന്നത് ഒട്ടും ശരിയല്ല. എല്ലാ കാര്യങ്ങളും

വിശദമായി പരിശോധിച്ച് തന്നെയാണ് ഈ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ഒരു തരത്തിലുള്ള ആശങ്കയുടെയും ആവശ്യമില്ല. വളരെ സെൻസിറ്റീവായ കാര്യങ്ങൾ പറഞ്ഞ് ഇതിനെതിരായി കാമ്പയിൻ ചെയ്യരുത് എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. പി. നൗഷാദ് അലി, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല)

ശ്രീ. കെ. പി. നൗഷാദ് അലി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എം. എ. സമീർ, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. എം. എ. സമീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. എം. എ. സമീർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1800. 2-ാം ഖണ്ഡത്തിൽ, -

(i) (എച്ച്) ഉപഖണ്ഡത്തിൽ, " അപ്രകാരം" എന്ന വാക്കിന് പകരം " അപ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

(ii) (എം) ഉപഖണ്ഡത്തിൽ, " ഉൾപ്പെടുന്നതുമാകുന്നു" എന്നതിന് പകരം " 18-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയും ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

(iii) (ഇസഡ്) ഉപഖണ്ഡത്തിൽ " പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾക്ക് പകരം " മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക. കൂടാതെ ബില്ലിൽ " പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം " മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

'അധികാര സ്ഥാനം' എന്നീ വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം 'അധികാരസ്ഥാനം' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

രണ്ടാം ഖണ്ഡം (എസ്)-ൽ 'കേരള സർക്കാർ' എന്നത് 'കേരളസർക്കാർ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

226. ഖണ്ഡം 2(എ)-ൽ " &" എന്നതിന് പകരം " ആൻഡ്" എന്ന് ചേർക്കുക.

283. ഖണ്ഡം 2(എഫ്)-ൽ " വഴി" എന്നതിന് പകരം " വഴിയോ" എന്ന് ചേർക്കുക.

299. ഖണ്ഡം 2(ഐ)-ൽ " വ്യക്തമാക്കിയിട്ടുള്ളതും" എന്നതിന് പകരം " രേഖപ്പെടുത്തിയിട്ടുള്ളതും" എന്ന് ചേർക്കുക.

309. ഖണ്ഡം 2(ജെ)-ൽ "സംയോജിത" എന്നത് ഒഴിവാക്കുക.

324. ഖണ്ഡം 2(കെ)-ൽ " ക്ലിയറൻസുകളും" എന്നതിന് ശേഷം " പെർമിറ്റുകളും അനുമതികളും" എന്ന് ചേർക്കുക.

337. ഖണ്ഡം 2(എൽ)-ൽ " പരിഹരിച്ച്" എന്നതിന് പകരം " പരിഹരിച്ചതിൻപ്രകാരമുള്ള" എന്ന് ചേർക്കുക.

353. ഖണ്ഡം 2(എൽ)-ൽ " തീയതിയിലെ" എന്നത് ഒഴിവാക്കുക.

358. ഖണ്ഡം 2(എം)-ൽ " അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

371. ഖണ്ഡം 2(എം)-ൽ "മൂലമുണ്ടാകുന്ന" എന്നതിന് പകരം "മൂലം ആവശ്യമായിവരുന്ന" എന്ന് ചേർക്കുക.

372. ഖണ്ഡം 2(എൻ)-ൽ "പ്രത്യേകം" എന്നത് ഒഴിവാക്കുക.

386. ഖണ്ഡം 2(ഒ)-ൽ "നിക്ഷേപം" എന്ന് വരുന്നിടത്തെല്ലാം അതിന് മുമ്പ് "മൂലധന" എന്ന് ചേർക്കുക.

399. ഖണ്ഡം 2(പി)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് ശേഷം " അംഗീകാര" എന്ന് ചേർക്കുക.

407. ഖണ്ഡം 2(ക്യു)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് ശേഷം "പ്രമാണീകരണ മൂല്യനിർണ്ണയ" എന്ന് ചേർക്കുക.

445. ഖണ്ഡം 2(യു)-ൽ " സാമ്പത്തിക" എന്നത് ഒഴിവാക്കുക.

453. ഖണ്ഡം 2(യു)-ൽ " വിഭാഗങ്ങളിലുള്ള" എന്നതിന് പകരം " മേഖലകളിലോ വിഭാഗങ്ങളിലോ ഉള്ള" എന്ന് ചേർക്കുക.

475. ഖണ്ഡം 2(ഇസഡ് എ)-ൽ " തരംതിരിക്കുന്നത്" എന്നതിന് പകരം " തരംതിരിച്ചിട്ടുള്ളത്" എന്ന് ചേർക്കുക.

495. ഖണ്ഡം 2(ഇസഡ് ഇ)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് ശേഷം "അംഗീകാര" എന്ന് ചേർക്കുക.

514. ഖണ്ഡം 2(ഇസഡ് എഫ്)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് ശേഷം " പ്രമാണീകരണ മൂല്യനിർണ്ണയ" എന്ന് ചേർക്കുക.

518. ഖണ്ഡം 2(ഇസഡ് ജി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.
" (ഇസഡ് എച്ച്) " ബാങ്കിംഗ് ക്ലിയറൻസ്" എന്നാൽ അപേക്ഷകന്റെ നിക്ഷേപത്തിൽ ബാങ്കിംഗ് മൂലധനം ഉൾപ്പെടുന്ന സംഗതികളിൽ ബന്ധപ്പെട്ട ബാങ്കിൽ നിന്നും അപേക്ഷകന്റെ ആ ബാങ്കുമായി ബന്ധപ്പെട്ട എല്ലാ ആസ്തികളും ബാധ്യതകളും രേഖപ്പെടുത്തിയ ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു."

ബിൽ അവതരിപ്പിച്ച വേളയിൽ ഞാൻ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വളരെ വലിയൊരു ആശങ്ക ഈ ബില്ലിൽ നിലനിൽക്കുന്നുണ്ട്. ഈ നിയമവുമായി ബന്ധപ്പെട്ട ഏറ്റവും സുപ്രധാനമായ പ്രശ്നം, ഇതിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന വകുപ്പുകൾ, ചട്ടങ്ങൾ എന്നിവയെല്ലാം അപ്രസക്തമാകാൻ പോകുന്നു എന്നുള്ളതാണ്.

അതുണ്ടാക്കാൻ പോകുന്ന പ്രതിസന്ധി നമ്മുടെ നാട്ടിൽ ചെറുതായിരിക്കില്ല. ബിൽ അവതരിപ്പിച്ച വേളയിൽത്തന്നെ ഞാനത് പറയുകയുണ്ടായി. അങ്ങനെ ചെയ്യുന്നതോടുകൂടി, ബില്ലിലെ 7(3) ഖണ്ഡത്തിൽ പറയുന്നത്, ' ഈ ആക്ടിന്റെ പ്രാബല്യത്തീയതി മുതൽ ബന്ധപ്പെട്ട നിയമപ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനം, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളിൻ കീഴിലുള്ള ക്ലിയറൻസുകളുമായി ബന്ധപ്പെട്ട് അംഗീകാര കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിക്കാൻ പാടുള്ളതല്ല' എന്നാണ്. മറ്റ് ആക്ടുകളിലുണ്ടായിരുന്ന അധികാരങ്ങൾ ബന്ധപ്പെട്ടവർക്ക് ഇനി വിനിയോഗിക്കാനേ സാധിക്കുകയില്ലെന്ന് ഇതിൽ പറയുമ്പോൾ എങ്ങനെയാണ് ഇത് മറ്റ് ആക്ടുകൾക്കെല്ലാം ഗ്രണകരമായി നിൽക്കുന്നതെന്ന് പറയണം. നമ്മൾ എത്രയെല്ലാം പാടിപുകഴ്ത്താൻ ശ്രമിച്ചാലും ഇതിൽ അടങ്ങിയിരിക്കുന്നത് ഏറ്റവും വലിയ അപകടമാണെന്നുള്ളത് വകുപ്പുതന്നെ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് കേരളനിയമസഭ ഗൗരവത്തോടുകൂടി പാസ്സാക്കിയ ബന്ധപ്പെട്ട മറ്റ് നിയമങ്ങളെ മാനിക്കുന്നുണ്ടെങ്കിൽ അതിനെ തകർക്കാതിരിക്കാനുള്ള നടപടികൾ

സ്വീകരിക്കണമെന്നാണ് വിനയപൂർവം അപേക്ഷിക്കാനുള്ളത്. അല്ലെങ്കിൽ കാലം നമ്മളോട് ആരോടും അതിന് മാപ്പ് തരില്ല. എല്ലാ പാർട്ടികളും, ഇതിനകത്ത് ഇരിക്കുന്ന മിക്കവാറും എല്ലാവരും, അത് കോൺഗ്രസ് ആകട്ടെ ഇടതുപക്ഷമാകട്ടെ.....

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ):.....(മൈക്ക് ഓഫ്).....സർ, ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഭേദഗതിയെക്കുറിച്ചാണ് പറയേണ്ടത്.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒറ്റ വാചകത്തിൽ ഞാനത് പറഞ്ഞ് തീർക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു. തർക്കിച്ച് ദീർഘിപ്പിച്ചുകൊണ്ട് പോകേണ്ടതില്ല.

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യങ്ങളെല്ലാം ചേർത്തുകൊണ്ട് ഞാൻ ഭേദഗതികൾ മൂവ് ചെയ്യുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

233A.ഖണ്ഡം 2(ബി)-ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (ബി) ഒരു നിക്ഷേപ പദ്ധതി സ്ഥാപിക്കുന്നതിനോ, പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ വേണ്ടി ഈ ആക്ട് പ്രകാരം ക്ലിയറൻസ് ലഭിക്കുന്നതിന് 14-ാം വകുപ്പ് പ്രകാരം പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ നൽകിയ ആൾ എന്നർത്ഥമാകുന്നു."

267B. ഖണ്ഡം 2(ഇ)-ൽ "രൂപീകരിച്ചിട്ടുള്ള" എന്നതിന് പകരം "സർക്കാർ കേരളം എന്ന പേരിൽ രൂപീകരിച്ച സ്റ്റാറ്റ്യൂട്ടറി" എന്ന് ചേർക്കുക.

289A. ഖണ്ഡം 2(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:
" (എഫ്) " മൂലധനനിക്ഷേപം" എന്നാൽ ഒരു അപേക്ഷകൻ ഒരു പദ്ധതിയുടെ ഭൂമി, കെട്ടിടങ്ങൾ, പ്ലാന്റും യന്ത്ര സാമഗ്രികളും ഉപകരണങ്ങൾ മറ്റ് സ്ഥിര ആസ്തികൾ എന്നിവയിൽ നടത്തിയതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ പ്രവർത്തന മൂലധനം ഒഴികെയുള്ള നിക്ഷേപം എന്നർത്ഥമാകുന്നു.
<u>വിശദീകരണം</u>:- ഒരു പദ്ധതി ഘട്ടംഘട്ടമായോ, ഒരേ അപേക്ഷകന്റെയോ ഗ്രൂപ്പിന്റെയോ ഒന്നിലധികം സ്ഥാപനങ്ങൾ വഴി ഒരേ സ്ഥലത്തോ നടപ്പാക്കുന്നപക്ഷം അത്തരം എല്ലാ ഘട്ടങ്ങളിലേയും എല്ലാ സ്ഥാപനങ്ങളിലേയും നിക്ഷേപം കൂട്ടിച്ചേർത്ത് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ മൂല്യം കണക്കാക്കേണ്ടതാണ്."

317A. ഖണ്ഡം 2(കെ)-ൽ " ബന്ധപ്പെട്ട നിയമങ്ങൾ" എന്നതിന് മുമ്പ് " പട്ടികയിൽ പറഞ്ഞിട്ടുള്ള" എന്ന് ചേർക്കുക.

406A. ഖണ്ഡം 2(പി) താഴെപ്പറയും പ്രകാരം മാറ്റുക:

" (പി) ജില്ലാതല അംഗീകാര കമ്മിറ്റി എന്നാൽ 8-ാം വകുപ്പ് പ്രകാരം അതതു ജില്ലയിൽ രൂപീകരിക്കപ്പെട്ട ജില്ലാതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു."

414A. ഖണ്ഡം 2(കൃ) താഴെപ്പറയും പ്രകാരം മാറ്റുക:
"(കൃ)"ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നാൽ 8-ാം വകുപ്പ് പ്രകാരം അതതു ജില്ലയിൽ രൂപീകരിക്കപ്പെട്ട ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി എന്നർത്ഥമാകുന്നു;"

457. ഖണ്ഡം 2(യു)-ൽ " പദ്ധതികൾ" എന്നതിന് ശേഷം വരുന്ന " അതിൽ" എന്നതിന് പകരം " ഇതിൽ" എന്ന് ചേർക്കുക.

ഞാൻ എല്ലാ ഭേദഗതികളെയുംകുറിച്ച് വിശദമായി സംസാരിക്കുന്നില്ല.

ബില്ലിലെ ഖണ്ഡം 2(ബി)-യിൽ "അപേക്ഷകൻ" എന്നാൽ 14-ാം വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിക്കുന്ന ആൾ എന്നർഥമാകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 14-ാം വകുപ്പിലെ 'അപേക്ഷാ നടപടിക്രമങ്ങളും സമയപരിധിയും' എന്നതിൽ ഈ ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ അപേക്ഷകളും പോർട്ടൽ വഴി ഓൺലൈനായോ സരൾ സെക്രട്ടേറിയറ്റ് വഴി നേരിട്ടോ സമർപ്പിക്കേണ്ടതാണ് എന്നാണ് പറയുന്നത്. ഇത് ആരാണ് സമർപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

<u>മി. സ്പീക്കർ:</u> അത് റൂൾസിൽ വന്നാൽ മതിയാകില്ലേ?

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, അതുകൊണ്ടുതന്നെ 2(ബി) -യിൽ ഒരു നിക്ഷേപ പദ്ധതി സ്ഥാപിക്കുന്നതിനോ, പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ വേണ്ടി ഈ ആക്ട് പ്രകാരം ക്ലിയറൻസ് ലഭിക്കുന്നതിന് 14-ാം വകുപ്പ് പ്രകാരം പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ നൽകിയ ആൾ എന്നർത്ഥമാകുന്ന എന്ന് ചേർക്കണമെന്നാണ് 233A ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്.

289A ഭേദഗതി ഖണ്ഡം 2(എഫ്)-നെ സംബന്ധിച്ചുള്ളതാണ്. " മൂലധനനിക്ഷേപം" എന്നതിനെ സംബന്ധിച്ച എക്സ്പ്ലനേഷന്റെ ബാക്കി ഭാഗങ്ങൾ 'വിശദീകരണം' എന്ന ഹെഡ്ഡിന്റെ കീഴിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്.

406A ഭേദഗതി ഖണ്ഡം 2(പി) -യെ സംബന്ധിച്ചുള്ളതാണ്. ജില്ലാതല അംഗീകാര കമ്മിറ്റി എന്നാൽ 8-ാം വകുപ്പ് പ്രകാരം അതത് ജില്ലയിൽ രൂപീകരിക്കപ്പെട്ട ജില്ലാതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്ന എന്നതാണ് അതിലെ ഭേദഗതി നിർദ്ദേശം.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(ബി)-ൽ " അപേക്ഷ സമർപ്പിക്കുന്ന" എന്നതിന് പകരം " അപേക്ഷിക്കുന്ന" എന്ന് ചേർക്കുക.:

250. ഖണ്ഡം 2(സി)-ൽ " ഓരോരോ ക്ലിയറൻസുകൾക്കുമായി" എന്നതിന് പകരം " ഓരോ ക്ലിയറൻസുകൾക്കായി" എന്ന് ചേർക്കുക.

256. ഖണ്ഡം 2(സി)-ൽ " പോർട്ടൽ" എന്നതിന് മുമ്പ് " ഡിജിറ്റൽ" എന്ന് ചേർക്കുക.

292. ഖണ്ഡം 2(ജി)-ൽ " നൽകുന്നതുമായ" എന്നതിന് പകരം " നൽകുന്ന" എന്ന് ചേർക്കുക.

297 ഖണ്ഡം 2(എച്ച്)-ൽ " ആധുനികവത്കരിക്കുന്നതിനോ" എന്നതിന് മുമ്പ് " അല്ലെങ്കിൽ" എന്ന് ചേർക്കുക.

317. ഖണ്ഡം 2(കെ)-ൽ " ആധുനികവത്കരിക്കുന്നതിനോ" എന്നതിന് മുമ്പ് " അല്ലെങ്കിൽ" എന്ന് ചേർക്കുക.

354. ഖണ്ഡം 2(എം)-ൽ " പൊതു പുതുക്കൽ കാലയളവിനുള്ളിൽ" എന്ന് വരുന്നിടത്തെല്ലാം അതിന് പകരം " നിശ്ചിത കാലാവധിക്ക് 30 ദിവസം മുമ്പ്" എന്ന് ചേർക്കുക.

416. ഖണ്ഡം 2(ആർ)-ൽ " നിയമപ്രകാരം" എന്നതിന് പകരം " നിയമങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

470. ഖണ്ഡം 2(വൈ)-ൽ " ആക്ടുകളോ" എന്നതിന് പകരം " നിയമങ്ങളോ" എന്ന് ചേർക്കുക.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

239. ഖണ്ഡം 2(ബി)-ൽ " ആൾ" എന്നതിന് പകരം " വ്യക്തി" എന്ന് ചേർക്കുക.
252. ഖണ്ഡം 2(സി)-ൽ " ഓരോ ക്ഷമതയുള്ള അധികാരസ്ഥാനത്തിനും" എന്നതിന് പകരം " ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾക്ക്" എന്ന് ചേർക്കുക.
263. ഖണ്ഡം 2(സി)-ൽ "ഒറ്റ" എന്നത് ഒഴിവാക്കുക.

271. ഖണ്ഡം 2(എഫ്)-ൽ "പ്ലാന്റും യന്ത്രസാമഗ്രികളും" എന്നതിന് പകരം "പ്ലാന്റുകൾ, യന്ത്രസാമഗ്രികൾ" എന്ന് ചേർക്കുക.

275. ഖണ്ഡം 2(എഫ്)-ൽ "മറ്റ് സ്ഥിര ആസ്തികൾ" എന്നതിന് മുമ്പ് "ക്ലൗഡ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സൗകര്യങ്ങൾ" എന്ന് ചേർക്കുക.

333. ഖണ്ഡം 2(എൽ)-ൽ " ഒരു" എന്ന് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

388. ഖണ്ഡം 2(ഒ)-ൽ "വികസനത്തിന്" എന്നതിന് പകരം "വികസനത്തിൽ" എന്ന് ചേർക്കുക.

425. ഖണ്ഡം 2(എസ്)-ൽ " കേരള" എന്നതിന് പകരം " കേരളം" എന്ന് ചേർക്കുക.

437. ഖണ്ഡം 2(റ്റി)-ൽ " സഹിതം ഒരുമിച്ച്" എന്നത് ഒഴിവാക്കുക.

486. ഖണ്ഡം 2(ഇസഡ് ബി)-ൽ " ലിമിറ്റഡ്" എന്നത് ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242A. ഖണ്ഡം 2(സി)-ൽ " ഒരു നിക്ഷേപ പദ്ധതിക്ക്" എന്നതിന് പകരം " കേരളം സംസ്ഥാനത്തിനുള്ളിൽ ഒരു നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന്" എന്ന് ചേർക്കുക.

256A. ഖണ്ഡം 2(സി)-ൽ " വഴി" എന്നതിന് പകരം " മുഖേന" എന്ന് ചേർക്കുക.

267A. ഖണ്ഡം 2(സി)-ക്ക് പകരം ഖണ്ഡം 2(യു) ചേർക്കുകയും ശേഷിക്കുന്നതിൽ (സി) മുതൽ (റ്റി) വരെയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

296A. ഖണ്ഡം 2-ൽ നിലവിലുള്ള (എച്ച്) ഉപവകുപ്പിനെ (ജി) ആയും നിലവിലുള്ള (ജി) ഉപവകുപ്പിനെ (എച്ച്) ആയും പുനരക്ഷരം ചെയ്യുകയും സ്ഥാനം പുനഃക്രമീകരിക്കുകയും ചെയ്യുക.

297A. ഖണ്ഡം 2(എച്ച്)-ൽ " നിയമപ്രകാരം ആവശ്യമുള്ള" എന്നതിന് പകരം " നിയമങ്ങൾ പ്രകാരം കേരളം സർക്കാരിനു കീഴിലെ വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട" എന്ന് ചേർക്കുക.

330A. ഖണ്ഡം 2(കെ)-ൽ " അധികാരസ്ഥാനം" എന്നതിന് പകരം " അധികാര സ്ഥാനം" എന്ന് ചേർക്കുക.

334A. ഖണ്ഡം 2(എൽ)-ൽ " ഒരു ന്യൂനത" എന്നതിന് പകരം " ഏതെങ്കിലും ന്യൂനതകൾ" എന്ന് ചേർക്കുക.

336A. ഖണ്ഡം 2(എൽ)-ൽ " ന്യൂനത പരിഹരിച്ച്" എന്നതിന് പകരം " ന്യൂനതകൾ പരിഹരിച്ച് അധികാര സ്ഥാനത്തിനു മുന്നിൽ സമർപ്പിച്ച്" എന്ന് ചേർക്കുക.

392C. ഖണ്ഡം 2(ഒ)-ൽ " വിഭാഗങ്ങളിലോ" എന്നതിന് ശേഷം " ഉൽപ്പന്നങ്ങളുടെ ഉദ്പാദനത്തിലോ" എന്ന് ചേർക്കുക.

445A. ഖണ്ഡം 2(യു)-ൽ " ഒഴിവാക്കുന്ന" എന്നതിന് പകരം " ഒഴിവാക്കുന്നതായി പ്രഖ്യാപിക്കുന്ന" എന്ന് ചേർക്കുക.

458A. ഖണ്ഡം 2(വി)-ൽ " എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

463A. ഖണ്ഡം 2(ഡബ്ലു)-ൽ " നൽകുന്നതിനും" എന്നതിന് ശേഷം " പൊതു അറിയിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനും 13(3), 13(5) ഖണ്ഡങ്ങൾ പ്രകാരമുള്ള നോട്ടീസുകൾ നൽകുന്നതിനും" എന്ന് ചേർക്കുക.

466A. ഖണ്ഡം 2(വൈ)-ൽ " അപേക്ഷയുമായി ബന്ധപ്പെട്ടതും" എന്നതിന് പകരം " അപേക്ഷയിലെയും നിക്ഷേപ പദ്ധതിയുമായി ബന്ധപ്പെട്ടതും ഈ ആക്ടിലെ" എന്ന് ചേർക്കുക.

474A. ഖണ്ഡം 2(ഇസഡ് എ)-ൽ " ഉള്ളതായി" എന്നതിന് പകരം " ഉള്ള വിഭാഗങ്ങളായി" എന്ന് ചേർക്കുക.

488A. ഖണ്ഡം 2(ഇസഡ് സി)-ൽ " ആക്ടിന്" എന്നതിന് പകരം " ആക്ടിൽ" എന്ന് ചേർക്കുക.

ശ്രീ. ടി. ഒ. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

243. ഖണ്ഡം 2(സി)-ൽ " ഒരു" എന്നതിന് ശേഷം " മൂലധന" എന്ന് ചേർക്കുക.

317C. ഖണ്ഡം 2(കെ)-ൽ " വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും" എന്നതിന് പകരം " ക്ലിയറൻസുകൾ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 2(സി)-ൽ " പദ്ധതിക്ക്" എന്നതിന് പകരം " പദ്ധതി സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ" എന്ന് ചേർക്കുക.

255. ഖണ്ഡം 2(സി)-ൽ " നൽകുന്നതിന്" എന്നതിന് പകരം " സമർപ്പിക്കുന്നതിന്" എന്ന് ചേർക്കുക.

257. ഖണ്ഡം 2(സി)-ൽ " വഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

290. ഖണ്ഡം 2(ജി)-ൽ " ആവശ്യമുള്ളതും" എന്നതിന് മുമ്പ് " ഒരു നിക്ഷേപ പദ്ധതിക്ക്" എന്ന് ചേർക്കുക.

298. ഖണ്ഡം 2(എച്ച്)-ൽ " അപ്രകാരം" എന്നതിന് പകരം " അപ്രകാരമുള്ള" എന്ന് ചേർക്കുക.

308. ഖണ്ഡം 2(ജെ)-ൽ "പ്രകാരം" എന്നതിന് മുമ്പ് "3-ാം ഉപവകുപ്പ്" എന്ന് ചേർക്കുക.

335. ഖണ്ഡം 2(എൽ)-ൽ " ആ ന്യൂനത പരിഹരിച്ച തീയതിയിലെ" എന്നതിന് പകരം " പ്രസ്തുത ന്യൂനത പരിഹരിച്ച് സമർപ്പിക്കുന്ന" എന്ന് ചേർക്കുക.

355. ഖണ്ഡം 2(എം)-ൽ " പോർട്ടൽ വഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

421. ഖണ്ഡം 2(ആർ)-ൽ " നൽകിയിട്ടുള്ളതും" എന്നതിന് പകരം " ലഭിച്ചിട്ടുള്ളതും ഈ" എന്ന് ചേർക്കുക.

465. ഖണ്ഡം 2(ഡബ്ല്യൂ)താഴെപ്പറയും പ്രകാരം മാറ്റുക:
" (ഡബ്ല്യൂ) " പോർട്ടൽ" എന്നാൽ ഈ ആക്ട് പ്രകാരമുള്ള അപേക്ഷകൾ, അപ്പീലുകൾ എന്നിവ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും തീർപ്പാക്കുന്നതിനും ഉത്തരവുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനും പുതുക്കൽ കലണ്ടർ പരിപാലിക്കുന്നതിനും പുതുക്കൽ കാലയളവ് അപേക്ഷകനെ ഓർമ്മപ്പെടുത്തുന്നതിനും ഫീസ് ഒടുക്കുന്നതിനുമായി സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന പൊതു ഓൺലൈൻ പോർട്ടൽ എന്നർത്ഥമാകുന്നു."

516. ഖണ്ഡം 2(ഇസഡ് ജി)-ൽ " സാങ്കേതിക സൂക്ഷ്മപരിശോധനാ" എന്നതിന് പകരം " ഏകോപിത" എന്ന് ചേർക്കുക.

ശ്രീ. സി. വി. ശാന്തകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248A. ഖണ്ഡം 2(സി)-ൽ " ഓരോരോ" എന്നത് ഒഴിവാക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 2(സി)-ൽ "ഒറ്റ" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289B. ഖണ്ഡം 2(ജി)-ൽ " ചട്ടങ്ങൾ പ്രകാരമോ" എന്നതിന് ശേഷം " മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമോ" എന്ന് ചേർക്കുക.

ശ്രീ. എം. എം. നസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330B.-ഖണ്ഡം 2(എൽ)-ൽ " അടങ്ങിയ" എന്നതിന് പകരം " അടങ്ങിയതും അപ്രകാരമുള്ള ഫാറത്തിലുള്ളതുമായ" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 2(എൽ)-ൽ " ന്യൂനത പരിഹരിച്ച്" എന്നതിന് പകരം " അപ്രകാരം തിരുത്തിയ വിവരങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് അക്നോളജ്മെന്റ് ജനറേറ്റ് ചെയ്യപ്പെടുന്ന" എന്ന് ചേർക്കുക.

392. ഖണ്ഡം 2(ഒ)-ൽ " മേഖലകളിലോ വിഭാഗങ്ങളിലോ" എന്നതിന് പകരം " ഐ.ടി, ഫാർമസ്യൂട്ടിക്കൽസ്, ഭക്ഷ്യ സംസ്കരണം, ഹരിത ഊർജ്ജം, ടൂറിസം എന്നീ മുൻഗണനാ മേഖലകളിലോ വിജ്ഞാപനം ചെയ്യപ്പെടുന്ന മറ്റ് മേഖലകളിലോ" എന്ന് ചേർക്കുക.

464. ഖണ്ഡം 2(ഡബ്ല്യൂ)-ൽ " പൊതു ഓൺലൈൻ പോർട്ടൽ" എന്നതിന് മുമ്പ് " 24x7 പ്രവർത്തനക്ഷമതയും ക്ലൗഡ് അധിഷ്ഠിത റിക്കവറി സൗകര്യവുമുള്ളതുമായ" എന്ന് ചേർക്കുക.

474. ഖണ്ഡം 2(ഇസഡ് എ)-ൽ " കുറഞ്ഞതോ, ഇടത്തരമോ, ഉയർന്നതോ ആയ" എന്നതിന് പകരം " ഗ്രീൻ, ഓറഞ്ച്, റെഡ്, വൈറ്റ് എന്നിങ്ങനെയുള്ള ശാസ്ത്രീയ പാരിസ്ഥിതിക വർഗ്ഗീകരണത്തിന് അനുസൃതമായി" എന്ന് ചേർക്കുക.

519. ഖണ്ഡം 2(ഇസഡ് ജി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.
" (ഇസഡ് എച്ച്) " ഡീംഡ് ക്ലിയറൻസ്" എന്നാൽ എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ തടസ്സവാദങ്ങളോ ഡിഫക്ട് മെമ്മോയോ നൽകാതിരുന്നാൽ നിയമപരമായി നൽകപ്പെട്ടതായി കരുതപ്പെടുന്ന അനുമതി"

ശ്രീ. എം. ആർ. ബൈജു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

392A ഖണ്ഡം 2(ഒ)-ൽ " വിഭാഗങ്ങളിലോ" എന്നതിന് ശേഷം " പദ്ധതികളിലോ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

393. ഖണ്ഡം 2(പി)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് പകരം " രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

505. ഖണ്ഡം 2(ഇസഡ് എഫ്)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. രാജൻ ജെ. പല്ലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437B. ഖണ്ഡം 2(യു)-ൽ " വ്യാപാരം," എന്നതിന് ശേഷം " വ്യവസായം," എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 2(വി)-ൽ " ഔദ്യോഗിക" എന്നതിന് പകരം " സർക്കാർ" എന്ന് ചേർക്കുക.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

463B. ഖണ്ഡം 2(ഡബ്ല്യു)-ൽ " ഫീസ്" എന്നതിന് മുമ്പ് " സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

466. ഖണ്ഡം 2(എക്സ്)-ൽ " ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ" എന്നതിന് പകരം " ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ മൂലം" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

472. ഖണ്ഡം 2(വൈ)-ൽ " ആക്ടുകളോ ചട്ടങ്ങളോ" എന്നതിന് ശേഷം " റഗുലേഷനുകളോ, ഉത്തരവുകളോ" എന്ന് ചേർക്കുക.

473. ഖണ്ഡം 2(ഇസഡ് എ)-ൽ " ക്ലിയറൻസിനെ" എന്നതിന് പകരം " നിക്ഷേപ പദ്ധതിയെ" എന്ന് ചേർക്കുക.

488. ഖണ്ഡം 2(ഇസഡ് ബി)-ൽ " ജില്ലാ വ്യവസായ കേന്ദ്രം എന്നും" എന്നതിന് ശേഷം " അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന മറ്റേതെങ്കിലും ഏജൻസി എന്നും" എന്ന് ചേർക്കുക.

ശ്രീ. പി. എം. എ. സമീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

472A. ഖണ്ഡം 2(ഇസഡ്)-ൽ " പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നതിന് പകരം " അപ്രൈസൽ കമ്മിറ്റി" എന്ന് ചേർക്കുക.

501A. ഖണ്ഡം 2(ഇസഡ് എഫ്)-ൽ "പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നതിന് പകരം "അപ്രൈസൽ കമ്മിറ്റി" എന്ന് ചേർക്കുക.

ശ്രീ. സിറിയക് തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

483. ഖണ്ഡം 2(ഇസഡ് ബി)-ൽ " സെക്രട്ടേറിയറ്റ്" എന്നതിന് പകരം " അതോറിറ്റി" എന്ന് ചേർക്കുക.

515. ഖണ്ഡം 2(ഇസഡ് ജി)-ൽ " സെക്രട്ടേറിയറ്റ്" എന്നതിന് പകരം " അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. പി. കെ. നവാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 2(ഇസഡ് ഇ)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് പകരം " രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 2(ഇസഡ് ജി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.
" (ഇസഡ് എച്ച്) " അപ്പലേറ്റ് അതോറിറ്റി" എന്നാൽ 19-ാം വകുപ്പ് പ്രകാരം അപ്പീൽ പരിഗണിക്കുന്ന സംസ്ഥാനതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു."

പ്രതിക്കൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. വർഗീസ് മാമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

969. ഖണ്ഡം 10(1)(സി)-ൽ "(റോഡുകൾ)" എന്നതിന് പകരം "(കെട്ടിടങ്ങൾ)" എന്ന് ചേർക്കുക.

976. ഖണ്ഡം 10(1)(എഫ്)-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:
"(ജി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജില്ലാ പരിസ്ഥിതി എഞ്ചിനീയർ;"

985. ഖണ്ഡം 10(3)-ൽ "മൂന്നിലൊന്നിൽ കുറയുവാൻ പാടുള്ളതല്ല." എന്നതിന് പകരം "മൂന്നിലൊന്ന് ആയിരിക്കുന്നതാണ്." എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 10(1)(എഫ്)-നുശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:
"(ജി) ജില്ലാ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്
(എച്ച്) ജില്ലാ ലേബർ ഓഫീസർ
(ഐ) ജില്ലാ മെഡിക്കൽ ഓഫീസർ
(ജെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കെ) ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ"

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

978. ഖണ്ഡം 10(1)(ജി) താഴെപ്പറയുന്നത് പ്രകാരം മാറ്റുക:
"(ജി) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ."

983. ഖണ്ഡം 10(2)-ൽ "ലഭിക്കുന്ന മുറയ്ക്ക്" എന്നതിന് പകരം "ലഭിച്ച് നാല് ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

979. ഖണ്ഡം 10(1)(ജി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"(എച്ച്) നിർദ്ദിഷ്ട പദ്ധതി പ്രദേശം ഉൾപ്പെടുന്ന ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ നഗരസഭാ ചെയർപേഴ്സൺ/മേയർ."

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

980. ഖണ്ഡം 10(1)(ജി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"(എച്ച്) പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ."

ശ്രീ. സിറിയക് തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

981. ഖണ്ഡം 10(1)(ജി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"(എച്ച്) അപേക്ഷ ലഭിച്ച പദ്ധതി സ്ഥാപിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി (ക്വാറത്തെ ബാധിക്കാത്ത ക്ഷണിതാവ്)."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

982. ഖണ്ഡം 10(2)-ൽ "അപേക്ഷ" എന്നതിന് പകരം "ഏകോപിത റിപ്പോർട്ട്" എന്ന് ചേർക്കുക.

984. ഖണ്ഡം 10(2)-ൽ "അപേക്ഷയിന്മേൽ" എന്നതിന് പകരം "ഏകോപിത റിപ്പോർട്ടിന്മേൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

983A. ഖണ്ഡം 10(2)-ൽ "അതിന്റെ ചെയർപേഴ്സൺ നിശ്ചയിക്കുന്ന" എന്നതിന് പകരം "നിർണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

989. ഖണ്ഡം 10(3)-ൽ "കാര്യനിർവ്വഹണം" എന്നതിന് പകരം "പ്രവർത്തനം" എന്ന് ചേർക്കുക.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 10(3)-ൽ "ചെയർപേഴ്സൺ നിശ്ചയിക്കുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 970 മുതൽ 972 വരെയുള്ള ഭേദഗതികൾ 969-ാം നമ്പർ ഭേദഗതിക്കും 973 മുതൽ 975 വരെയുള്ള ഭേദഗതികൾ 976-ാം നമ്പർ ഭേദഗതിക്കും 986 മുതൽ 988 വരെയുള്ള ഭേദഗതികൾ 985-ാം നമ്പർ ഭേദഗതിക്കും 990 മുതൽ 994 വരെയുള്ള ഭേദഗതികൾ 989-ാം നമ്പർ

ഭേദഗതിക്കും 996 മുതൽ 1002 വരെയുള്ള ഭേദഗതികൾ 995-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 982-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 982-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വർഗീസ് മാമ്മൻ അവതരിപ്പിച്ച 969, 976, 985 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 978, 983 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് ഷിയാസ് അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 980-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 981-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 983A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 989-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1805. ഖണ്ഡം 11 (1)-ൽ,-

(i) (ഡി) ഖണ്ഡത്തിലുള്ള "കൂടാതെ" എന്ന വാക്ക് വിട്ടുകളയുക.

(ii) നിലവിലുള്ള (ഇ) ഖണ്ഡം (എഫ്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്)

ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക.

"(ഇ) ഈ ആകറ്റ് പ്രകാരം അനുവദിച്ച ഒരു ക്ലിയറൻസ് 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ, അപ്രകാരം സസ്പെൻഡ് ചെയ്ത ക്ലിയറൻസ് പുനഃസ്ഥാപിക്കുന്നതിനോ; അല്ലെങ്കിൽ";

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

നാലാം ഉപഖണ്ഡത്തിൽ "രേഖാമൂലം" എന്ന വാക്കിന് പകരം "പോർട്ടൽ വഴി" എന്ന് ചേർക്കേണ്ടതാണ്.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1003. ഖണ്ഡം 11(1)-ൽ "ബന്ധപ്പെട്ട നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും," എന്നത് ഒഴിവാക്കുക.

1016. ഖണ്ഡം 11(1)-ൽ "നിയമപ്രകാരമുള്ള" എന്നതിന് പകരം "നിയമങ്ങൾ പ്രകാരമുള്ള" എന്ന് ചേർക്കുക.

1023. ഖണ്ഡം 11(1)(സി)-ൽ "നിബന്ധനകൾക്ക്" എന്നതിന് പകരം "രേഖാമൂലമുള്ള ഉറപ്പുകൾക്കു" എന്ന് ചേർക്കുക.

1047. ഖണ്ഡം 11(3)-ൽ "അധികാരം" എന്നതിന് ശേഷം "ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി" എന്ന് ചേർക്കുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1018A. ഖണ്ഡം 11(1)-ൽ "ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത്" എന്നതിന് ശേഷം "അതത്" എന്ന് ചേർക്കുക.

ശ്രീ. വർഗീസ് മാമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1019. ഖണ്ഡം 11(1)(എ)-ൽ "ക്ലിയറൻസ്" എന്നതിന് ശേഷം "കാരണം രേഖപ്പെടുത്തിക്കൊണ്ട്" എന്ന് ചേർക്കുക.

1042. ഖണ്ഡം 11(3)-ൽ "പട്ടികയിൽ" എന്നതിന് മുമ്പ് "ബന്ധപ്പെട്ട നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും" എന്ന് ചേർക്കുക.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1031. ഖണ്ഡം 11(1)(ഡി)-ന് ശേഷം താഴെപ്പറയും പ്രകാരം ചേർക്കുകയും ബാക്കിയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:
"(ഇ) ഈ ആക്ട് പ്രകാരം അനുവദിച്ച ഏതെങ്കിലും ക്ലിയറൻസ് റദ്ദാക്കുന്നതിനോ;"

1038. ഖണ്ഡം 11(2)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നതിന് പകരം "ചുമതലയുള്ള അധികാരികൾക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. എം. എ. സമീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1035A. ഖണ്ഡം 11(1)-ൽ ഇനം(ഇ)-ആയി താഴെ പറയുന്നത് ചേർക്കുകയും നിലവിലെ ഇനം (ഇ) പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇ) ഈ നിയമത്തിലെ വകുപ്പ് 13-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, ഈ നിയമ പ്രകാരം അനുവദിച്ച ക്ലിയറൻസ് താൽക്കാലികമായി റദ്ദാക്കുകയോ, പൂർണ്ണമായി റദ്ദാക്കുകയോ ചെയ്യുക. അല്ലെങ്കിൽ ഇപ്രകാരം താൽക്കാലികമായി റദ്ദാക്കിയ ക്ലിയറൻസ് പുനഃസ്ഥാപിക്കുക".

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1035B. ഖണ്ഡം 11(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക:

"എന്നാൽ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയിൽ ക്ലിയറൻസ് അനുവദിക്കുന്ന കാര്യത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിബന്ധനകൾ പാലിക്കപ്പെടാത്തപക്ഷം ഈ ക്ലിയറൻസ് റദ്ദായതായി കണക്കാക്കാവുന്നതാണ്".

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1036. ഖണ്ഡം 11(2)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിന് മുമ്പ് "ഈ ആക്ടിലെ 14, 17 എന്നീ വകുപ്പുകൾക്ക് വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1052. ഖണ്ഡം 11(4)-ൽ "രേഖാമൂലം" എന്നതിന് മുമ്പ് "ഉടൻ തന്നെ" എന്ന് ചേർക്കുക.

1054. ഖണ്ഡം 11(4)-ൽ "രേഖപ്പെടുത്തേണ്ടതാണ്" എന്നതിന് മുമ്പ് "അതു സംബന്ധിച്ച അറിയിപ്പിൽ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 1004 മുതൽ 1010 വരെയുള്ള ഭേദഗതികൾ 1003-ാം നമ്പർ ഭേദഗതിക്കും 1011 മുതൽ 1015 വരെയുള്ള ഭേദഗതികളും 1017, 1018 എന്നീ നമ്പർ ഭേദഗതികളും 1016-ാം നമ്പർ ഭേദഗതിക്കും 1020 മുതൽ 1022 വരെയുള്ള ഭേദഗതികൾ 1019-ാം നമ്പർ ഭേദഗതിക്കും 1024 മുതൽ 1030 വരെയുള്ള ഭേദഗതികൾ 1023-ാം നമ്പർ ഭേദഗതിക്കും 1033 മുതൽ 1035 വരെയുള്ള ഭേദഗതികൾ 1032-ാം നമ്പർ ഭേദഗതിക്കും 1037-ാം നമ്പർ ഭേദഗതി 1036-ാം നമ്പർ ഭേദഗതിക്കും 1039 മുതൽ 1041 വരെയുള്ള ഭേദഗതികൾ 1042-ാം നമ്പർ ഭേദഗതിക്കും 1043 മുതൽ 1046 വരെയും 1048

മുതൽ 1050 വരെയുമുള്ള ഭേദഗതികൾ 1047-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ അവതരിപ്പിച്ച 1805-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1805-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതി ശബ്ദവോട്ടോടെയും 1016, 1023, 1047 എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1018A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർഗീസ് മാമ്മൻ അവതരിപ്പിച്ച 1019, 1042 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1031, 1038 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എം. എ. സമീർ അവതരിപ്പിച്ച 1035A-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1035B-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1036-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1052, 1054 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1056. ഖണ്ഡം 12(1)(എ)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾക്ക്" എന്നതിന് പകരം "ചുമതലയുള്ള അധികാരികൾക്ക്" എന്ന് ചേർക്കുക.

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1058. ഖണ്ഡം 12(1)(എ)-ൽ "സ്ഥാനങ്ങൾക്ക്" എന്നതിന് ശേഷം "അപേക്ഷ സ്വീകരിച്ച് ഒരു ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

1072. ഖണ്ഡം 12(1)(സി)-ൽ "ലഭ്യമാക്കുന്നതിനായി" എന്നതിന് ശേഷം "യഥാസമയം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1059. ഖണ്ഡം 12(1)(ബി)-ൽ "ഒറ്റത്തവണയായി രേഖപ്പെടുത്തി നൽകേണ്ട" എന്നതിന് ശേഷം "(ഒന്നിലധികം തവണ ഘട്ടങ്ങളായി അധിക ന്യൂനതകൾ ഉന്നയിക്കാൻ പാടുള്ളതല്ല)" എന്ന് ചേർക്കുക.

1073. ഖണ്ഡം 12(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:
"എന്നാൽ സമയപരിധിക്കുള്ളിൽ റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചീഫ് സെക്രട്ടറിക്ക് നേരിട്ട് പോർട്ടൽ വഴി റിപ്പോർട്ട് ചെയ്യേണ്ടതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1064. ഖണ്ഡം 12(1)(ബി)-ൽ "നൽകേണ്ട" എന്നതിന് പകരം "നൽകുന്ന " എന്ന് ചേർക്കുക.

1071. ഖണ്ഡം 12(1)(സി)-ൽ "രേഖകൾ" എന്നതിന് പകരം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1064A. ഖണ്ഡം 12(1)(ബി)-ൽ "ക്രോഡീകരിച്ച് " എന്നതിന് മുമ്പ് വരുന്ന "മെമ്മോ" എന്നതിന് പകരം "മെമ്മോകൾ" എന്ന് ചേർക്കുക.

1065A. ഖണ്ഡം 12(1)(ബി)-ൽ "അപേക്ഷകനെ" എന്നതിന് മുമ്പ് "പോർട്ടൽ മുഖാന്തിരം" എന്ന് ചേർക്കുക

ശ്രീ. സിറിയക് തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1065. ഖണ്ഡം 12(1)(ബി)-ൽ "മെമ്മോ ആയി" എന്നതിന് ശേഷം "കമ്മിറ്റി കൂടി 7 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1066. ഖണ്ഡം 12(1)(ബി)-ൽ "അപേക്ഷകനെ" എന്നതിന് ശേഷം "പോർട്ടൽ വഴി" എന്ന് ചേർക്കുക.

ശ്രീ. ടി. പി. അഷ്റഫലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1067. ഖണ്ഡം 12(1)(സി)-ൽ "ന്യൂനതകൾ" എന്നതിന് പകരം "അപാകതകൾ" എന്ന് ചേർക്കുക.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1074. ഖണ്ഡം 12(1)(ഇ)-ൽ "ആയതുമായി" എന്നത് ഒഴിവാക്കുക.

1087. ഖണ്ഡം 12(2)(എ)-ൽ "വ്യത്യസ്ത" എന്നത് ഒഴിവാക്കുക.

1094. ഖണ്ഡം 12(2)(ബി)-ൽ "തങ്ങളുടെ" എന്നത് ഒഴിവാക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1102. ഖണ്ഡം 12(2)(ബി)-ൽ "സമർപ്പിക്കേണ്ടതുമാകുന്നു" എന്നതിന് പകരം "സമർപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1055-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 1061 മുതൽ 1063 വരെയുള്ള ഭേദഗതികൾ 1060-ാം നമ്പർ ഭേദഗതിക്കും 1068 മുതൽ 1070 വരയുള്ള ഭേദഗതികൾ 1067-ാം നമ്പർ ഭേദഗതിക്കും 1075 മുതൽ 1081 വരെയുള്ള ഭേദഗതികൾ 1074-ാം നമ്പർ ഭേദഗതിക്കും 1082 മുതൽ 1086 വരെയുള്ള ഭേദഗതികളും 1088, 1089 എന്നീ നമ്പർ ഭേദഗതികളും 1087-ാം നമ്പർ ഭേദഗതിക്കും 1090 മുതൽ 1093 വരെയും 1095 മുതൽ 1097 വരെയുമുള്ള ഭേദഗതികൾ 1094-ാം നമ്പർ ഭേദഗതിക്കും 1099 മുതൽ 1101 വരെയുള്ള ഭേദഗതികൾ 1098-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച

1071-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 1071-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1058, 1072 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1059, 1073 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1064-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1064A, 1065A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 1065-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1066-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. അഷ്റഫലി അവതരിപ്പിച്ച 1067-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 1074, 1087, 1094 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1102-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1806. ഖണ്ഡം 13-ൽ,-

(i) നിലവിലുള്ള ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) ബന്ധപ്പെട്ട നിയമപ്രകാരം ഒരു ക്ലിയറൻസിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനോ, അവ ലംഘിക്കപ്പെട്ടാൽ (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം തിരുത്തൽ നടപടി സ്വീകരിക്കുന്നതോ ഒരു ക്ഷമതയുള്ള അധികാരസ്ഥാനത്തിനുള്ള അധികാരത്തെ ഈ ആക്ടിലെ ഒരു വ്യവസ്ഥയും ബാധിക്കുന്നതല്ല:

എന്നാൽ, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടെ ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട അംഗീകാര കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതും, പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നോട്ടീസോ നിരോധന ഉത്തരവോ

പുറപ്പെടുവിക്കുന്നതിന് ഒരു ക്ഷമതയുള്ള അധികാര സ്ഥാനത്തിന് അധികാരം ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.";

(ii) ഉപഖണ്ഡം (3)-ന്റെ (2)-ാം ക്ലിപ്തനിബന്ധനയിൽ "എന്നിരുന്നാലും" എന്ന വാക്കിന് പകരം "എന്ന മാത്രമല്ല," എന്ന വാക്കും ചിഹ്നവും ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1103. ഖണ്ഡം 13(1)-ൽ "നടപ്പാക്കുന്നതിനോ" എന്നതിന് പകരം "സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ" എന്ന് ചേർക്കുക.

1153. ഖണ്ഡം 13(4)-ൽ "നൽകിയ ശേഷം" എന്നതിന് ശേഷം "പത്ത് ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

1163. ഖണ്ഡം 13(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "(2)-ാം" എന്നതിന് പകരം "രണ്ടാം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1103A. ഖണ്ഡം 13(1)-ൽ "നടപ്പാക്കുന്നതിനോ" എന്നതിന് ശേഷം "നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

1120B. ഖണ്ഡം 13(2) ഒഴിവാക്കുക.

1133A. ഖണ്ഡം 13(3)-ന്റെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

1147A. ഖണ്ഡം 13(4)-ൽ "കേൾക്കുന്നതിന്" എന്നതിന് പകരം "കേൾക്കുന്നതിനോ പോർട്ടൽ മുഖേന വിശദീകരണം നൽകുന്നതിനോ" എന്ന് ചേർക്കുക.

1172A. ഖണ്ഡം 13(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പറയുവാൻ" എന്നതിന് പകരം "പറയുവാനോ പോർട്ടൽ മുഖാന്തരം വിശദീകരണം നൽകുന്നതിനോ" എന്ന് ചേർക്കുക.

1188A. ഖണ്ഡം 13(6)-ൽ "ചെയ്തശേഷം" എന്നതിന് പകരം "ചെയ്ത ശേഷം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1104. ഖണ്ഡം 13(1)-ൽ "നടപ്പാക്കുന്നതിനോ" എന്നതിന് ശേഷം "റിപ്പോർട്ട് ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

1119. ഖണ്ഡം 13(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "മാത്രം" എന്നത് ഒഴിവാക്കുക.

1128. ഖണ്ഡം 13(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിന് പകരം "ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

1187. ഖണ്ഡം 13(5)-ൽ "സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട" എന്നതിന് പകരം "സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

1195. ഖണ്ഡം 13(6)-ൽ "സരൾ സെക്രട്ടേറിയറ്റ്" എന്നത് ഒഴിവാക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1112. ഖണ്ഡം 13(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "റദ്ദാക്കുന്നതിനോ" എന്നതിന് ശേഷം "മാറ്റിവക്കുന്നതിനോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1112A. ഖണ്ഡം 13(1)-ലെ ക്ലിപ്തനിബന്ധനയിൽ "അംഗീകാര കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്" എന്നതിന് ശേഷം "അടിയന്തര സാഹചര്യങ്ങളിൽ വകുപ്പുകൾക്ക് നൽകാവുന്ന സ്റ്റോപ്പ് മെമ്മോകൾ 48 മണിക്കൂറിലധികം കമ്മിറ്റിയുടെ അനുമതിയില്ലാതെ നിലനിൽക്കില്ല" എന്ന് ചേർക്കുക.

1120C. ഖണ്ഡം 13(2)-ൽ "കേന്ദ്രീകൃത പരിശോധനാ സംവിധാനം" എന്നതിന് പകരം "വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഒന്നിച്ച് നടത്തുന്ന സംയുക്ത പരിശോധന (Joint Inspection) ആയിരിക്കണം" എന്ന് ചേർക്കുക.

1133B. ഖണ്ഡം 13(3)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ " മൂപ്പത് ദിവസത്തിൽ കവിയാത്ത ഒരു തിരുത്തൽ കാലയളവ്" എന്നതിന് പകരം " ചെറിയ ലംഘനങ്ങൾ പരിഹരിക്കാൻ അപേക്ഷകന് 30 ദിവസം വരെ" എന്ന് ചേർക്കുക.

1162A. ഖണ്ഡം 13(4)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ സസ്പെൻഡ് ചെയ്യുന്നതിന് മുമ്പ് കുറഞ്ഞത് 7 ദിവസത്തെ നോട്ടീസ് നൽകി ഓൺലൈനായോ നേരിട്ടോ വാദം കേൾക്കേണ്ടതാണ്."

1200A. ഖണ്ഡം 13(6)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ ന്യൂനതകൾ പരിഹരിച്ചതായി ബോധ്യപ്പെട്ടാൽ 7 ദിവസത്തിനകം സസ്പെൻഷൻ പിൻവലിച്ച് ഉത്തരവ് ഇറക്കേണ്ടതാണ്."

<u>ശ്രീ. പി. എം. എ. സമീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1120A. ഖണ്ഡം 13(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) പ്രസക്തമായ നിയമപ്രകാരം അനുവദിച്ചിട്ടുള്ള ക്ലിയറൻസിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനോ ഇവ ലംഘിക്കപ്പെട്ടാൽ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനോ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരത്തെ ഈ നിയമത്തിലെ യാതൊരു വ്യവസ്ഥയും ബാധിക്കുന്നതല്ല.

എന്നാൽ ഇന്റഗ്രേറ്റഡ് എന്റർപ്രൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്ലിയറൻസ് താൽകാലികമായി റദ്ദാക്കുന്നതിനോ, പൂർണ്ണമായി റദ്ദാക്കുന്നതിനോ, ഉള്ള അധികാരം ബന്ധപ്പെട്ട അംഗീകാര സമിതിയിൽ മാത്രം നിക്ഷിപ്തമായിരിക്കും. പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനുള്ള നോട്ടീസ്, അല്ലെങ്കിൽ നിരോധന ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതല്ല."

1168. ഖണ്ഡം 13(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉടനടി" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

<u>ശ്രീ. പഴകുളം മധു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1121. ഖണ്ഡം 13(3)-ൽ "ചെയ്യണമെന്ന് കാരണങ്ങൾ സഹിതം" എന്നതിന് പകരം "ചെയ്യണമെന്നും ലംഘനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കി" എന്ന് ചേർക്കുക.

1143. ഖണ്ഡം 13(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ദോഷത്തിനോ ഉടനടി ഇടയാക്കാവുന്നതോ ആണെന്ന്" എന്നതിന് പകരം "ആഘാതത്തിനോ ഇടയാക്കാവുന്നതാണെന്ന്" എന്ന് ചേർക്കുക.

1174. ഖണ്ഡം 13(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ന്യായമായ" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

1178. ഖണ്ഡം 13(5)-ൽ "പ്രകാരം" എന്നതിന് ശേഷം "നൽകിയിട്ടുള്ള" എന്ന് ചേർക്കുക.

ഖണ്ഡം 13(3)-ൽ മൂന്നാമത്തെ പാരഗ്രാഫിൽ പാരിസ്ഥിതിക "ദോഷത്തിനോ ഉടനടി ഇടയാക്കാവുന്നതോ ആണെന്ന് ബോധ്യപ്പെടുന്ന സന്ദർഭത്തിൽ" എന്നത് മാറ്റി "ആഘാതത്തിനോ ഇടയാക്കാവുന്നതാണെന്ന്" എന്നാക്കണം. "ഉടനടി" എന്നത് മാറ്റം

വരുത്തണം. കാരണം പാരിസ്ഥിതിക ആഘാതം ഉണ്ടാകുന്നത് ഈ അപേക്ഷ സമർപ്പിക്കുന്ന സമയത്തോ ഒരു മാസത്തിനുള്ളിലോ അല്ല. പാരിസ്ഥിതിക ആഘാതമുണ്ടാകുമെന്ന് ഉറപ്പായാൽ ആ പദ്ധതി നിരാകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1139. ഖണ്ഡം 13(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പരിക്കിനോ" എന്നതിന് ശേഷമുള്ള "ഗുരുതരമായ" എന്നത് ഒഴിവാക്കുക.

1144. ഖണ്ഡം 13(4)-ൽ "അപേക്ഷകന് പറയാനുള്ളത്" എന്നതിന് പകരം "അപേക്ഷകന്റെ ഭാഗം" എന്ന് ചേർക്കുക.

1154. ഖണ്ഡം 13(4)-ൽ "ശിപാർശയിന്മേൽ" എന്നതിന് ശേഷം "പത്ത് ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

1158. ഖണ്ഡം 13(4)-ൽ "ആ" എന്നതിന് പകരം "നൽകിയിട്ടുള്ള" എന്ന് ചേർക്കുക.

1171. ഖണ്ഡം 13(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപേക്ഷകന് പറയാനുള്ളത് പറയുവാൻ" എന്നതിന് പകരം "അപേക്ഷകന്റെ ഭാഗം കേൾക്കുന്നതിന്" എന്ന് ചേർക്കുക.

1197. ഖണ്ഡം 13(6)-ൽ "രേഖപ്പെടുത്തി, (5)-ാം ഉപവകുപ്പ് പ്രകാരമുള്ള അറിയിപ്പ് നൽകേണ്ടതാണ്" എന്നതിനുപകരം

"രേഖപ്പെടുത്തേണ്ടതും ആ വിവരം പോർട്ടൽ മുഖേന അപേക്ഷകനെയും സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെയും അറിയിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. സി. വി. ശാന്തകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 13(4)-ൽ "ന്യായമായ" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 13(4)-ൽ "രേഖാമൂലം" എന്നതിന് പകരം "പോർട്ടൽ വഴി" എന്ന് ചേർക്കുക.

ശ്രീ. സിറിയക് തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1179. ഖണ്ഡം 13(5)-ൽ "സെക്രട്ടേറിയറ്റ്" എന്നതിന് പകരം "അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1180. ഖണ്ഡം 13(5)-ൽ "വഴി" എന്നതിന് പകരം "വഴിയും നേരിട്ടും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1105 മുതൽ 1111 വരെയുള്ള ഭേദഗതികൾ 1104-ാം നമ്പർ ഭേദഗതിക്കും 1113 മുതൽ 1118 വരെയുള്ള ഭേദഗതികളും 1120-ാം നമ്പർ ഭേദഗതിയും 1119-ാം നമ്പർ ഭേദഗതിക്കും 1122 മുതൽ 1127 വരെയുള്ള ഭേദഗതികളും 1129 മുതൽ 1133 വരെയുള്ള ഭേദഗതികളും 1128-ാം നമ്പർ ഭേദഗതിക്കും 1135 മുതൽ 1138 വരെയുള്ള ഭേദഗതികൾ 1134-ാം നമ്പർ ഭേദഗതിക്കും 138B, 1138C എന്നീ നമ്പർ ഭേദഗതികൾ 1138A-ാം നമ്പർ ഭേദഗതിക്കും 1140 മുതൽ 1142 വരെയുള്ള ഭേദഗതികൾ 1139-ാം നമ്പർ ഭേദഗതിക്കും 1143A, 1143B, 1143C എന്നീ നമ്പർ ഭേദഗതികൾ 1143-ാം നമ്പർ ഭേദഗതിക്കും 1145 മുതൽ 1147 വരെയുള്ള ഭേദഗതികൾ 1144-ാം നമ്പർ ഭേദഗതിക്കും 1149 മുതൽ 1152 വരെയുള്ള ഭേദഗതികൾ 1148-ാം നമ്പർ ഭേദഗതിക്കും 1152B, 1152C എന്നീ നമ്പർ ഭേദഗതികൾ 1152A-ാം നമ്പർ ഭേദഗതിക്കും 1155 മുതൽ 1157 വരെയുള്ള ഭേദഗതികൾ 1154-ാം നമ്പർ ഭേദഗതിക്കും 1159 മുതൽ 1161 വരെയുള്ള ഭേദഗതികൾ 1158-ാം നമ്പർ ഭേദഗതിക്കും 1164 മുതൽ 1167 വരെയുള്ള

ഭേദഗതികൾ 1168-ാം നമ്പർ ഭേദഗതിക്കും 1169, 1170, 1172 എന്നീ നമ്പർ ഭേദഗതികൾ 1171-ാം നമ്പർ ഭേദഗതിക്കും 1173-ാം നമ്പർ ഭേദഗതിയും 1175 മുതൽ 1177 വരെയുള്ള ഭേദഗതികളും 1174-ാം നമ്പർ ഭേദഗതിക്കും 1181 മുതൽ 1186 വരെയുള്ള ഭേദഗതികളും 1188-ാം നമ്പർ ഭേദഗതിയും 1187-ാം നമ്പർ ഭേദഗതിക്കും 1189 മുതൽ 1194 വരെയുള്ള ഭേദഗതിയും 1196-ാം നമ്പർ ഭേദഗതിയും 1195-ാം നമ്പർ ഭേദഗതിക്കും 1198 മുതൽ 1200 വരെയുള്ള ഭേദഗതികൾ 1197-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ അവതരിപ്പിച്ച 1806-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1143-ാം നമ്പർ ഭേദഗതിയും ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1158-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ ഷൗക്കത്ത്

അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1806-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1143-ാം നമ്പർ ഭേദഗതിയും ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1158-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ 1112-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1112-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1112-ാം നമ്പർ ഭേദഗതി ശബ്ദവോട്ടോടെ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1103, 1153, 1163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1103A, 1120B, 1133A, 1147A, 1172A, 1188A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1104, 1119, 1128, 1187, 1195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1112A, 1120C, 1133B, 1162A, 1200A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എം. എ. സമീർ അവതരിപ്പിച്ച 1120A, 1168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1121, 1174, 1178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1139, 1144, 1154, 1171, 1197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. വി. ശാന്തകുമാർ അവതരിപ്പിച്ച 1148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 1179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കാരായി രാജൻ അവതരിപ്പിച്ച 1180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1807. ഖണ്ഡം 14(3)-ൽ "(3)-ാം ഉപവകുപ്പ്" എന്നതിന് പകരം "(2)-ാം ഉപവകുപ്പ്" എന്നും "(3)-ാം ഉപവകുപ്പിൽ" എന്നതിന് പകരം "(2)-ാം ഉപവകുപ്പിൽ" എന്നും ചേർക്കുക.

ശ്രീ. ഷിബു തെക്കുംപുറം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1201. ഖണ്ഡം 14-ൽ "എല്ലാ അപേക്ഷകളും" എന്നതിന് പകരം "അപേക്ഷകളെല്ലാം തന്നെ" എന്ന് ചേർക്കുക.

1280. ഖണ്ഡം 14(2)(iii)-ൽ "ഏകോപിത" എന്നതിന് പകരം "സമാഹൃത" എന്ന് ചേർക്കുക.

1289. ഖണ്ഡം 14(2) (iv)-ൽ "ഏകോപിത" എന്നതിന് പകരം "സമാഹൃത" എന്ന് ചേർക്കുക.

1303. ഖണ്ഡം 14(2)(iv)-ൽ "തീരുമാനമെടുക്കേണ്ടതാണ്" എന്നതിന് പകരം "തീരുമാനമെടുക്കേണ്ടതും ഏതെങ്കിലും കാരണത്താൽ തീരുമാനമെടുക്കാത്തപക്ഷം (2)-ാം ഉപവകുപ്പ് പ്രകാരമുള്ള സമയപരിധി അവസാനിക്കുന്ന മുറയ്ക്ക് അപേക്ഷകന് ക്ലിയറൻസ് ലഭിച്ചതായി കണക്കാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

1312. ഖണ്ഡം 14(2)(v)-ൽ "എടുക്കുന്ന അതേ ദിവസം തന്നെ" എന്നതിന് പകരം "എടുത്ത് 24 മണിക്കൂറിനുള്ളിൽ" എന്ന് ചേർക്കുക.

1319. ഖണ്ഡം 14(2)(v)-ൽ "എടുക്കുന്ന അതേ ദിവസം തന്നെ" എന്നതിന് പകരം "എടുത്ത് ഇരുപത്തിനാല് മണിക്കൂറിനുള്ളിലോ 14(2) ഉപവകുപ്പ് പ്രകാരമുള്ള സമയപരിധി അവസാനിക്കുന്ന മുറയ്ക്കോ" എന്ന് ചേർക്കുക.

1321. ഖണ്ഡം 14(2)(v)-ൽ "ഏകീകൃത" എന്നതിന് മുമ്പ് "പോർട്ടൽ മുഖേന" എന്ന് ചേർക്കുക.

1327. ഖണ്ഡം 14(3)-ൽ "മുതൽ" എന്നതിന് ശേഷമുള്ള "(3)-ാം" എന്നതിനു പകരം "(2)-ാം" ചേർക്കുക.

1332. ഖണ്ഡം 14(3)-ൽ "സമയം" എന്നതിന് ശേഷമുള്ള "(3)-ാം" എന്നതിന് പകരം "(2)-ാം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1203. ഖണ്ഡം 14(1)-ൽ "അപേക്ഷകളും" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന ഫീസ് സഹിതം" എന്ന് ചേർക്കുക.

1209. ഖണ്ഡം 14(2)-ൽ "അപേക്ഷകളിന്മേൽ" എന്നതിന് പകരം " അപേക്ഷ" എന്ന് ചേർക്കുക.

1266. ഖണ്ഡം 14(2)(iii)-ൽ "മൂല്യനിർണ്ണയ" എന്നതിന് മുന്നിലായി "പ്രമാണീകരണ" എന്ന് ചേർക്കുക.

1275. ഖണ്ഡം 14(2)(iii)-ൽ "തങ്ങളുടെ" എന്നതിന് മുന്നിലായി "ഓരോ ക്ലിയറൻസിനെയും സംബന്ധിക്കുന്ന" എന്ന് ചേർക്കുക.

1299. ഖണ്ഡം 14(2)(iv)-ൽ "കമ്മിറ്റി" എന്നതിന് ശേഷം "ആയതിന്മേൽ" എന്ന് ചേർക്കുക.

1324. ഖണ്ഡം 14(3)-ൽ "(3)-ാം" എന്ന് വരുന്നിടത്തെല്ലാം "(2)-ാം" എന്ന് ചേർക്കുക.

1358. ഖണ്ഡം 14(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "തുടരുന്നതാണ്" എന്നതിന് പകരം "തുടരേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1203A. ഖണ്ഡം 14(1)-ൽ "ഓൺലൈനായി" എന്നതിന് ശേഷം "/ ഡിജി ലോക്കർ (DigiLocker) സംവിധാനം ഉപയോഗിച്ച് സർട്ടിഫിക്കറ്റുകൾ സ്വമേധയാ" എന്ന് ചേർക്കുക.

1225A. ഖണ്ഡം 14(2)-ൽ "എഴുപത്തിയഞ്ച്" എന്നതിന് പകരം "നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

1234A. ഖണ്ഡം 14(2)(i)-ൽ "ദിവസത്തിനകം" എന്നതിന് മുമ്പ് "പ്രവൃത്തി" എന്ന് ചേർക്കുക.

1253A. ഖണ്ഡം 14(2)(ii)-ൽ "മുപ്പത്" എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

1257A. ഖണ്ഡം 14(2)(ii)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:
"എന്നാൽ നിശ്ചിത സമയത്തിനകം റിപ്പോർട്ട് നൽകാത്ത വകുപ്പുകൾക്ക് യാതൊരു തടസ്സവാദവുമില്ലെന്ന് അനുമാനിക്കപ്പെടുന്നതാണ്."

1280A. ഖണ്ഡം 14(2)(iii)-ൽ "പതിനഞ്ച്" എന്നതിന് പകരം "ഏഴ്" എന്ന് ചേർക്കുക.

1290A. ഖണ്ഡം 14(2) (iv)-ൽ " ഇരുപത്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

1323B. ഖണ്ഡം 14(2)(v)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതും അതേ നിമിഷം തന്നെ സിസ്റ്റം ജനറേറ്റഡ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

1347A. ഖണ്ഡം 14(4)-ൽ "ഏഴ്" എന്നതിന് പകരം "നാല് പ്രവൃത്തി" എന്ന് ചേർക്കുക.

1356B. ഖണ്ഡം 14(4)-ൽ "ആവശ്യപ്പെടാൻ പാടുള്ളതല്ല" എന്നതിന് ശേഷം "ന്യൂനതകൾ പരിഹരിക്കാൻ അപേക്ഷകന് പരമാവധി മുപ്പത് ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1360A. ഖണ്ഡം 14(5)-ൽ "ഉൾക്കൊള്ളേണ്ടതുമാണ്." എന്നതിന് ശേഷം "കൂടാതെ ഏകീകൃത സർട്ടിഫിക്കറ്റിൽ തത്സമയ പരിശോധനയ്ക്കായി കൃത്രിമത്വം തടയുന്ന ക്യൂ.ആർ. കോഡ് (QR Code) ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1204. ഖണ്ഡം 14(1)-ൽ "സമർപ്പിക്കേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1210. ഖണ്ഡം 14(2)-ൽ "ആകെ" എന്നത് ഒഴിവാക്കുക.

1227. ഖണ്ഡം 14(2)(i)-ൽ "അപേക്ഷ" എന്നതിന് മുമ്പ് "പൂർണ്ണമായ" എന്ന് ചേർക്കുക.

1235. ഖണ്ഡം 14(2)(i)-ൽ "അയച്ചുകൊടുക്കേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

1249. ഖണ്ഡം 14(2)(ii)-ൽ "മുപ്പത്" എന്നതിന് മുമ്പ് "അപേക്ഷ ലഭിച്ച്" എന്ന് ചേർക്കുക.

1258. ഖണ്ഡം 14(2)(iii)-ൽ "ലഭ്യമാകുമ്പോൾ" എന്നതിന് പകരം "ലഭിക്കുമ്പോൾ" എന്ന് ചേർക്കുക.

1267. ഖണ്ഡം 14(2)(iii)-ൽ "കമ്മിറ്റി" എന്നതിന് ശേഷം "അതിന്മേലുള്ള" എന്ന് ചേർക്കുക.

1291. ഖണ്ഡം 14(2)(iv)-ൽ "കമ്മിറ്റി" എന്നതിന് ശേഷം "അതിന്മേലുള്ള" എന്ന് ചേർക്കുക.

1311. ഖണ്ഡം 14(2)(v)-ൽ "അപേക്ഷയിൽ" എന്നതിന് മുമ്പ് "ഇനം (iv) പ്രകാരം" എന്ന് ചേർക്കുക.

1336. ഖണ്ഡം 14(4)-ൽ "ഡിഫക്ട് മെമ്മോ" എന്നതിന് പകരം "ന്യൂനതാ പത്രിക" എന്ന് ചേർക്കുക.

1349. ഖണ്ഡം 14(4)-ൽ "ഘട്ടംഘട്ടമായി രേഖകൾ ആവശ്യപ്പെടാൻ പാടുള്ളതല്ല." എന്നത് ഒഴിവാക്കുക.

1366. ഖണ്ഡം 14(5)-ൽ "എല്ലാ വിവരങ്ങളും ഉൾക്കൊള്ളേണ്ടതുമാണ്" എന്നതിന് പകരം "പ്രകാരമായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1218. ഖണ്ഡം 14(2)-ൽ "എഴുപത്തിയഞ്ച്" എന്നതിന് പകരം "അൻപത്" എന്ന ചേർക്കുക.

1244. ഖണ്ഡം 14(2)(ii)-ൽ "സാങ്കേതിക പരിശോധന നടത്തി സാങ്കേതിക സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് മുപ്പത് ദിസത്തിനകം" എന്നതിന് പകരം "സാങ്കേതിക പരിശോധന നടത്തി സാങ്കേതിക സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1220. ഖണ്ഡം 14(2)-ൽ "എഴുപത്തിയഞ്ച്" എന്നതിന് പകരം "അറുപത്" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1233A. ഖണ്ഡം 14(2)-ൽ "തീർപ്പാക്കേണ്ടതാണ്" എന്നതിന് ശേഷം "അല്ലാത്ത പക്ഷം അംഗീകരിച്ചതായി കണക്കാക്കുന്നതാണ്" എന്ന് ചേർക്കുക.

1233B. ഖണ്ഡം 14(2)-ൽ "തീർപ്പാക്കേണ്ടതാണ്" എന്നതിന് ശേഷം "അല്ലാത്ത പക്ഷം തീർപ്പാക്കിയതായി കണക്കാക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1233. ഖണ്ഡം 14(2)(i)-ൽ "അപേക്ഷ" എന്നതിന് മുമ്പ് "പൂർണ്ണമായ" എന്ന് ചേർക്കുക.

1256. ഖണ്ഡം 14(2)(ii)-ൽ " നൽകേണ്ടതാണ്" എന്നതിന് ശേഷം " (ഇതിൽ (4-ാം) ഉപവകുപ്പ് പ്രകാരമുള്ള ഏഴ് ദിവസവും ഉൾപ്പെടുന്നതാണ്)" എന്ന് ചേർക്കുക.

1333. ഖണ്ഡം 14(3)-ൽ " ഒഴിവാക്കാവുന്നതാണ്" എന്നതിന് പകരം " ഒഴിവാക്കപ്പെടുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1234. ഖണ്ഡം 14(2)(i)-ൽ "പത്ത്" എന്നതിന് പകരം "ഏഴ്" എന്ന് ചേർക്കുക.

1254. ഖണ്ഡം 14(2) (ii)-ൽ "മുപ്പത്" എന്നതിന് പകരം "ഇരുപത്" എന്ന് ചേർക്കുക.

1281. ഖണ്ഡം 14(2)(iii)-ൽ " പതിനഞ്ച്" എന്നതിന് പകരം " പത്ത്" എന്ന് ചേർക്കുക.

1290. ഖണ്ഡം 14(2) (iv)-ൽ "ലഭിച്ച തീയതി മുതൽ ഇരുപത്" എന്നതിന് പകരം "പത്ത് ദിവസത്തിനകം" എന്ന് ചേർക്കുക.

1357. ഖണ്ഡം 14(4)-ന്റെ ക്ലിപ്തനിബന്ധനയിൽ " ഇല്ലായെന്ന്" എന്നതിന് പകരം " ഇല്ലാ എന്ന്" എന്ന് ചേർക്കുക.

ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികളെല്ലാം വളരെ relevant ആയതുകൊണ്ട് അതെല്ലാം മൂവ് ചെയ്യുകയാണ്. ഖണ്ഡം 14(2)(i)-ൽ ഉപവകുപ്പ് പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ താഴെപ്പറയുന്ന ഘട്ടങ്ങളിലായി ആകെ എഴുപത്തിയഞ്ച് ദിവസകാലയളവിനുള്ളിൽ തീർപ്പാക്കണമെന്നാണ്. എഴുപത്തിയഞ്ച് ദിവസത്തിനുള്ളിൽ ഒരു അപേക്ഷ തീർപ്പാക്കണമെന്ന് പറഞ്ഞാൽ ഈ സർ നിയമത്തിന്റെ

അന്തഃസത്തയെത്തന്നെ ബാധിക്കുന്ന കാര്യമാണ്. അതുകൊണ്ട് ആ പരിധി കുറച്ച്, അമ്പത് ദിവസമായി നിജപ്പെടുത്തണം. മറ്റൊന്ന്, പരിശോധനയും രജിസ്ട്രേഷനും - അപേക്ഷ ലഭിച്ച് പത്ത് ദിവസം എന്നുള്ളത് ഒരാഴ്ചമാത്രം മതിയാകുന്നതാണ്. അതിനാൽ അത് കുറയ്ക്കണം. സാങ്കേതിക പരിശോധനയും അതുപോലെ നീട്ടുകയാണ്. 'ഉപവകുപ്പ് പ്രകാരമുള്ള ഡിഫക്ട് മെമ്മോ ഇല്ലാത്തപക്ഷം ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ സാങ്കേതിക സൂക്ഷ്മപരിശോധന നടത്തി' എന്നതിനുപകരം 'അതിന്മേൽ സാങ്കേതിക സൂക്ഷപരിശോധന നടത്തി മുപ്പത് ദിവസം എന്നത് ഇരുപത് ദിവസമാക്കി ചുരുക്കണം' എന്നുള്ളതാണ്.

<u>ശ്രീ. സിറിയക് തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1243. ഖണ്ഡം 14(2)(i)-ൽ " സെക്രട്ടേറിയറ്റ്" എന്നതിന് പകരം " അതോറിറ്റി" എന്ന് ചേർക്കുക.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1255. ഖണ്ഡം 14(2)(ii)-ൽ " പോർട്ടൽവഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

1348. ഖണ്ഡം 14(4)-ൽ " പേർട്ടൽ വഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1257. ഖണ്ഡം 14(2)(ii)-ൽ " നൽകേണ്ടതാണ്" എന്നതിന് ശേഷം " സാങ്കേതിക സൂക്ഷ്മപരിശോധനയിൽ പ്രായോഗിക പരിശോധന ഉൾപ്പെടുന്നതും പ്രായോഗികത പരിശോധിക്കുമ്പോൾ ഒരപേക്ഷയുടെ കാര്യത്തിൽ ബാങ്കിംഗ് മൂലധനം കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ ഒരു മാസത്തിൽ കൂടുതൽ പഴയതല്ലാത്ത ബാങ്കിംഗ് ക്ലിയറൻസ് കൂടി സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. കാസിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1282. ഖണ്ഡം 14(2)(iv)-ൽ " ഏകോപിത" എന്നതിന് പകരം " സംയോജിത" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1323A. ഖണ്ഡം 14(2)(v)-ൽ " നൽകേണ്ടതാണ്" എന്നതിന് മുമ്പ് " നിക്ഷേപകന്" എന്ന് ചേർക്കുക.

1334A. ഖണ്ഡം 14(4)-ൽ " ന്യൂനതകളോ" എന്നതിന് ശേഷം " കേന്ദ്ര നിയമങ്ങൾ പ്രകാരം നേടിയിരിക്കേണ്ട അനുമതികളോ" എന്ന് ചേർക്കുക.

1356A. ഖണ്ഡം 14(4)-ൽ " ഘട്ടംഘട്ടമായി" എന്നതിന് പകരം " ഘട്ടം ഘട്ടമായി" എന്ന് ചേർക്കുക.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1334. ഖണ്ഡം 14(3)-ന് ശേഷം താഴെപ്പറയുന്നവ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

" (4) 2-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനം സാങ്കേതിക സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് നൽകാതിരിക്കുകയോ അംഗീകാര കമ്മിറ്റി തീരുമാനമെടുക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം, അപേക്ഷകന് ആ വിവരം പോർട്ടൽ വഴി സരൾ സെക്രട്ടേറിയറ്റിനെ അറിയിക്കാവുന്നതും, സരൾ സെക്രട്ടേറിയറ്റ് ആയത് ബന്ധപ്പെട്ട കമ്മിറ്റിയുടെ ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപ്രകാരമുള്ള അറിയിപ്പ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുകയോ തീരുമാനമെടുക്കുകയോ ചെയ്യേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം കാലതാമസത്തിനുള്ള കാരണം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്."

<u>ശ്രീമതി വിദ്യാ ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1343. ഖണ്ഡം 14(4)-ൽ " ഏഴ" എന്നതിന് പകരം " ഏഴ്" എന്ന് ചേർക്കുക.

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1367. ഖണ്ഡം 14(5)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

" (6) അംഗീകാര കമ്മിറ്റിയുടെ ഓരോ തീരുമാനവും, അതിനുള്ള കാരണങ്ങൾ സഹിതം, പോർട്ടലിൽ പരസ്യപ്പെടുത്തേണ്ടതാണ്."

മി. സ്പീക്കർ: 1205 മുതൽ 1208 വരെയുള്ള ഭേദഗതികൾ 1204-ാം നമ്പർ ഭേദഗതിക്കും 1211 മുതൽ 1216 വരെയുള്ള ഭേദഗതികൾ 1210-ാം നമ്പർ ഭേദഗതിക്കും 1219-ാം നമ്പർ ഭേദഗതി 1218-ാം നമ്പർ ഭേദഗതിക്കും 1221 മുതൽ 1225 വരെയുള്ള ഭേദഗതികൾ 1220-ാം നമ്പർ ഭേദഗതിക്കും 1226-ാം നമ്പർ ഭേദഗതിയും 1228 മുതൽ 1232 വരെയുള്ള ഭേദഗതികളും 1227-ാം നമ്പർ ഭേദഗതിക്കും 1236 മുതൽ 1242 വരെയുള്ള ഭേദഗതികൾ 1235-ാം നമ്പർ ഭേദഗതിക്കും 1245 മുതൽ 1248 വരെയുള്ള ഭേദഗതികളും 1250, 1251, 1252 എന്നീ ഭേദഗതികളും 1249-ാം നമ്പർ ഭേദഗതിക്കും

1253-ാം നമ്പർ ഭേദഗതി 1253A-ാം നമ്പർ ഭേദഗതിക്കും 1259 മുതൽ 1265 വരെയുള്ള ഭേദഗതികൾ 1258-ാം നമ്പർ ഭേദഗതിക്കും 1268 മുതൽ 1274 വരെയുള്ള ഭേദഗതികൾ 1267-ാം നമ്പർ ഭേദഗതിക്കും 1276 മുതൽ 1279 വരെയുള്ള ഭേദഗതികൾ 1280-ാം നമ്പർ ഭേദഗതിക്കും 1283 മുതൽ 1286 വരെയുള്ള ഭേദഗതികൾ 1282-ാം നമ്പർ ഭേദഗതിക്കും 1287, 1288 എന്നീ നമ്പർ ഭേദഗതികൾ 1289-ാം നമ്പർ ഭേദഗതിക്കും 1292 മുതൽ 1298 വരെയുള്ള ഭേദഗതികൾ 1291-ാം നമ്പർ ഭേദഗതിക്കും 1300 മുതൽ 1302 വരെയുള്ള ഭേദഗതികൾ 1303-ാം നമ്പർ ഭേദഗതിക്കും 1304 മുതൽ 1310 വരെയുള്ള ഭേദഗതികൾ 1311-ാം നമ്പർ ഭേദഗതിക്കും 1313 മുതൽ 1315 വരെയുള്ള ഭേദഗതികൾ 1312-ാം നമ്പർ ഭേദഗതിക്കും 1316 മുതൽ 1318 വരെയുള്ള ഭേദഗതികൾ 1319-ാം നമ്പർ ഭേദഗതിക്കും 1320, 1322, 1323 എന്നീ നമ്പർ ഭേദഗതികൾ 1321-ാം നമ്പർ ഭേദഗതിക്കും 1325, 1326, 1328

എന്നീ നമ്പർ ഭേദഗതികൾ 1327-ാം നമ്പർ ഭേദഗതിക്കും 1329 മുതൽ 1331 വരെയുള്ള ഭേദഗതികൾ 1332-ാം നമ്പർ ഭേദഗതിക്കും 1335-ാം നമ്പർ ഭേദഗതിയും 1337 മുതൽ 1342 വരെയുള്ള ഭേദഗതികളും 1336-ാം നമ്പർ ഭേദഗതിക്കും 1344 മുതൽ 1347 വരെയുള്ള ഭേദഗതികൾ 1343-ാം നമ്പർ ഭേദഗതിക്കും 1350 മുതൽ 1356 വരെയുള്ള ഭേദഗതികൾ 1349-ാം നമ്പർ ഭേദഗതിക്കും 1359, 1360 എന്നീ നമ്പർ ഭേദഗതികളും 1361 മുതൽ 1365 വരെയുള്ള ഭേദഗതികളും 1366-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1209, 1299, 1358 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1210, 1267, 1311, 1366 എന്നീ നമ്പർ ഭേദഗതികളും

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1333-ാം നമ്പർ ഭേദഗതിയും ശ്രീമതി വിദ്യാ ബാലകൃഷ്ണൻ അവതരിപ്പിച്ച 1343-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1356A-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1807-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 1209, 1299, 1358, 1210, 1267, 1311, 1366, 1333, 1343, 1356A എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ അവതരിപ്പിച്ച 1257-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. വി. ജോയി: ഞാൻ അവതരിപ്പിച്ച 1334-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 1257-ാം നമ്പർ ഭേദഗതിയെയും ശ്രീ. വി. ജോയി അവതരിപ്പിച്ച 1334-ാം നമ്പർ ഭേദഗതിയെയും

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(അംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 1257-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ജോയി അവതരിപ്പിച്ച 1334-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷിബു തെക്കുംപുറം അവതരിപ്പിച്ച 1201, 1280, 1289, 1303, 1312, 1319, 1321, 1327, 1332 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1203, 1266, 1275, 1324 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1203A, 1225A, 1234A, 1253A, 1257A, 1280A, 1290A, 1323B, 1347A, 1356B, 1360A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 1204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1227, 1235, 1249, 1258, 1291, 1336, 1349 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 1218, 1244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 1220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 1233A, 1233B എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1233, 1256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1234, 1254, 1281, 1290, 1357 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 1243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1255, 1348 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. കാസിം അവതരിപ്പിച്ച 1282-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1323A, 1334A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കാരായി രാജൻ അവതരിപ്പിച്ച 1367-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഖണ്ഡം 15(2)-ൽ 'പറയുന്ന രീതിയിൽ' എന്ന വാക്കുകൾക്കുപകരം 'നിർദ്ദേശിച്ചിട്ടുള്ള പ്രകാരം' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്".

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1368. ഖണ്ഡം 15(1)-ൽ " ആ ആക്ട് പ്രകാരം" എന്നത് ഒഴിവാക്കുക.
1386. ഖണ്ഡം 15(2)-ൽ " കേന്ദ്ര" എന്ന് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.
1397. ഖണ്ഡം 15(2)-ൽ "പ്രഖ്യാപിക്കേണ്ടതും" എന്നതിന് പകരം "വ്യക്തമാക്കേണ്ടതും" എന്ന് ചേർക്കുക.
1399. ഖണ്ഡം 15(2)-ൽ "രീതിയിൽ" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.
1408. ഖണ്ഡം 15(3)-ൽ " അപേക്ഷയുടെ" എന്നതിന് പകരം " അപേക്ഷയുടെയും" എന്ന് ചേർക്കുക.
1424. ഖണ്ഡം 15(3)-ൽ "രേഖപ്പെടുത്തേണ്ടതുമാണ്" എന്നതിന് പകരം "ഉൾപ്പെടുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

1446. ഖണ്ഡം 15(4)-ൽ " ഹാജരാക്കേണ്ടതും" എന്നതിന് പകരം " നൽകേണ്ടതും" എന്ന് ചേർക്കുക.
1448. ഖണ്ഡം 15(4)-ൽ " അംഗീകാര കമ്മിറ്റിയുടെ മറ്റൊരു തീരുമാനവും കൂടാതെ" എന്നത് ഒഴിവാക്കുക.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1376. ഖണ്ഡം 15(2)-ൽ " ആവശ്യമായ" എന്നതിന് പകരം " ആവശ്യമുള്ള" എന്ന് ചേർക്കുക.

1388. ഖണ്ഡം 15(2)-ൽ " പ്രഖ്യാപിക്കേണ്ടതും" എന്നതിന് പകരം " പ്രസ്താവിക്കേണ്ടതും" എന്ന് ചേർക്കുക.

1429. ഖണ്ഡം 15(3)-ൽ താഴെപ്പറയും പ്രകാരം മാറ്റുക:

"(3)(2)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ച ഓരോ അപേക്ഷയുടെയും തീയതി, റഫറൻസ് നമ്പർ എന്നിവ അപേക്ഷകൻ പോർട്ടൽ മുഖേന സരൾ സെക്രട്ടേറിയറ്റിന് സമർപ്പിക്കേണ്ടതാണ്."

1431. ഖണ്ഡം 15(4)-ൽ " സരൾ സെക്രട്ടേറിയറ്റിന് ഹാജരാക്കേണ്ടതും" എന്നതിന് പകരം " പോർട്ടൽ മുഖേന സരൾ സെക്രട്ടേറിയറ്റിന് ലഭ്യമാക്കേണ്ടതും" എന്ന് ചേർക്കുക.

1456. ഖണ്ഡം 15(4)-ൽ " കൂടാതെ" എന്നതിന് പകരം " കൂടാതെതന്നെ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1386A. ഖണ്ഡം 15(2)-ൽ " അപേക്ഷയിൽ പ്രഖ്യാപിക്കേണ്ടതും, അവയിൽ" എന്നത് ഒഴിവാക്കുക.

1460A. ഖണ്ഡം 15(4)-ൽ " ഏകീകൃത" എന്നതിന് മുമ്പ് " നിശ്ചിത സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1407A. ഖണ്ഡം 15(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) കേന്ദ്രാനുമതികൾക്കുള്ള ഫോമുകൾ സംസ്ഥാന പോർട്ടൽ വഴി തന്നെ സിംഗിൾ സൈൻ-ഓൺ (SSO) മുഖേന ബന്ധിപ്പിക്കേണ്ടതാണ്."

1460B. ഖണ്ഡം 15(4)-ൽ " സർട്ടിഫിക്കറ്റിൽ" എന്നതിന് ശേഷം " രണ്ട് പ്രവൃത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1461. ഖണ്ഡം 15(4)-ൽ " രേഖപ്പെടുത്തേണ്ടതുമാണ്" എന്നതിന് പകരം " രേഖപ്പെടുത്തേണ്ടതും പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1369 മുതൽ 1375 വരെയുള്ള ഭേദഗതികൾ 1368-ാം നമ്പർ ഭേദഗതിക്കും 1377 മുതൽ 1379 വരെയുള്ള ഭേദഗതികൾ 1376-ാം നമ്പർ ഭേദഗതിക്കും 1380 മുതൽ 1385 വരെയുള്ള ഭേദഗതികൾ 1386-ാം നമ്പർ ഭേദഗതിക്കും 1387, 1389, 1390 എന്നീ നമ്പർ ഭേദഗതികൾ 1388-ാം നമ്പർ ഭേദഗതിക്കും 1391 മുതൽ 1396 വരെയുള്ള ഭേദഗതികളും 1398-ാം നമ്പർ ഭേദഗതിയും 1397-ാം നമ്പർ ഭേദഗതിക്കും 1400 മുതൽ 1406 വരെയുള്ള

ഭേദഗതികൾ 1399-ാം നമ്പർ ഭേദഗതിക്കും 1409 മുതൽ 1415 വരെയുള്ള ഭേദഗതികൾ 1408-ാം നമ്പർ ഭേദഗതിക്കും 1417 മുതൽ 1423 വരെയുള്ള ഭേദഗതികൾ 1424-ാം നമ്പർ ഭേദഗതിക്കും 1426 മുതൽ 1428 വരെയുള്ള ഭേദഗതികൾ 1429-ാം നമ്പർ ഭേദഗതിക്കും 1430, 1432, 1433 എന്നീ നമ്പർ ഭേദഗതികൾ 1431-ാം നമ്പർ ഭേദഗതിക്കും 1435 മുതൽ 1438 വരെ 1434-ാം നമ്പർ ഭേദഗതിക്കും 1440 മുതൽ 1445 വരെയുള്ള ഭേദഗതികൾ 1446-ാം നമ്പർ ഭേദഗതിക്കും 1449 മുതൽ 1455 വരെയുള്ള ഭേദഗതികൾ 1448-ാം നമ്പർ ഭേദഗതിക്കും 1457 മുതൽ 1460 വരെയുള്ള ഭേദഗതികൾ 1456-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാനിവിടെ അവതരിപ്പിച്ച വാക്കാൽ ഭേദഗതിയ്ക്ക് പുറമെ, ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1368, 1408 എന്നീ നമ്പർ

ഭേദഗതികളും ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1431, 1456 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച ഭേദഗതിയും ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1368, 1408 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1431, 1456 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1386, 1397, 1399, 1424, 1446, 1448 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 1376, 1388, 1429 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1386A, 1460A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1407A, 1460B എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 1461-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. കെ. എം. അഭിജിത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1462. ഖണ്ഡം 16-ൽ " പരിശോധനയുടെ" എന്നതിന് പകരം " പരിശോധനാ" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1475. ഖണ്ഡം 16-ൽ "അംഗീകാര കമ്മിറ്റിയോ" എന്നതിന് മുമ്പ് "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1476. ഖണ്ഡം 16-ൽ "അംഗീകാര കമ്മിറ്റിയോ" എന്നതിന് ശേഷമുള്ള "അത്" എന്നതിന് പകരം "കമ്മിറ്റി" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1477. ഖണ്ഡം 16-ൽ "അത് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ" എന്നതിന് പകരം "അത് രേഖാമൂലം അധികാരപ്പെടുത്തിയ, നിർണ്ണയിക്കപ്പെടാവുന്ന റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1477A. ഖണ്ഡം 16-ലെ നിലവിലുള്ള ഭാഗം 16(1)-ആയി പുനരക്കം ചെയ്യുകയും താഴെപ്പറയുന്നത് 16(2) ആയി ചേർക്കുകയും ചെയ്യുക:

"(2) നിർമ്മാണം പൂർത്തിയായ ശേഷമുള്ള പരിശോധനകൾ അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം പൂർത്തിയാക്കി 14-ാം ദിവസം പ്രവർത്തനാനുമതി നൽകേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. കെ. എം. അഭിജിത്ത് അവതരിപ്പിച്ച 1462-ാം നമ്പർ ഭേദഗതിയും ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1475-ാം നമ്പർ ഭേദഗതിയും ഞാൻ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1476-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1477 A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1478. ഖണ്ഡം 17-ൽ "ജനങ്ങളുടെ" എന്നത് ഒഴിവാക്കുക.

1492. ഖണ്ഡം 17-ൽ " ആരോഗ്യം" എന്നതിന് പകരം " പൊതുജനാരോഗ്യം" എന്ന് ചേർക്കുക.

1495. ഖണ്ഡം 17-ൽ " പൊതുസുരക്ഷ," എന്നതിന് ശേഷം " തൊഴിലവകാശങ്ങൾ, സാമൂഹിക സുരക്ഷ," എന്ന് ചേർക്കുക.

1512. ഖണ്ഡം 17-ൽ "ഉറപ്പുവരുത്തുന്നതിനായി" എന്നതിന് ശേഷം "പട്ടികയിൽ ചേർത്തിരിക്കുന്ന നിയമങ്ങളിലുൾപ്പെടെ," എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1486. ഖണ്ഡം 17-ൽ "ആരോഗ്യം" എന്നതിന് മുമ്പ് "പാർപ്പിടം," എന്ന് ചേർക്കുക.

ശ്രീ. വർഗീസ് മാമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1503. ഖണ്ഡം 17-ൽ " പരിസ്ഥിതി സംരക്ഷണം" എന്നതിന് ശേഷം " ,ക്രമസമാധാനം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1514A. ഖണ്ഡം 17-ൽ "വരുത്തുന്നതല്ല" എന്നതിന് ശേഷം "നിയമാനുസൃതമായ പാരിസ്ഥിതിക ആഘാത പഠനങ്ങളും പൊതുജന തെളിവെടുപ്പുകളും ഒഴിവാക്കാൻ അതോറിറ്റിക്ക് അധികാരമില്ല" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1479 മുതൽ 1485 വരെയുള്ള ഭേദഗതികൾ 1478-ാം നമ്പർ ഭേദഗതിക്കും 1487 മുതൽ 1491 വരെയുള്ള ഭേദഗതികളും 1493, 1494 എന്നീ നമ്പർ ഭേദഗതികളും 1492-ാം നമ്പർ ഭേദഗതിക്കും 1496 മുതൽ 1502 വരെയുള്ള ഭേദഗതികൾ 1495-ാം നമ്പർ ഭേദഗതിക്കും 1504 മുതൽ 1506 വരെയുള്ള ഭേദഗതികൾ 1503-ാം നമ്പർ ഭേദഗതിക്കും 1507 മുതൽ 1511 വരെയുള്ള ഭേദഗതികളും 1513, 1514 എന്നീ നമ്പർ ഭേദഗതികളും 1512-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1478, 1492 എന്നീ നമ്പർ ഭേദഗതികൾ ഞാൻ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1495-ാം നമ്പർ ഭേദഗതിയും 1512-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 1486-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വർഗീസ് മാമ്മൻ അവതരിപ്പിച്ച 1503 നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1514 A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1514A-യ്ക്ക് ഞാൻ പോൾ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: 1514A ശ്രീ. സജീവ് ജോസഫ് മൂവ് ചെയ്തതല്ലേ?

ശ്രീ. പി. പ്രസാദ്: ശ്രീ. സജീവ് ജോസഫ് പറഞ്ഞപ്പോൾ ചൂണ്ടിക്കാണിച്ചത് നിയമാനുസൃതമായ പരിസ്ഥിതി ആഘാത പഠനങ്ങളും പൊതുജന തെളിവെടുപ്പുകളും ഒഴിവാക്കാൻ അതോറിറ്റിക്ക് അധികാരമില്ല എന്നുള്ളത് വളരെ ഗൗരവതരമായ കാര്യമാണ് എന്നതുകൊണ്ടു മാത്രമാണ് പോൾ ആവശ്യപ്പെട്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ തെറ്റിദ്ധാരണ പരത്തരുത്. പാരിസ്ഥിതിക ആഘാത പഠനമോ മറ്റൊരു പഠനമോ ഒഴിവാക്കാൻ ഈ ബിൽ പ്രകാരം കഴിയില്ല. അങ്ങനൊരു അധികാരം ഈ അതോറിറ്റിക്ക് ഇല്ല.

ശ്രീ. പി. പ്രസാദ്: സർ, ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1514A ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: 1514A നമ്പർ ഭേദഗതി ശ്രീ. സജീവ് ജോസഫ് മൂവ് ചെയ്തതല്ലേ?

ശ്രീ. പി. പ്രസാദ്: അദ്ദേഹം മൂവ് ചെയ്തതോടുകൂടി അത് സഭയുടെ ഭാഗമായല്ലോ?

മി. സ്പീക്കർ: അതെ അതിൽ എനിക്ക് തർക്കമൊന്നുമില്ല. ആർക്കുവേണമെങ്കിലും പോൾ ആവശ്യപ്പെടാം. ശ്രീ. സജീവ് ജോസഫ് പോളിൽ പങ്കെടുക്കണമോ വേണ്ടയോ എന്നുള്ളത് അദ്ദേഹം തീരുമാനിക്കും. സജീവ് ജോസഫ് നല്ല പാരമ്പര്യമുള്ള വ്യക്തിയാണ്. കഴിഞ്ഞ പ്രാവശ്യവും അംഗമായിരുന്നു. ഇത് മൂവ് ചെയ്യുമ്പോൾ അദ്ദേഹത്തെ ചെറുതായി വെട്ടിലിടാൻ വേണ്ടിയാണ് ഇത്തരമൊരു നീക്കം നടത്തുന്നത്. നമ്മുടെ അമെന്റ്മെന്റിന് എതിരായി വോട്ട് ചെയ്യ എന്ന് വരുത്തിത്തീർക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. ക്ലാരിറ്റി വേണം നമുക്ക്. (ബഹളം.....ബഹളം.....)

മി. സ്പീക്കർ: ചെയറിനു പറയാം. ചെയറിനേ പറയാൻ പറ്റൂ.

Legislative Business

(.....ബഹളം... ബഹളം.....)

മി. സ്പീക്കർ: ചെയർ നിഷ്പക്ഷമാണ്. പക്ഷേ, അംഗങ്ങളെ എൻലൈറ്റൻ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം എനിക്കാണ്. അത് ഞാൻ നിർവഹിക്കണം. ശ്രീ. അക്ബറിനെ ഒരു ചെറിയ വെട്ടിൽ ഞാൻ കൊണ്ടിടാമോ? ഇടരുത്. അതാണ് നമ്മുടെ ധാർമ്മികത.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സ്പീക്കറുടെ ഭാഗത്തുനിന്നുള്ള ഈ പരാമർശം ഒരു തമാശയായി എടുത്താൽ മതി. സാധാരണ ഭരണകക്ഷി അംഗങ്ങൾ ചിലപ്പോൾ ഒരു പ്രമേയം മൂവ് ചെയ്യാറുണ്ട്. അത് ചിലപ്പോൾ പ്രസ് ചെയ്യില്ല. പ്രതിപക്ഷം അത് പ്രസ് ചെയ്താൽ ഭരണപക്ഷത്തുനിന്നും അത് മൂവ് ചെയ്തയാൾ പെട്ടുപോകും. അദ്ദേഹം അത് സരസമായി അവതരിപ്പിച്ചതാണ്. അതാണ്...(ബഹളം..) അല്ല.... അല്ല... അദ്ദേഹം അങ്ങനെയല്ല പറഞ്ഞത്.....സ്പീക്കർ അങ്ങനെയല്ല പറഞ്ഞത് (ബഹളം..) പ്രതിപക്ഷ അംഗങ്ങളെ appreciate ചെയ്ത് നിങ്ങൾ പെടുത്തിയതാണ് എന്നാണ് അദ്ദേഹം പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. അക്ബർ, കഴിഞ്ഞ 35 വർഷമായി ഈ പണി ചെയ്തുകൊണ്ടിരിക്കുന്ന ആളാണ് ഞാൻ. ചെറിയ കാലമൊന്നുമല്ല. ഇത് 36-ാമത്തെ കൊല്ലമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അതറിയാം. ഒരാളിനെ അങ്ങനെ ചെറുതാക്കരുത്. ഇവിടെ ഇരിക്കുന്ന അംഗങ്ങളെ കഴിയുന്നത്ര protect ചെയ്യുക എന്നതാണ് എന്റെ ഡ്യൂട്ടി. ശ്രീ. പ്രസാദ് പറഞ്ഞോളൂ.

ശ്രീ. പി. പ്രസാദ്: വെട്ടിലിടുക എന്ന വാക്ക് പലയിടങ്ങളിൽ വന്നതുകൊണ്ടു മാത്രം പറയുകയാണ്. ഞാൻ ആ ഉദ്ദേശ്യത്തോടെയല്ല പോൾ ആവശ്യപ്പെട്ടത്. ശ്രീ. സജീവ് ജോസഫ് പറഞ്ഞപ്പോൾ ചൂണ്ടിക്കാണിച്ചത് നിയമാനുസൃതമായ പരിസ്ഥിതി ആഘാത പഠനങ്ങളും പൊതുജന തെളിവെടുപ്പുകളും ഒഴിവാക്കാൻ അതോറിറ്റിക്ക് അധികാരമില്ല എന്നുള്ളത് വളരെ ഗൗരവതരമായ കാര്യമാണ് എന്നതുകൊണ്ടു മാത്രമാണ് പോൾ ആവശ്യപ്പെട്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ തെറ്റിദ്ധാരണ പരത്തരുത്. പാരിസ്ഥിതിക ആഘാത പഠനമോ മറ്റൊരു പഠനമോ

ഒഴിവാക്കാൻ ഈ ബിൽ പ്രകാരം കഴിയില്ല. അങ്ങനൊരു അധികാരം ഈ അതോറിറ്റിക്ക് ഇല്ല. Narration ബിൽഡ് ചെയ്യരുതെന്ന് ഞാൻ മുമ്പും പറഞ്ഞതാണ്. ഇതെല്ലാം പരിശോധിച്ചതിനുശേഷം മാത്രമെ ഇതെല്ലാം അംഗീകരിച്ചുകൊടുക്കൂ.

മി. സ്പീക്കർ: Environment impact study നടത്തുക എന്നത് സെൻട്രൽ ആക്ടിൽ ഉൾപ്പെട്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, Government has made it very clear. പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ട് ഒരു പ്രോജക്ടും ഇവിടെ നടപ്പാക്കില്ല. അത് ഗ്യാരന്റിയാണ്. സർക്കാർ അതോറിറ്റിക്ക് അത് ഒഴിവാക്കാനുള്ള ഒരു അധികാരവും ഇല്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞതുപോലെ ഇതൊരു സെൻട്രൽ ആക്ടാണ്. അതിന് വിരുദ്ധമായിട്ടുള്ള ഒരു പ്രൊവിഷനും ഇതിൽ ഇല്ല. സർക്കാർ അതോറിറ്റിക്ക് അത് ഒഴിവാക്കാനും പറ്റില്ല.

ശ്രീ. പി. പ്രസാദ്: EIA-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളിൽ ഭരണപക്ഷവും പ്രതിപക്ഷവും പ്രതിഷേധം

രേഖപ്പെടുത്തിയതാണ്. ബഹു. മുഖ്യമന്ത്രിയും മന്ത്രിയും ഈ വകുപ്പിന്റെ ഭേദഗതി അംഗീകരിക്കാമെങ്കിൽ നമുക്ക് യോജിപ്പോടുകൂടി നിൽക്കാമായിരുന്നു.

മി. സ്പീക്കർ: ശ്രീ. പി. പ്രസാദ്, ഞാൻ പരിസ്ഥിതി വകുപ്പിന്റെ മുൻ മന്ത്രിയായിരുന്നു. നാം കേന്ദ്ര സർക്കാരുമായി കൂറേ ഫൈറ്റ് ചെയ്തതും അവരുമായി യോജിച്ചു പോയിട്ടുള്ള കാര്യങ്ങളുമുണ്ട്. സെൻട്രൽ ആക്ടിനുള്ളിലെ ഒരു സെക്ഷൻ നിയമസഭയുടെ പരിധിയിലുള്ളതല്ല. നമുക്കത് ചെയ്യാൻ കഴിയില്ല. ഈ പറയുന്ന നിയമത്തിൽ സെൻട്രൽ ആക്ടിനു വിരുദ്ധമായി ഒന്നും വരില്ല. അങ്ങേക്ക് പോൾ വേണമെങ്കിൽ അങ്ങനെ ആകാം.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1514 A ഭേദഗതിക്ക് ശ്രീ. പി. പ്രസാദ് പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി തള്ളിയിരിക്കുന്നു.

(അംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

പതിനെട്ടാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

1808. ഖണ്ഡം 18(6)-ൽ "ബന്ധപ്പെട്ട പദ്ധതിയുടെ" എന്നീ വാക്കുകൾക്ക് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള" എന്നീ വാക്കുകൾ ചേർക്കുക.

3-ാം ഉപഖണ്ഡത്തിൽ "120 ദിവസം" എന്ന വാക്കുകൾക്കുശേഷം "മുമ്പ്" എന്ന വാക്ക് വിട്ടുകളയേണ്ടതാണ് എന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1515. ഖണ്ഡം 18(1)-ൽ "ഉള്ള" എന്നതിന് പകരം "ലഭിച്ച" എന്ന് ചേർക്കുക.

1530. ഖണ്ഡം 18(1)-ൽ " മുൻപ്" എന്നതിന് ശേഷം " സർക്കാർ സെക്രട്ടേറിയേറ്റ് ഇക്കാര്യം" എന്ന് ചേർക്കുക.

1544. ഖണ്ഡം 18(2)-ൽ " കാലാവധി സർക്കാരിന്," എന്നതിന് പകരം " കാലാവധി, സർക്കാരിന്" എന്ന് ചേർക്കുക.

1559. ഖണ്ഡം 18(4)-ൽ " ഒരു നിലവിലുള്ള" എന്നതിന് പകരം " നിലവിലുള്ള ഒരു" എന്ന് ചേർക്കുക.

1571. ഖണ്ഡം 18(4)-ൽ "പദ്ധതിയുടെ" എന്നതിന് ശേഷം "കാര്യത്തിൽ" എന്ന് ചേർക്കുക.

1588. ഖണ്ഡം 18(5)-ൽ " വരികയോ" എന്നതിന് ശേഷം " റദ്ദാക്കപ്പെടുകയോ" എന്ന് ചേർക്കുക.

1595. ഖണ്ഡം18(7)-ൽ " വ്യക്തമാക്കേണ്ടതാണ്." എന്നതിന് പകരം " രേഖപ്പെടുത്തേണ്ടതാണ്." എന്ന് ചേർക്കുക.

1599. ഖണ്ഡം 18 (8)-ൽ " ആക്ട്" എന്നതിന് പകരം " ആക്ടിലെ വ്യവസ്ഥകൾ" എന്ന് ചേർക്കുക.

1620. ഖണ്ഡം 18 (10)-ൽ " ചെയ്യേണ്ടതാണ്" എന്നതിന് പകരം " ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. വർഗീസ് മാമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1524. ഖണ്ഡം 18(1)-ൽ " കാലയളവ് ആരംഭിക്കുന്നതിന്" എന്നതിന് പകരം " തീയതി അവസാനിക്കുന്നതിന് മുറ്റിയമ്പത് ദിവസം" എന്ന് ചേർക്കുക.

1557. ഖണ്ഡം 18 (3) താഴെപ്പറയും പ്രകാരം മാറ്റുക:
" സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട എല്ലാ സംസ്ഥാന ക്ലിയറൻസുകളുടെയും പൊതു പുതുക്കൽ തീയതിയ്ക്ക് മുറ്റിയിരുപത് ദിവസം മുതൽ അറുപത് ദിവസം മുമ്പുവരെ, നിർണയിക്കപ്പെടാവുന്ന ഫീസ് സഹിതം പോർട്ടൽ മുഖേന സംയോജിത പുതുക്കൽ അപേക്ഷ സരൾ സെക്രട്ടേറിയറ്റിന് സമർപ്പിക്കേണ്ടതാണ്."

1567. ഖണ്ഡം 18(4)-ൽ "ഒരു നിലവിലുള്ള പദ്ധതിയുടെ കൈവശമുള്ള" എന്നതിന് പകരം "നിലവിലുള്ള ഒരു പദ്ധതിക്ക് ലഭ്യമായിട്ടുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. ടി. എം. ശശി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1528. ഖണ്ഡം 18(1)-ൽ " ആരംഭിക്കുന്നതിന്" എന്നതിന് ശേഷം " ഒരു മാസം" എന്ന് ചേർക്കുക.

1537. ഖണ്ഡം 18(1)-ൽ " അപേക്ഷകനെ" എന്നതിന് ശേഷം " ഓൺലൈനായും രേഖാമൂലവും" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1528A. ഖണ്ഡം 18(1)-ൽ " ആരംഭിക്കുന്നതിന്" എന്നതിന് ശേഷം " ആറ് മാസം" എന്ന് ചേർക്കുക.

1538. ഖണ്ഡം 18(1)-ൽ " അപേക്ഷകനെ" എന്നതിന് ശേഷം " മൊബൈൽ സന്ദേശം മുഖേനയും പോർട്ടൽ മുഖേനയും" എന്ന് ചേർക്കുക.

1553B. ഖണ്ഡം 18(3)-ൽ " അറുപത്" എന്നതിന് പകരം " മുപ്പത്" എന്ന് ചേർക്കുക.

1589D. ഖണ്ഡം 18(7)-ൽ " നിബന്ധനകളും" എന്നതിന് ശേഷം " അടുത്ത പുതുക്കൽ തീയതിയും" എന്ന് ചേർക്കുക.

1606A. ഖണ്ഡം 18(8)-ൽ "നേരിട്ട്" എന്നതിന് പകരം"പോർട്ടൽ മുഖാന്തരം അപേക്ഷ സമർപ്പിച്ച ശേഷം നേരിട്ട് ഹാജരായി" എന്ന് ചേർക്കുക.

1614A. ഖണ്ഡം 18(10)-ൽ " അടയ്ക്കേണ്ട ഫീസ്" എന്നതിന് പകരം " വിവിധ അനുമതികൾക്കായി അടയ്ക്കേണ്ടി വരുന്ന ഫീസുകൾ," എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1528B. ഖണ്ഡം 18(1)-ൽ " മുൻപ്" എന്നതിന് പകരം " നൂറ്റമ്പത് ദിവസം മുൻപ് മുതൽ എസ്. എം. എസ്,

ഇ-മെയിൽ, വാട്ട്സാപ്പ് സന്ദേശങ്ങൾ മുഖേന" എന്ന് ചേർക്കുക.

1553A. ഖണ്ഡം 18(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ ഏകീകൃത കാലാവധി സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കാത്ത പക്ഷം അനുവദിക്കുന്ന എല്ലാ സംസ്ഥാന ലൈസൻസുകളുടെയും സാധുത കുറഞ്ഞത് അഞ്ച് വർഷമായിരിക്കുന്നതാണ്."

1553C. ഖണ്ഡം 18(3)-ൽ " അറുപത്" എന്നതിന് പകരം " നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

1589A. ഖണ്ഡം 18(6)(i)-ൽ " സ്വയം സാക്ഷ്യപ്പെടുത്തൽ വഴി" എന്നതിന് പകരം " ഫീസ് അടച്ചാലുടൻ തത്സമയം സ്വയംഭരണാധികാരത്തോടെയുള്ള ഓട്ടോ-റിന്യൂവൽ ഓർഡർ" എന്ന് ചേർക്കുക.

1589C. ഖണ്ഡം 18(6)(ii)-ൽ " പരിമിതമായ" എന്നത് ഒഴിവാക്കുക.

1622A. ഖണ്ഡം 18(10)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ ബാക്കി വരുന്ന കാലയളവിലെ ഫീസ് തുക അടുത്ത പുതുക്കൽ ഫീസിലേക്ക് ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ നൽകുകയോ ചെയ്യേണ്ടതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1539. ഖണ്ഡം 18(2)-ൽ " ഏകീകൃത" എന്നതിന് ശേഷം " സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ" എന്ന് ചേർക്കുക.

1554. ഖണ്ഡം 18(3)-ൽ " പോർട്ടൽ വഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

1589. ഖണ്ഡം 18(6)(i)-ൽ " ഉള്ളവയ്ക്ക്" എന്നതിന് ശേഷം " അപേക്ഷകൻ" എന്ന് ചേർക്കുക.

1598. ഖണ്ഡം18(7)-ൽ " വ്യക്തമാക്കേണ്ടതാണ്." എന്നതിന് പകരം " വ്യക്തമാക്കേണ്ടതും അത് ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ഫൈസൽ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1548. ഖണ്ഡം 18(2)-ൽ " വിജ്ഞാപനം" എന്നതിന് മുമ്പ് " ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1553. ഖണ്ഡം 18(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ, ഇപ്രകാരം നിശ്ചയിക്കുന്ന തീയതി ഒരു ക്ലിയറൻസിന്റെ കാലാവധി, ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി കാലാവധിക്കപ്പുറം ദീർഘിപ്പിക്കുന്നതാകാൻ പാടുള്ളതല്ല."

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1579. ഖണ്ഡം 18(4)-ൽ "ഒന്ന്" എന്നതിന് പകരം "ഒരു ക്ലിയറൻസ്" എന്ന് ചേർക്കുക.

1580. ഖണ്ഡം 18(4)-ൽ "തീയതി" എന്നതിന് ശേഷം "പിന്നീട്" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1607. ഖണ്ഡം 18(8)-ൽ "സർക്കാർ സെക്രട്ടേറിയറ്റ്" എന്നതിന് ശേഷം "പോർട്ടലിലെ" എന്ന് ചേർക്കുക.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1608. ഖണ്ഡം 18 (9)-ൽ താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

"(i)The Kerala Conservation of Paddy Land and Wetland Act 2008 (28 of 2008) ന്റെ 27A ഭേദഗതി ചെയ്യുമ്പോൾ

യാതൊരുകാരണവശാലും നിലവിലുള്ള നെൽകൃഷി മേഖലകളിൽ കുറവുണ്ടാകാൻ പാടില്ലായെന്ന വ്യവസ്ഥകൾ ചേർക്കണം.

(ii)The Kerala Paddy Land-Wetland Conservation Rule 5,12 വകുപ്പുകൾ ഭേദഗതി ചെയ്യുമ്പോൾ നിലവിലുള്ള നെൽകൃഷി മേഖലയെയും തണ്ണീർത്തട മേഖലയെയും പ്രതികൂലമായി ബാധിക്കില്ലായെന്ന വ്യവസ്ഥ ചേർക്കണം.

(iii)The Kerala Conservation of Paddy Land-Wetland (Regularisation of Unauthorised Reclamation) Rules 2015 ലെ 3, 5 വകുപ്പുകൾ ഭേദഗതി ചെയ്യുമ്പോൾ നിലവിലുള്ള നെൽകൃഷി മേഖലകളെയും തണ്ണീർത്തട സംരക്ഷണ മേഖലകളെയും പ്രതികൂലമായി ബാധിക്കില്ലായെന്ന വ്യവസ്ഥ ചേർക്കണം.

(iv) The Kerala Promotion of Tree Growth in Non-Forest Areas Act, 2005 (45 of 2005) ലെ വകുപ്പ് 6 ഭേദഗതി ചെയ്യുമ്പോൾ നിലവിലുള്ള വനപ്രദേശങ്ങൾ ഒന്നും തന്നെ പ്രതികൂലമായി ബാധിക്കില്ലായെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം.

(v) The Kerala Promotion of Tree Growth in Non-Forest Areas Rules, 2011 വകുപ്പ് 3,4 എന്നിവ ഭേദഗതി ചെയ്യുമ്പോൾ നിലവിലുള്ള വനപ്രദേശങ്ങളെ ഒന്നും തന്നെ പ്രതികൂലമായി ബാധിക്കില്ലായെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം.

(vi) The Kerala Ground water (Control and Regulation) Act 2002, (19 of 2002) ന്റെ വകുപ്പ് 7, 12 എന്നിവ ഭേദഗതി ചെയ്യുമ്പോൾ നിലവിലെ ജലസംരക്ഷണ മേഖലകൾ ഇല്ലാതാകുന്ന സാഹചര്യങ്ങൾ ഉണ്ടാവരുതെന്ന് വ്യവസ്ഥ ഉൾപ്പെടുത്തണം.

(vii) The Kerala Irrigation and Water Conservation Act, 2003 (31 of 2003) വകുപ്പ് 4 ഭേദഗതി ചെയ്യുമ്പോൾ നിലവിലെ ജലസ്രോതസ് മേഖലകൾ ഇല്ലാതാകുന്ന സാഹചര്യങ്ങൾ ഉണ്ടാവില്ലെന്ന് വ്യവസ്ഥ ഉൾപ്പെടുത്തണം."

മി. സ്പീക്കർ: ശ്രീ. ജി. സുധാകരന് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ നിയമം ചില പ്രത്യേക തരത്തിലുള്ള മുൻകരുതലുകളും മുന്നറിയിപ്പുകളും ചില തടയലുകളുമില്ലാതെ പാസ്സാക്കിയാൽ സംഭവിക്കാൻ പോകുന്നത് ഇപ്പോൾതന്നെ 24 ലക്ഷം ഏക്കറിലുണ്ടായിരുന്ന നെൽകൃഷി ഇപ്പോൾ 5 ലക്ഷം ഏക്കറായി കുറഞ്ഞു. അത് ഇനിയും കുറയും. വാട്ടർ കൺസർവേഷൻ, ജലസംഭരണികൾ എന്നുപറഞ്ഞാൽ നമ്മുടെ തടാകങ്ങൾപോലുള്ളതിന്റെ വിസ്തീർണ്ണം കുറയും. നെൽകൃഷി മേഖലയുടെ വിസ്തീർണ്ണം കാര്യമായി കുറയും. വനമേഖലയുടെ വിസ്തീർണം കുറയും. അങ്ങനെ നമ്മളിതുവരെ നിയമപ്രകാരവും കോൺസ്റ്റിറ്റ്യൂഷൻ പ്രകാരവും സംരക്ഷിച്ചിരുന്ന പല മേഖലകളും ഗവൺമെന്റ് പോലുമറിയാതെ വിസ്തീർണ്ണം കുറയുമെന്ന അപകടമുള്ളതുകൊണ്ടാണ് ഞാൻ 1608-ാം നമ്പർ ഭേദഗതി ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇത് നല്ലതുപോലെ നിരീക്ഷിച്ച് നമ്മുടെ വനമേഖലയെയും കൃഷി മേഖലയെയും ഗ്രൗണ്ട്വാട്ടർ മേഖല, തണ്ണീർത്തട മേഖല, ഫോറസ്റ്റ് മേഖലകൾക്കൊന്നും

കോട്ടംതട്ടാത്ത തരത്തിലുള്ള precautions clause ഇതിനകത്ത് ചേർക്കണം. അത് ഇതിനകത്തെവിടെയുമില്ല.

ശ്രീ. സുധീർഷാ പാലോട്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1609. ഖണ്ഡം 18(10)-ൽ "ചുരുക്കുന്ന" എന്നതിന് പകരം "കുറയ്ക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1516 മുതൽ 1522 വരെയുള്ള ഭേദഗതികൾ 1515-ാം നമ്പർ ഭേദഗതിക്കും 1525 മുതൽ 1527 വരെയുള്ള ഭേദഗതികൾ 1524-ാം നമ്പർ ഭേദഗതിക്കും 1529, 1531 മുതൽ 1536 വരെയുള്ള ഭേദഗതികൾ 1530-ാം നമ്പർ ഭേദഗതിക്കും 1540 മുതൽ 1543 വരെയും 1545 മുതൽ 1547 വരെയുമുള്ള ഭേദഗതികൾ 1544-ാം നമ്പർ ഭേദഗതിക്കും 1549 മുതൽ 1552 വരെയുള്ള ഭേദഗതികൾ 1548-ാം നമ്പർ ഭേദഗതിക്കും 1555, 1556, **1558** എന്നീ ഭേദഗതികൾ 1557-ാം നമ്പർ ഭേദഗതിക്കും **1560 മുതൽ 1566** വരെയുള്ള ഭേദഗതികൾ 1559-ാം നമ്പർ ഭേദഗതിക്കും 1568 മുതൽ 1570 വരെയുള്ള ഭേദഗതികൾ 1567-ാം നമ്പർ ഭേദഗതിക്കും 1572 മുതൽ 1578 വരെയുള്ള ഭേദഗതികൾ 1571-ാം നമ്പർ ഭേദഗതിക്കും 1581 മുതൽ 1587

വരെയുള്ള ഭേദഗതികൾ 1588-ാം നമ്പർ ഭേദഗതിക്കും 1589B ഭേദഗതി 1589C നമ്പർ ഭേദഗതിക്കും 1590 മുതൽ 1594 വരെയുള്ള ഭേദഗതികളും 1596, 1597 എന്നീ ഭേദഗതികളും 1595-ാം നമ്പർ ഭേദഗതിക്കും 1600 മുതൽ 1606 വരെയുള്ള ഭേദഗതികൾ 1599-ാം നമ്പർ ഭേദഗതിക്കും 1610 മുതൽ 1614 വരെയുള്ള ഭേദഗതികൾ 1609-ാം നമ്പർ ഭേദഗതിക്കും 1615 മുതൽ 1619 വരെയുള്ള ഭേദഗതികളും 1621, 1622 എന്നീ ഭേദഗതികളും 1620-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 1608-ാം നമ്പർ ഭേദഗതി ചട്ടം 82 (1) പ്രകാരം ക്രമാനുസൃതമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 1515, 1544, 1595, 1599 എന്നീ ഭേദഗതികളും ശ്രീ. വർഗീസ് മാമൻ അവതരിപ്പിച്ച 1567-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഭേദഗതി 1608-ൽ പറഞ്ഞിട്ടുള്ളത് വളരെ റെലവന്റായ കാര്യമാണ്. അത് 18(9)-ൽ താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക എന്ന മുഖവുരയോടുകൂടി ചേർക്കേണ്ട ഇനങ്ങളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അത് സഭയുടെ മുമ്പാകെ നിൽക്കുകയാണ്. അദ്ദേഹം അത് മൂവ് ചെയ്യുകയും ചെയ്തു. ആ ഭേദഗതിയെ ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. ജി. സുധാകരൻ: സർ, മന്ത്രി ഒഫിഷ്യലായി എഴുതേണ്ടിയിരുന്ന കാര്യമാണത്. അല്ലെങ്കിൽ ഈ ബില്ലിന് എന്താണ് അർഥം? നിലവിലുള്ള സംരക്ഷണം തുടരുമെന്ന് ഉറപ്പ് പറയുന്നില്ല.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ ഒരുകാര്യം പറയുമ്പോൾ അത് വളരെ ആത്മാർഥമായി തന്നെയാണ്

പറയുന്നത്. അദ്ദേഹം precautions-നെകുറിച്ചാണ് പറഞ്ഞത്. അത് എന്താണെന്നാൽ, ജില്ലാതലത്തിലാണെങ്കിൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെയോ എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെയോ പ്രതിനിധികൾ ആ യോഗത്തിലുണ്ട്. കൊടുക്കണമെന്ന് നിർബന്ധമില്ല, അദ്ദേഹത്തിന് അവിടെ ഒബ്ജക്ട് ചെയ്യാം. ഇത് നല്ല നെൽവയലായതിനാൽ ഇത് കൊടുക്കാൻ പാടില്ലെന്ന് പറയാം. അതുപോലെ മറ്റ് ഏത് ഡിപ്പാർട്ടുമെന്റാണെങ്കിലും അവരുടെ മാനദണ്ഡം അനുസരിച്ച് അവർക്ക് ജില്ലാതല സമിതിയിലും കൊടുക്കണ്ടെന്ന് പറയാം; സംസ്ഥാനതലത്തിലും ബന്ധപ്പെട്ട സെക്രട്ടറിയുണ്ട്. അമ്പത് കോടി രൂപയ്ക്ക് മുകളിലുള്ളതാണെങ്കിൽ സംസ്ഥാനതല സെക്രട്ടറിക്ക് ഒബ്ജക്ട് ചെയ്യാം. ഇത് നിരസിക്കാനുള്ള എല്ലാ അധികാരവും ഈ സമിതിക്കുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ നിരസിച്ചിരിക്കണമെന്നേയുള്ളൂ. കൊടുക്കണമെന്നുള്ള നിർബന്ധം എവിടെയും പറയുന്നില്ല. അതിനാൽ തണ്ണീർത്തട നെൽവയൽ നിയമങ്ങളെ ഇത് ബൈപ്പാസ് ചെയ്യുന്നില്ല. ബന്ധപ്പെട്ട സെക്രട്ടറിയുണ്ടാകും. അതിന് precautions ഉണ്ട്. നൂറ് ശതമാനവും ആ

precautions നോക്കി മാത്രമേ പോകുകയുള്ളൂവെന്ന് അദ്ദേഹം ആത്മാർഥമായി പറഞ്ഞതുകൊണ്ട് ഞാൻ നൂറ് ശതമാനവും ഉറപ്പുകൊടുക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, എനിക്ക് കൂടുതൽ പറയാനില്ല. ഇതൊരു വാദപ്രതിവാദത്തിനല്ല, വനപ്രദേശം കുറയുകയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കുറയാതിരിക്കാം, കുറയാം. അത് ഞാൻ സമ്മതിച്ചു. ഇതുപോലൊരു നിയമം പാസാക്കുമ്പോൾ അഖണ്ഡിതമായി, യൂണിലാറ്ററലായി നിയമത്തിൽ എഴുതിവയ്ക്കുന്നതാണ്. അല്ലെങ്കിലത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. യു.ഡി.എഫ്. ഗവൺമെന്റിന് വളരെ ദോഷം ചെയ്യുന്ന ബില്ലാണിത്. ഞാൻ അവർക്ക് നന്മ വരണമെന്നോ ദോഷം ചെയ്യണമെന്നോ പറയുന്നില്ല. ഈ ഗവൺമെന്റിന് ദോഷം ചെയ്യും. അങ്ങ് പറഞ്ഞത് വിശ്വസിക്കുന്നു. പക്ഷേ നിയമത്തിലില്ലെന്നുള്ളത് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി മനസ്സിലാക്കണം. അങ്ങയുടെ ഇഷ്ടം പോലെ ചെയ്യാം. ഞാൻ പോൾ ആവശ്യപ്പെടുന്നില്ല.

ശ്രീ. കെ. രാജൻ: സർ, മുൻമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട അംഗം ജി. സുധാകരൻ പറഞ്ഞത് വളരെ റെലവന്റായ പ്രശ്നമാണ്. ഈ ബില്ലിൽ കൊടുക്കാമെന്ന് തന്നെയാണ് പറഞ്ഞത്. നിരസിക്കാമെന്നല്ല പറഞ്ഞിട്ടുള്ളത്. എന്നുമാത്രമല്ല, ഇങ്ങനെയൊരു സമിതിയുടെ ആകെ തുകയും, ഇനി ഏത് താഴെയുള്ള ഉദ്യോഗസ്ഥൻ വന്നിരുന്നാലും അതങ്ങനെ നിരസിക്കാനുള്ള ധൈര്യമുണ്ടാകില്ല. അതുകൊണ്ട് നിയമപരമായ പരിരക്ഷ നേരത്തെ പാസ്സാക്കിയ നിയമത്തിലുണ്ടാകണമെന്ന വളരെ ശരിയായ കാര്യമാണ് ബഹുമാനപ്പെട്ട മുൻമന്ത്രികൂടിയായ അംഗം പറഞ്ഞത്. അത് വളരെ റെലവന്റാണ്. അതിൽനിന്ന് വിട്ടുപോകാൻ കഴിയില്ല. ആ പ്രശ്നം ഈ സഭയുടെ മുമ്പാകെയുണ്ട്. സഭയുടെ മുമ്പാകെ അദ്ദേഹം ഭേദഗതി മൂവ് ചെയ്തു. അദ്ദേഹം പോൾ ആവശ്യപ്പെടുന്നു എന്നുള്ളതല്ല, നടപടിക്രമങ്ങളനുസരിച്ച് അദ്ദേഹം ഇത് മൂവ് ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. അതിന്മേൽ ഞാൻ പോൾ ആവശ്യപ്പെടുന്നു. ഞങ്ങൾ അക്കാര്യത്തിൽ ഉറച്ചുനിൽക്കുന്നു. ഞങ്ങൾ വളരെ ഗൗരവതരമായി പറഞ്ഞുകൊണ്ടിരിക്കുന്ന പ്രശ്നമാണിത്.

മി. സ്പീക്കർ: മറ്റ് അഭിപ്രായങ്ങളില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇത് ചർച്ചയുടെ സമയമല്ല. പക്ഷേ എന്നാൽപോലും കോർഡിയലായി പോകുന്ന അന്തരീക്ഷമായതിനാൽ മറ്റ് വ്യത്യസ്തമായ അഭിപ്രായം വരാൻപാടില്ലെന്ന് കരുതിയാണ്. ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 1608-ാം നമ്പർ ഭേദഗതിക്ക് ശ്രീ. കെ. രാജൻ പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. കെ. രാജൻ പോൾ ആവശ്യപ്പെട്ട 1608-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

1608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 1530, 1559, 1571, 1588, 1620 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വർഗീസ് മാമ്മൻ അവതരിപ്പിച്ച 1524, 1557 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 1528, 1537 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1528A, 1538, 1553B, 1589D, 1606A, 1614A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1528B, 1553A, 1553C, 1589A, 1589C, 1622A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1539, 1554, 1589, 1598 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഫൈസൽ ബാബു അവതരിപ്പിച്ച 1548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1579, 1580 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1607-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 1608-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സുധീർഷാ പാലോട് അവതരിപ്പിച്ച 1609-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീ. പഴകുളം മധു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1623. ഖണ്ഡം 19(1)-ൽ " ഏതൊരു ആൾക്കും" എന്നതിന് പകരം " ഏതൊരാൾക്കും" എന്ന് ചേർക്കുക.

1645. ഖണ്ഡം 19(2)(എ)-ൽ " മുമ്പാകെ" എന്നതിന് ശേഷം " ഇരുപത് ദിവസങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1624. ഖണ്ഡം 19(1)-ൽ " ആൾക്കും" എന്നതിന് പകരം " അപേക്ഷകനും" എന്ന് ചേർക്കുക.

1625. ഖണ്ഡം 19(1)-ൽ " ദിവസത്തിനുള്ളിൽ" എന്നതിന് പകരം " ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1624A. ഖണ്ഡം 19(1)-ൽ " മുപ്പത്" എന്നതിന് പകരം " അറുപത്" എന്ന് ചേർക്കുക.

1683A. ഖണ്ഡം 19(2)(സി)-ൽ " ചെയ്യാവുന്നതുമാണ്" എന്നതിന് പകരം " ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1624B. ഖണ്ഡം 19(1)-ൽ " മുപ്പത്" എന്നതിന് പകരം " നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

1642. ഖണ്ഡം 19(2)(എ)-ൽ " വഴി" എന്നതിന് ശേഷം " ഓൺലൈനായി" എന്ന് ചേർക്കുക.

1675A. ഖണ്ഡം 19(2)(ബി)-ൽ " പറയാനുള്ളത് പറയുവാൻ" എന്നതിന് ശേഷം " നേരിട്ടോ അപേക്ഷകന്റെ സൗകര്യാർത്ഥം ഓൺലൈൻ ഹിയറിംഗ് മുഖേനയോ" എന്ന് ചേർക്കുക.

1675B. ഖണ്ഡം 19(2)(സി)-ൽ " നാൽപ്പത്തിയഞ്ച്" എന്നതിന് പകരം " മുപ്പത്" എന്ന് ചേർക്കുക.

1693A. ഖണ്ഡം 19(4) ചുവടെപ്പറയും പ്രകാരം മാറ്റുക;
"സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അധ്യക്ഷനായ ഒരു സ്വതന്ത്ര ട്രൈബ്യൂണലിന് അപ്പീൽ അധികാരം ഉണ്ടായിരിക്കുന്നതാണ്."

ശ്രീ. ടി. പി. അഷ്റഫലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1634. ഖണ്ഡം 19(1)-ൽ " സമർപ്പിക്കാവുന്നതാണ്" എന്നതിന് പകരം " ബോധിപ്പിക്കാവുന്നതാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1654. ഖണ്ഡം 19(2)(എ)-യുടെ ക്ലിപ്തനിബന്ധനയിൽ "സമയത്തിന് മുമ്പ്" എന്നതിന് പകരം "സമയത്തിനുള്ളിൽ" എന്ന് ചേർക്കുക.

1694. വകുപ്പ് 19(4)-ന് ശേഷം താഴെപ്പറയുന്നവ ചേർക്കുക:
"(5) സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള തീരുമാനത്തിനെതിരായി അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, സർക്കാർ, ഈ ആവശ്യത്തിലേക്കായി രൂപീകരിക്കുന്ന അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(6) അപ്പീലിന് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

ശ്രീ. ഫൈസൽ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1663. ഖണ്ഡം 19(2)(എ)-യുടെ ക്ലിപ്തനിബന്ധനയിൽ "മാപ്പാക്കി" എന്നതിന് പകരം "ഒഴിവാക്കി" എന്ന് ചേർക്കുക.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1684. ഖണ്ഡം 19(2)(ഡി)-ൽ " പോർട്ടൽ വഴി" എന്നതിന് പകരം " പോർട്ടൽ വഴിയും രേഖാമൂലവും" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1693. ഖണ്ഡം 19(3)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:
"എന്നാൽ ഒരു ക്ലിയറൻസ് അനുവദിച്ചതിൽ സങ്കടമനുഭവിക്കുന്ന മൂന്നാം കക്ഷികൾക്ക് ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള അപ്പീൽ പരിഹാരങ്ങൾക്ക് ഈ ഉപവകുപ്പ് ബാധിക്കുന്നതല്ല."

മി. സ്പീക്കർ: 1627 മുതൽ 1633 വരെയുള്ള ഭേദഗതികൾ 1626-ാം നമ്പർ ഭേദഗതിക്കും 1635 മുതൽ 1639 വരെയുള്ള ഭേദഗതികൾ 1634-ാം നമ്പർ ഭേദഗതിക്കും 1641, 1643, 1644 വരെയുള്ള ഭേദഗതികൾ 1642-ാം നമ്പർ ഭേദഗതിക്കും 1647 മുതൽ 1653 വരെയുള്ള ഭേദഗതികൾ 1646-ാം നമ്പർ ഭേദഗതിക്കും 1655 മുതൽ 1661 വരെയുള്ള ഭേദഗതികൾ 1662-ാം

നമ്പർ ഭേദഗതിക്കും 1664 മുതൽ 1667 വരെയുള്ള ഭേദഗതികൾ 1663-ാം നമ്പർ ഭേദഗതിക്കും 1669 മുതൽ 1675 വരെയുള്ള ഭേദഗതികൾ 1668-ാം നമ്പർ ഭേദഗതിക്കും 1677 മുതൽ 1683 വരെയുള്ള ഭേദഗതികൾ 1676-ാം നമ്പർ ഭേദഗതിക്കും 1686 മുതൽ 1692 വരെയുള്ള ഭേദഗതികൾ 1685-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. കെ. കെ. വത്സരാജിന്റെ 1668, 1685 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1668. ഖണ്ഡം 19(2)(ബി)-ൽ "കേസിന്റെ" എന്നതിന് പകരം "അപ്പീൽ അപേക്ഷയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

1685. ഖണ്ഡം 19(2)(ഡി)-ൽ " അതിന്റെ ഫലമായുള്ള" എന്നതിന് പകരം " അപ്പീൽ ഉത്തരവ് പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1623-ാം നമ്പർ ഭേദഗതിയും ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1625-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1654-ാം നമ്പർ

ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പഴകുളം മധു അവതരിപ്പിച്ച 1645-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1624-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1624A, 1683A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1624B, 1642, 1675A, 1675B, 1693A എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. അഷ്റഫലി അവതരിപ്പിച്ച 1634-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1694-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഫൈസൽ ബാബു അവതരിപ്പിച്ച 1663-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ് അവതരിപ്പിച്ച 1684-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 1693-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1809. ഖണ്ഡം 20-ൽ നിലവിലുള്ള (2)-ഉം (3)-ഉം ഉപഖണ്ഡങ്ങൾ (3), (4) ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (3)-ാം ഉപഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

" (2) ഈ ആക്ട് പ്രകാരം സമർപ്പിക്കപ്പെടുന്ന ഓരോ അപേക്ഷയിന്മേലും സർക്കാർ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി, നിർണ്ണയിക്കപ്പെടുന്നനിരക്കിൽ അപേക്ഷകൻ പ്രോസസ്സിംഗ് ഫീസുംകൂടി ഒടുക്കേണ്ടതാണ്." ;

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1694A. ഖണ്ഡം 20(1)-ൽ "അപേക്ഷകൻ" എന്നതിന് ശേഷം "പോർട്ടൽ മുഖേന ഓൺലൈനായി" എന്ന് ചേർക്കുക.

ശ്രീ. സി. അജയപ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1695. ഖണ്ഡം 20(1)-ൽ "അതോറിറ്റിയിൽ" എന്നതിന് മുമ്പ് "സർക്കാർ കേരളം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1697. ഖണ്ഡം 20(1)-ൽ "ഒടുക്കേണ്ടതാണ്" എന്നതിന് പകരം "അടക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1701A. ഖണ്ഡം 20(1)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക: "(2) ഫീസുകൾ നിശ്ചയിക്കുമ്പോൾ നിലവിലുള്ള വകുപ്പുതല ഫീസുകളുടെ ആകെത്തുകയേക്കാൾ കൂടുതൽ ഈടാക്കാൻ പാടുള്ളതല്ല."

1707A. ഖണ്ഡം 20(3)-ൽ " ഒടുക്കേണ്ടതാണ്." എന്നതിന് ശേഷം " അതിനായി എല്ലാത്തരം ഡിജിറ്റൽ ഇടപാടുകളും (UPI, നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്) ചാർജ്ജുകൾ ഇല്ലാതെ സ്വീകരിക്കേണ്ടതാണ്." എന്ന് ചേർക്കുക.

1707B. ഖണ്ഡം 20(3)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:
" (4) അപേക്ഷ നിരസിക്കപ്പെടുകയോ സാങ്കേതിക തകരാറുകൾ ഉണ്ടാവുകയോ ചെയ്താൽ പ്രോസസ്സിംഗ് ഫീസ് കിഴിച്ച് ഏഴ് ദിവസത്തിനകം ബാക്കി തുക റീഫണ്ട് ചെയ്യേണ്ടതാണ്.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1702. ഖണ്ഡം 20(2)-ൽ "കാലാകാലങ്ങളിൽ" എന്നതിന് പകരം "യഥാസമയം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1696-ാം നമ്പർ ഭേദഗതി 1695-ാം നമ്പർ ഭേദഗതിക്കും 1698 മുതൽ 1701 വരെയുള്ള ഭേദഗതികൾ 1697-ാം നമ്പർ ഭേദഗതിക്കും 1703 മുതൽ 1706 വരെയുള്ള ഭേദഗതികൾ 1702-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1694A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. അജയപ്രസാദ് അവതരിപ്പിച്ച 1695-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1697-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1701(A), 1707(A), 1707(B) എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1702-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1810. ഖണ്ഡം 21-ൽ "ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി" എന്നതിന് പകരം "വിവര സാങ്കേതികവിദ്യാ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1708. ഖണ്ഡം 21-ൽ " ഏജൻസികൾ" എന്നതിന് മുമ്പ് " സർക്കാർ" എന്ന് ചേർക്കുക.

1719. ഖണ്ഡം 21-ൽ " ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി" എന്നതിന് പകരം " വിവര സാങ്കേതിക വിദ്യ, നിർമ്മിത ബുദ്ധി, ഭാവി സാങ്കേതിക വിദ്യ" എന്ന് ചേർക്കുക.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1709. ഖണ്ഡം 21-ൽ " സംവിധാനത്തോടുള്ള" എന്നതിന് പകരം " സംവിധാനത്തോടുകൂടിയ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1719A. ഖണ്ഡം 21-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ ഫീസ് ശേഖരിച്ച് ഏഴ് പ്രവൃത്തി ദിവസത്തിനകം അതത് സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രഷറി വഴി ക്രെഡിറ്റ് ചെയ്യേണ്ടതാണ്"

മി. സ്പീക്കർ: 1710 മുതൽ 1716 വരെയുള്ള ഭേദഗതികൾ 1709-ാം നമ്പർ ഭേദഗതിക്കും 1717, 1718 എന്നീ നമ്പർ ഭേദഗതികൾ 1719-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1708-ാം നമ്പർ ഭേദഗതിയും ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 1709-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1719-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1719A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

<u>ശ്രീ. സിറിയക് തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1720. ഖണ്ഡം 22-ൽ " സെക്രട്ടേറിയറ്റ്" എന്ന് വരുന്നിടത്തെല്ലാം " അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1721. ഖണ്ഡം 22-ൽ " ഒരു സരൾ സെക്രട്ടേറിയറ്റ്" എന്നതിന് മുമ്പ് " 2-ാം ഖണ്ഡത്തിലെ (ഇസഡ് ബി) പ്രകാരമുള്ള സ്ഥാപനങ്ങൾ ഉൾപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. കാരായി രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1723. ഖണ്ഡം 22-ൽ " ഉണ്ടായിരിക്കേണ്ടതാണ്" എന്നതിന് പകരം " രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1723A. ഖണ്ഡം 22-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക: " എന്നാൽ സരൾ സെക്രട്ടേറിയറ്റിൽ സാങ്കേതിക, നിയമ, പാരിസ്ഥിതിക വിദഗ്ധരെ കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉൾപ്പെടുത്തണ്ടതും അപേക്ഷകരെ സഹായിക്കാൻ പ്രത്യേക ഹെൽപ്പ് ഡെസ്കും ടോൾ-ഫ്രീ നമ്പറും സജ്ജമാക്കേണ്ടതാണ്"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 1720-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1721-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കാരായി രാജൻ അവതരിപ്പിച്ച 1723-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1723A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1724. ഖണ്ഡം 23-ൽ " കഴിയുന്നത്ര" എന്നതിന് പകരം " എത്രയും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1728A. ഖണ്ഡം 23-ന്റെ ക്ലിപ്തനിബന്ധനയിൽ " ക്കൂട്ടിച്ചേർക്കലും" എന്നതിന് ശേഷം " തിരുത്തലും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1728B. ഖണ്ഡം 23-ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക: " എന്നാൽ പട്ടികയിൽ ഒരു പുതിയ നിയമം ഉൾപ്പെടുത്തണമെങ്കിൽ സംസ്ഥാന നിയമസഭയുടെ അനുമതി നിർബന്ധമാണ്"

മി. സ്പീക്കർ: 1725 മുതൽ 1728 വരെയുള്ള ഭേദഗതികൾ 1724-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 1724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1728A-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1728B നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1729. ഖണ്ഡം 24(1)-ൽ " സ്ഥാനം" എന്നതിന് ശേഷം " അപേക്ഷയിന്മേലുള്ള" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1729A. ഖണ്ഡം 24(1)-ൽ " നിശ്ചിത സമയത്തിനുള്ളിൽ" എന്നതിന് പകരം " പ്രതിവാരം" എന്ന് ചേർക്കുക.

1745B. ഖണ്ഡം 24(2)-ൽ " സ്വീകരിക്കേണ്ടതുമാണ്." എന്നതിന് ശേഷം " കൂടാതെ ന്യായമായ കാരണമില്ലാതെ ഫയൽ വെച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ദിവസേന ₹500 നിരക്കിൽ പരമാവധി ₹25,000 വരെ പിഴ ഈടാക്കാവുന്നതും ഈടാക്കുന്ന പിഴത്തുക കാലതാമസം നേരിട്ട അപേക്ഷകന് നഷ്ടപരിഹാരമായി നൽകേണ്ടതുമാണ്." എന്ന് ചേർക്കുക.

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1730. ഖണ്ഡം 24(2)-ൽ " ന്യായമായ" എന്നതിന് പകരം " മതിയായ" എന്ന് ചേർക്കുക.

1738. ഖണ്ഡം 24(2)-ൽ " വരുത്തുന്നപക്ഷം" എന്നതിന് പകരം " വരുത്തുന്നതായി ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1745A. ഖണ്ഡം 24(2)-ൽ " കണക്കാക്കി" എന്നതിന് ശേഷം " ബന്ധപ്പെട്ട വകുപ്പു മേധാവി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1731 മുതൽ 1737 വരെയുള്ള ഭേദഗതികൾ 1730-ാം നമ്പർ ഭേദഗതിക്കും 1739 മുതൽ 1745 വരെയുള്ള ഭേദഗതികൾ 1738-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച

1729-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1730, 1738 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1729A, 1745B എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1745A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1745C. ഖണ്ഡം 25-ൽ " നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും" എന്നതിന് പകരം " തൊഴിൽ നിയമങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, ജീവന്റെയും സ്വത്തിന്റെയും സംരക്ഷണം എന്നിവയ്ക്ക് വിധേയമായി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1746. ഖണ്ഡം 25-ൽ " പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്നതിന് പകരം " അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1746-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1745C നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1747. ഖണ്ഡം 26-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:
" എന്നാൽ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപമോ അഴിമതി ആരോപണങ്ങളോ ഉണ്ടായാൽ ഈ സംരക്ഷണം ബാധകമാകുന്നതല്ല."

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1747A. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:
" എന്നാൽ അഴിമതി നിരോധന നിയമത്തിന് (Prevention of Corruption Act) കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് ഈ സംരക്ഷണം ബാധകമല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1747-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1747A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല)

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1748. ഖണ്ഡം 28-ൽ " അത്രയും എണ്ണം അതിന്റെ പകർപ്പുകൾ" എന്നതിന് പകരം " അത്രയും എണ്ണത്തിന്റെ പകർപ്പുകൾ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1748A. ഖണ്ഡം 28-ൽ " അയച്ചു കൊടുക്കേണ്ടതുമാണ്" എന്നതിന് ശേഷം " ഇപ്രകാരം തയ്യാറാക്കുന്ന ബഡ്ജറ്റ് ഓരോ സാമ്പത്തിക വർഷവും ജനുവരി 15-നകം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1748-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1748A-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1748B. ഖണ്ഡം 29(1)-ൽ " വിധേയമായിരിക്കുന്നതാണ്" എന്നതിന് ശേഷം " കൂടാതെ വർഷം തോറും ഒരു സ്വതന്ത്ര സാമൂഹിക, പാരിസ്ഥിതിക ആഘാത പരിശോധന കൂടി നടത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1748C. ഖണ്ഡം 29(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1)അതോറിറ്റിയുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതിന് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ സേവനം സംസ്ഥാന ഗവർണർ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്."

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, " (1)അതോറിറ്റിയുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതിന് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ സേവനം സംസ്ഥാന ഗവർണർ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്." ഇതാണ് ഞാൻ മുന്നോട്ടുവെച്ചിട്ടുള്ള ഭേദഗതി. നേരത്തെ ഇതുപോലെ കാഡയുമായി (CADA) ബന്ധപ്പെട്ട ഒരു നിയമം

പാസാക്കുകയും അത് എ.ജി.-യുടെ ഓഡിറ്റിനായി സമർപ്പിച്ചപ്പോൾ അത് വ്യവസ്ഥാപിതമായ രീതിയിലൂടെ വരണമെന്ന് നിർദേശിക്കുകയുമുണ്ടായി. ടി ആക്ട് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായതുകൊണ്ട് സി.ആൻഡ്.എ.ജി. (C&AG) ആക്ടിനെക്കുറിച്ച് കൃത്യമായി പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിൽ, പിന്നീട് ആ നിയമത്തിൽ ഭേദഗതി വരുത്തിയതായി രേഖകളിൽ കാണുന്നുണ്ട്. അതുകൊണ്ടാണ് ഇത്തരമൊരു ഭേദഗതി ആവശ്യമാണെന്ന നിർദേശം ഞാൻ മുന്നോട്ടുവച്ചിട്ടുള്ളത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1748B. നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 1748C നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1748D. ഖണ്ഡം 30 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 30. നിലവിൽ വർഷംതോറും നെൽകൃഷി മേഖല കുറഞ്ഞുവരുന്നത് കണക്കിലെടുത്ത്, തണ്ണീർത്തടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നുവെന്നത് കണക്കിലെടുത്ത്, വനപ്രദേശങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നുവെന്നത് കണക്കിലെടുത്ത് ഈ മൂന്ന് മേഖലയെയും ഈ ബില്ല് നടപ്പിലാക്കുമ്പോൾ നിലവിലുള്ള സംരക്ഷണം അതേപോലെ തുടരാനും യാതൊരുകാരണവശാലും പ്രസ്തുത മൂന്ന് മേഖലകളുടെയും വിസ്തീർണ്ണം കുറവുവരുത്തില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ബില്ല് വഴി പാരിസ്ഥിതിക സന്തുലനം ശക്തിപ്പെടുത്തുമെന്നും പാരിസ്ഥിതിക ലംഘനം ഉണ്ടാവില്ലായെന്നും വ്യവസ്ഥ ചെയ്യുന്നു.

സർ, ഞാൻ ഈ ബിൽ പാസ്സാകുകയാണെവെങ്കിൽ തണ്ണീർത്തടങ്ങളുടെയും വനപ്രദേശങ്ങളുടെയും വിസ്തീർണ്ണം സ്വാഭാവികമായും കുറയും. ഇതുമായി ബന്ധപ്പെട്ട കണക്കുകളൊന്നും ഈ ചർച്ചയിൽ ഞാൻ ഉന്നയിക്കുന്നില്ല. എന്നാൽ, 24 ലക്ഷം ഏക്കർ ഉണ്ടായിരുന്ന നെൽവയലുകൾ വെറും അഞ്ച് ലക്ഷം ഏക്കറായി ചുരുങ്ങിയ കേരളമാണിത്. ഈ നിയമം തണ്ണീർത്തടങ്ങൾ വീണ്ടും കുറയാൻ കാരണമാകും. ഇങ്ങനെ സംഭവിക്കാതിരിക്കാൻ ആവശ്യമായ നിർദേശങ്ങളാണ് ഈ ഭേദഗതിയിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുന്നത്, എന്നാൽ ഇത് അതേപടി അംഗീകരിക്കണമെന്ന് ഞാൻ പറയുന്നില്ല. ബില്ലിൽ precaution clause ഉള്ളതിനാൽ അങ്ങനെയൊന്നും സംവിക്കില്ലന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തമവിശ്വാസത്തോടെ പറയുന്നത്. Precaution Clause കൊണ്ട് യാതൊരു പ്രയോജനവുമില്ല, നടപടിയെടുക്കാൻ പര്യാപ്തമല്ല. ഈ ഭേദഗതി സഭ ഐകകണ്ഠ്യേന പാസ്സാക്കിയാലും ഇല്ലെങ്കിലും ഇത് നാടിന് ആത്യന്തികമായി ദോഷം ചെയ്യുമെന്ന എന്റെ വിശ്വാസം ഞാൻ ഇവിടെ പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പിൻവലിക്കണമെന്നൊന്നും

ഞാൻ ആവശ്യപ്പെടുന്നില്ല. എന്റെ അഭിപ്രായം ഞാൻ സമർപ്പിച്ച ഭേദഗതിയിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1749. ഖണ്ഡം 30(1)-ൽ "തൊട്ടടുത്ത വർഷം ജൂൺ 1-ാം തീയതിയോ അതിനു മുൻപോ" എന്നതിന് പകരം "ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് തൊട്ടടുത്ത മൂന്ന് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1750. ഖണ്ഡം 30(2)-ൽ "റിപ്പോർട്ട്" എന്നതിന് ശേഷം ",ആഡിറ്റ് റിപ്പോർട്ട് എന്നിവ" എന്ന് ചേർക്കുക.

ശ്രീ. സി. കെ. കാസിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1751. ഖണ്ഡം 30(2)-ൽ "വയ്ക്കേണ്ടതാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1756. ഖണ്ഡം 30(2) താഴെപ്പറയും പ്രകാരം മാറ്റുക:

" വാർഷിക റിപ്പോർട്ട് ലഭിച്ചതിനു ശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനത്തിൽ തന്നെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്".

1756A. ഖണ്ഡം 30(3)-ൽ ആയി താഴെപ്പറയുന്നത് ചേർക്കുക:

" വാർഷിക റിപ്പോർട്ടിൽ, ലഭിച്ച അപേക്ഷകൾ, നിരസിക്കപ്പെട്ടവയുടെ കാരണങ്ങൾ, ശരാശരി തീർപ്പാക്കൽ സമയം എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

1756B. ഖണ്ഡം 30-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 31. ഡാറ്റാ സ്വകാര്യതയും സൈബർ സുരക്ഷയും: വാണിജ്യ രഹസ്യങ്ങളും സാങ്കേതിക ഡ്രോയിംഗുകളും സംരക്ഷിക്കുന്നതിന് ഡിജിറ്റൽ വ്യക്തിവിവര സംരക്ഷണ നിയമം (DPDP Act) പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ബാധകമാണ്.

" 32. നഷ്ടപരിഹാരം: സമയബന്ധിത സേവനം ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്ന കേരള സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ ഈ പോർട്ടലിനും ബാധകമാണ്".

മി. സ്പീക്കർ: 1753 മുതൽ 1755 വരെയുള്ള ഭേദഗതികൾ 1752-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ വീണ്ടും പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ഈ നിയമം പാസ്സായതുകൊണ്ട്, കേരളത്തിലെ ഒരു തണ്ണീർത്തടത്തിലോ നിലവിൽ യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളോ വ്യവസായങ്ങളോ ഇല്ലാത്ത ഒരു പ്രദേശത്ത് പുതുതായി യാതൊരു നിർമ്മാണ പ്രവൃത്തികളും നടത്താൻ സാധിക്കില്ല. കാരണം, ഇത്തരം കാര്യങ്ങൾ കൃത്യമായി പരിശോധിക്കാതെ അനുമതി നൽകാൻ ഈ നിയമത്തിൽ യാതൊരു വകുപ്പുമില്ല. അതിനുള്ള ല്ലാവിധ മുൻകരുതലും ഇതിലുണ്ട്. ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 1748D-ാം ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 1748D-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

പ്രതികൂലിക്കുന്നവർ.....

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 1748D-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 1749-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1750-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. കാസിം അവതരിപ്പിച്ച 1751-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1756, 1756 A, 1756 B എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1756C. ഖണ്ഡം 31(1)-ൽ "രണ്ട്" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക

1773. ഖണ്ഡം 31(2)-ൽ " കഴിയുന്നത്ര വേഗം" എന്നതിന് പകരം " തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1756D. ഖണ്ഡം 31(1)-ൽ " ഉത്തരവും" എന്നതിന് പകരം "വ്യവസ്ഥയും" എന്ന് ചേർക്കുക.

ശ്രീ. കെ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1757. ഖണ്ഡം 31(2)-ൽ "ഉണ്ടാക്കിയ" എന്നതിന് പകരം "പുറപ്പെടുവിച്ച്" എന്ന് ചേർക്കുക.

1765. ഖണ്ഡം 31(2)-ൽ "ഉണ്ടാക്കിയശേഷം" എന്നതിന് പകരം "പുറപ്പെടുവിച്ചശേഷം" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1759. ഖണ്ഡം 31(2)-ൽ "ഉണ്ടാക്കിയ" എന്നതിന് പകരം "പുറപ്പെടുവിച്ച" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1777. ഖണ്ഡം 31(2)-ൽ " വയ്ക്കേണ്ടതാണ്" എന്നതിന് പകരം " സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1758-ാം നമ്പർ ഭേദഗതി 1757-ാം നമ്പർ ഭേദഗതിക്കും 1760-ാം നമ്പർ ഭേദഗതി 1759-ാം നമ്പർ ഭേദഗതിക്കും 1761 മുതൽ 1764 വരെയുള്ള ഭേദഗതികൾ 1759-ാം നമ്പർ ഭേദഗതിക്കും 1766 മുതൽ 1772 വരെയുള്ള ഭേദഗതികൾ 1765-ാം നമ്പർ ഭേദഗതിക്കും 1774 മുതൽ 1776

വരെയുള്ള ഭേദഗതികൾ 1773-ാം നമ്പർ ഭേദഗതിക്കും 1778 മുതൽ 1781 വരെയുള്ള ഭേദഗതികൾ 1777-ാം നമ്പർ തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1756C, 1773 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെപിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1756D-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1757, 1765 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 1759-ാം നമ്പർ ഭേദഗതി നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1777-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിയൊന്നാം ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1782. ഖണ്ഡം 32-ൽ " അതത് സമയങ്ങളിൽ" എന്നതിന് പകരം " യഥാസമയം" എന്ന് ചേർക്കുക.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു..

1787. ഖണ്ഡം 32-ൽ " പാലിക്കുവാനും നടപടികൾ കൈക്കൊള്ളുവാനും" എന്നതിന് പകരം " പരിഗണിക്കുവാൻ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1783 മുതൽ 1786 വരെയുള്ള ഭേദഗതികൾ 1782-ാം നമ്പർ ഭേദഗതിക്കും 1788 മുതൽ 1794 വരെയുള്ള ഭേദഗതികൾ 1787-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1782-ാം നമ്പർ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ അവതരിപ്പിച്ച 1787-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1799. ഖണ്ഡം 33(2)-ൽ " രണ്ടു" എന്നത് ഒഴിവാക്കുക.

തുടർച്ചയായ രണ്ട് സമ്മേളനങ്ങളിൽ, സഭമുമ്പാകെ ചട്ടം സമർപ്പിക്കുന്നതുസംബന്ധിച്ചാണ് ഇതിൽ പരാമർശിച്ചിരിക്കുന്നത്. രണ്ട് സമ്മേളനങ്ങളുംകൂടി പതിനാല് ദിവസം തികഞ്ഞില്ലെങ്കിൽ 'രണ്ട്' എന്നത് ഒഴിവാക്കുന്നതല്ലേ നല്ലത്. കാരണം ചട്ടം സഭയിൽ സമർപ്പിക്കുന്നതിന് പതിനാല് ദിവസം സഭ സമ്മേളിക്കണമെന്നുള്ളതുകൊണ്ട്, രണ്ട് സമ്മേളനങ്ങിലുംകൂടി പതിനാല് ദിവസം പൂർത്തിയായിട്ടില്ലെങ്കിലോ, 'രണ്ട്' എന്നത് ഒഴിവാക്കി തുടർച്ചയായ സമ്മേളനങ്ങളിലോ എന്നാക്കി മാറ്റാൻ സാധിക്കുമോ എന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിന്റെ സ്പിരിറ്റ് മനസ്സിലായി. അപ്രകാരം ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യമില്ല. അതിനാൽ പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 1799-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1811. പട്ടികയിലെ (2)-ാം കോളത്തിൽ,

(i) ക്രമനമ്പർ 1-ൽ " സിനിമാസ്" എന്ന വാക്കിനു പകരം " സിനിമ" എന്ന വാക്ക് ചേർക്കുക.

(ii) ക്രമനമ്പർ 2-ൽ " 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം " 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iii) ക്രമനമ്പർ 3-ൽ " 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം " 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iv) ക്രമനമ്പർ 6-ൽ " ഭൂജല" എന്ന വാക്കിന് പകരം " ഭൂജലം" എന്ന വാക്ക് ചേർക്കുക.

(v) ക്രമനമ്പർ 7-ൽ " ജലസേചന ജലസംരക്ഷണ" എന്ന വാക്കുകൾക്ക് പകരം " ജലസേചനവും ജലസംരക്ഷണവും" എന്ന വാക്കുകൾ ചേർക്കുക.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. പ്രസാദ്: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

112. ശീർഷകത്തിൽ " &" എന്നതിന് പകരം " ആൻഡ്" എന്ന് ചേർക്കുക.

131. ദീർഘശീർഷകത്തിൽ " വിവിധ" എന്നത് ഒഴിവാക്കുക.

144. ദീർഘശീർഷകത്തിൽ " തുടങ്ങിയവ" എന്നതിന് പകരം " എന്നിവ" എന്ന് ചേർക്കുക.

154. ദീർഘശീർഷകത്തിൽ "സാങ്കേതിക" എന്നതിന് പകരം "സാങ്കേതികവും നിയമപരവുമായ" എന്ന് ചേർക്കുക.

181. പീഠികയിൽ " വിവിധ" എന്നത് ഒഴിവാക്കുക.

193. പീഠികയിൽ " തുടങ്ങിയവ" എന്നതിന് പകരം " എന്നിവ" എന്ന് ചേർക്കുക

202. പീഠികയിൽ "സാങ്കേതിക" എന്നതിന് പകരം "സാങ്കേതികവും നിയമപരവുമായ" എന്ന് ചേർക്കുക.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

120. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:
" 2026-ലെ കേരള ലളിതവൽകൃതവും ത്വരിതപ്പെടുത്തിയതുമായ നിയന്ത്രണാധികാര അനുമതികളും ലൈസൻസിംഗും (സരൾ കേരളം) സംബന്ധിച്ച ബിൽ"

122. ദീർഘശീർഷകത്തിൽ " മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ" എന്നതിന് പകരം

" ഇരുപത്തിയഞ്ച് കോടി രൂപയിൽ അധികം മൂലധന നിക്ഷേപമുള്ള പദ്ധതികൾ" എന്ന് ചേർക്കുക.

123. ദീർഘശീർഷകത്തിൽ " ആധുനികവത്കരിക്കുന്നതിനോ" എന്നതിന് മുമ്പ് " അല്ലെങ്കിൽ" എന്ന് ചേർക്കുക.

124. ദീർഘശീർഷകത്തിൽ " നിയമങ്ങൾ പ്രകാരം" എന്നതിന് പകരം " നിയമങ്ങളുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

163. ദീർഘശീർഷകത്തിൽ " അനുസൃതമായി" എന്നതിന് പകരം "ഉടർച്ചയായി" എന്ന് ചേർക്കുക.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

" 2026-ലെ (നിലവിലുള്ള വനമേഖലകൾ, കാർഷികമേഖലകൾ, കുടിവെള്ളസ്രോതസുകൾ, കായലുകൾ, തോടുകൾ, നദികൾ, ചതുപ്പുപ്രദേശങ്ങൾ എന്നിവ സംരക്ഷിച്ചുകൊണ്ടുള്ള) സരൾ (സിംപ്ലിഫൈഡ് ആന്റ് ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആന്റ് ലൈസൻസിംഗ്) കേരളം ബിൽ"

'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്നുപറഞ്ഞ കവി ഇപ്പോൾ കരയുന്നുണ്ടാകും. അവിടെയാണ് തണ്ണീർത്തടങ്ങളും വയലുകളും കാടുമുള്ളത്. അതുപോലെ സന്ധ്യയാകുമ്പോൾ നെൽക്കതിർ കൊത്തിയെടുത്ത് കൂടണയാൻ പറന്നുപോകുന്ന പക്ഷികളെപ്പറ്റി

കുമാരനാശാൻ പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. എന്റെ ഉത്തമബോധ്യമുള്ള കാര്യമാണ് ഞാൻ പറയുന്നത്. നിലംനികത്തലിനെതിരായി, ഞാൻ കുട്ടനാട്ടിൽ നെൽക്കൃഷി സംരക്ഷണ സമിതിയുണ്ടാക്കി പോരാടിയ ആളാണ്. അതിനാൽ കുട്ടനാട് കുറച്ചെങ്കിലും ബാക്കിയുണ്ട്. കോട്ടയവും കുട്ടനാടൻ പ്രദേശമാണ്, ഈ നിയമം അങ്ങയെയും ബാധിക്കും. മൂന്ന് ജില്ലകളടങ്ങുന്ന കുട്ടനാടിന്റെ കാർഷിക മേഖലയെ പ്രസ്തുത ബിൽ പ്രതികൂലമായി ബാധിക്കുമെന്ന് ഞാൻ ഉറപ്പുപറയുന്നു. ബാധിക്കില്ലെന്ന് ബഹു. മന്ത്രി പറയുന്നത് ഒരു കൺവിക്ഷനാണെങ്കിലും അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. അതിനാലാണ് വനമേഖലകൾ, കാർഷിക മേഖലകൾ, കുടിവെള്ള സ്രോതസ്സുകൾ, കായലുകൾ, തോടുകൾ, നദികൾ, ചതുപ്പുപ്രദേശങ്ങൾ ഇവ സംരക്ഷിച്ചുകൊണ്ടുള്ള സരൾ ബിൽ എന്ന് പേര് നൽകണമെന്ന ഭേദഗതി ഞാൻ നൽകിയത്. ഈ ബില്ലിന് ആ ടൈറ്റിൽ നൽകാമായിരുന്നല്ലോ; അത് കൊടുത്തിട്ടില്ലല്ലോ; ഇവിടെ പറഞ്ഞതുകൊണ്ടുമാത്രമായോ; ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുകൊണ്ട്

അങ്ങനെ നടക്കില്ലായെന്ന് ഞാൻ വിശ്വസിക്കാം. പക്ഷെ, എന്ത് precaution ആണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംഭവിച്ചാൽ കേരളത്തിന്റെ സ്ഥിതി എന്താകും? കുട്ടിക്കളിയല്ല ഈ ബിൽ. സാധാരണ ബിൽ അല്ല ഇത്. സരളമെന്ന് തോന്നാമെങ്കിലും കരാളമായൊരു ബിൽ ആണിത്. പ്രതിപക്ഷം കൈയടിക്കാൻ വേണ്ടിയല്ല ഞാൻ പറഞ്ഞത്. ഈ ബിൽ ഒഴികെ ഭരണപക്ഷം കൊണ്ടുവന്ന മറ്റെല്ലാ കാര്യത്തിലും അനുകൂലമായി വോട്ട് ചെയ്ത ആളാണ് ഞാൻ. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന് നിയമത്തെക്കുറിച്ച് നന്നായി അറിയാവുന്നതാണ്. ഇതിന്റെ ഇരുതലവാൾ മൂർച്ചയെപ്പറ്റിയും അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ക്യാബിനറ്റ് മൈൻഡ് അപ്ലൈ ചെയ്ത് ഈ ബിൽ പഠിച്ചില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഒരുതരത്തിലും ഇത് പിൻവലിക്കാൻ പറയുകയല്ല. ഇതിന്റെ ആപത്തിനെപ്പറ്റി ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ മനസ്സിലായിത്തുടങ്ങും.

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ മൂന്നാം വായനയിൽ പറയാം. ഇപ്പോൾ ഭേദഗതികൾ മൂവ് ചെയ്യുന്നതല്ലേയുള്ളൂ.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121 A. ദീർഘശീർഷകത്തിൽ " മൂലധന" എന്നതിന് മുമ്പ് " കേരളം സംസ്ഥാനത്തിനുള്ളിൽ" എന്ന് ചേർക്കുക.

170A. പീഠികയിൽ " മൂലധന" എന്നതിന് മുമ്പ് " കേരളം സംസ്ഥാനത്തിനുള്ളിൽ" എന്ന് ചേർക്കുക.

174A. പീഠികയിൽ " ആവശ്യമായ" എന്നതിന് ശേഷം " കേരളം സർക്കാരിലെ വിവിധ വകുപ്പുകളിൽ നിന്നുള്ള" എന്ന് ചേർക്കുക.

220B. ഖണ്ഡം 1(2)-ൽ "തീയതിയിൽ" എന്നതിന് പകരം " തീയതി മുതൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ " പ്രകാരം" എന്നതിന് ശേഷം " ലഭിക്കേണ്ട" എന്ന് ചേർക്കുക.

216. പീഠികയിൽ " യുക്തമായിരിക്കയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കയാൽ" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137A. ദീർഘശീർഷകത്തിൽ " വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ" എന്നതിന് പകരം " ക്ലിയറൻസുകൾ" എന്ന് ചേർക്കുക.

ശ്രീ. വർഗീസ് മാമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ദീർഘശീർഷകത്തിൽ " പെർമിറ്റുകൾ" എന്നതിന് ശേഷം " സമ്മത പത്രങ്ങൾ" എന്ന് ചേർക്കുക.

182. പീഠികയിൽ " പെർമിറ്റുകൾ" എന്നതിന് ശേഷം " , സമ്മതപത്രങ്ങൾ" എന്ന് ചേർക്കുക.

219. ഖണ്ഡം 1(1)-ൽ " സരൾ" എന്നതിന് പകരം "സരളം" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

170. പീഠികയിൽ " മൂലധന" എന്നതിന് മുമ്പ് " സംസ്ഥാനത്ത്" എന്ന് ചേർക്കുക.

199. പീഠികയിൽ " ഏജൻസികളുടേയോ" എന്നതിന് മുമ്പ് " സർക്കാർ" എന്ന് ചേർക്കുക

ശ്രീ. നാട്ടകം സുരേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170B. പീഠികയിൽ " രൂപയ്ക്ക് മുകളിലുള്ള" എന്നതിന് പകരം " രൂപയോ അതിനു മുകളിലോ" എന്ന് ചേർക്കുക.

ശ്രീ. വി. ടി. സൂരജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181A. പീഠികയിൽ " വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ" എന്നതിന് പകരം "ക്ലിയറൻസുകൾ" എന്ന് ചേർക്കുക.

ശ്രീമതി ഉഷ വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

181C. പീഠികയിൽ " വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ" എന്നതിന് പകരം "ക്ലിയറൻസുകൾ നൽകുന്നതിനുള്ള നടപടികൾ" എന്ന് ചേർക്കുക.

194. പീഠികയിൽ " വകുപ്പുകളുടേയോ" എന്നതിന് മുമ്പ് " അതാത്" എന്ന് ചേർക്കുക

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. പീഠികയിൽ " പെർമിറ്റുകൾ" എന്നതിന് ശേഷം " , അനുമതികൾ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. പീഠികയിൽ "അനുസൃതമായി" എന്നതിന് പകരം "തുടർച്ചയായി" എന്ന് ചേർക്കുക.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:
" (2) ഇതിന് കേരളം സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്."

മി.സ്പീക്കർ: 113 മുതൽ 119 വരെയുള്ള ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 122 B നമ്പർ ഭേദഗതി 122 A നമ്പർ ഭേദഗതിക്കും 126 മുതൽ 129 വരെയുള്ള ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 130-ാം നമ്പർ ഭേദഗതിയും 132 മുതൽ 137 വരെയുള്ള ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 137B നമ്പർ ഭേദഗതി 137A-നമ്പർ ഭേദഗതിക്കും 137 D നമ്പർ ഭേദഗതി 137C- നമ്പർ ഭേദഗതിക്കും 139 മുതൽ 141 വരെയുള്ള

ഭേദഗതികൾ 138-ാം നമ്പർ ഭേദഗതിക്കും 142, 143 എന്നീ നമ്പർ ഭേദഗതികളും 145 മുതൽ 149 വരെയുള്ള ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്കും 149 B നമ്പർ ഭേദഗതി 149A നമ്പർ ഭേദഗതിക്കും 150 മുതൽ 153 വരെയുള്ള ഭേദഗതികളും 155 മുതൽ 157 വരെയുള്ള ഭേദഗതികളും 154-ാം നമ്പർ ഭേദഗതിക്കും 158 മുതൽ 162 വരെയുള്ള ഭേദഗതികളും 164-ാം നമ്പർ ഭേദഗതിയും 163-ാം നമ്പർ ഭേദഗതിക്കും 166 മുതൽ 169 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും 170C നമ്പർ ഭേദഗതി 170B നമ്പർ ഭേദഗതിക്കും 172 മുതൽ 174 വരെ 171-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 180 വരെയുള്ള ഭേദഗതികൾ 181-ാം നമ്പർ ഭേദഗതിക്കും 181B-ാം നമ്പർ ഭേദഗതി 181A-ാം നമ്പർ ഭേദഗതിക്കും 181D-ാം നമ്പർ ഭേദഗതി 181C-ാം നമ്പർ ഭേദഗതിക്കും 183 മുതൽ 185 വരെയുള്ള ഭേദഗതികൾ 182-ാം നമ്പർ ഭേദഗതിക്കും 187 മുതൽ 192 വരെയുള്ള ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 195 മുതൽ 198 വരെയുള്ള ഭേദഗതികൾ 194-ാം നമ്പർ ഭേദഗതിക്കും 199 B നമ്പർ ഭേദഗതി 199 A നമ്പർ ഭേദഗതിക്കും 200, 201, 203 മുതൽ 206

വരെയുള്ള ഭേദഗതികൾ 202-ാം നമ്പർ ഭേദഗതിക്കും 208 മുതൽ 211 വരെയുള്ള ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 212 മുതൽ 215 വരെയുള്ള ഭേദഗതികൾ 216-ാം നമ്പർ ഭേദഗതിക്കും 217, 218 എന്നീ നമ്പർ ഭേദഗതികൾ 219-ാം നമ്പർ 220A-ാം നമ്പർ ഭേദഗതി 220B-ാം നമ്പർ ഭേദഗതിക്കും ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞ കാര്യങ്ങൾതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതിന് മറുപടി പറയാതിരിക്കാൻ നിർവാഹമില്ല. കേരളത്തിൽ നിലവിലുള്ള ഒരു നിയമത്തെയും ബൈപ്പാസ് ചെയ്യാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് ബിൽ ആദ്യം അവതരിപ്പിച്ചപ്പോഴും സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ചപ്പോഴും പറഞ്ഞിട്ടുള്ളതാണ്, അപേക്ഷകളിന്മേൽ നിശ്ചിത സമയത്തിനുള്ളിൽ നടപടിയെടുക്കണമെന്ന് മാത്രമാണ് ഈ ബില്ലിൽ

പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തെപ്പെലെയുള്ള വ്യക്തികൾ ഇങ്ങനെ പറയുന്നത് മറ്റുള്ളവർക്ക് ഒരു നറേഷൻ ബിൽഡ് ചെയ്യാൻ അവസരം നൽകുമെന്നല്ലാതെ അതിൽ യാതൊരു വസ്തുതയുമില്ല. കാരണം, കേരളത്തിൽ നിലവിലുള്ള ഒരു നിയമവും ബൈപ്പാസ് ചെയ്യരുതെന്നാണ് ഈ നിയമത്തിൽ പറയുന്നത്. ഒരു നല്ല കാര്യം ചെയ്യുമ്പോൾ അതിനെ മോശമാക്കുന്ന രീതിയിൽ സംസാരിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഞാൻ ഒരു ക്ലാരിഫിക്കേഷൻ ചോദിക്കുകയാണ്. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മൂന്ന് തലത്തിലുള്ള ചെക്ക് പോയിന്റുകളുണ്ട് - പാടശേഖര കമ്മിറ്റി, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി, എ.പി.സി. (Agricultural Production Commissioner) ചെയർമാനായ സംസ്ഥാനതല സമിതി. ഇവയെ മറികടക്കാതെ ഏതെങ്കിലും നെൽവയൽ ഉപയോഗിക്കാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നിശ്ചിത സമയത്തിനുള്ളിൽ എല്ലാ രേഖകളും ഈ സമിതികൾ പരിശോധിച്ചതിനുശേഷമേ അനുമതി

നൽകുകയുള്ളൂ. ജില്ലാതല സമിതിയിൽ ഇവരെല്ലാം ഉൾപ്പെടുന്നവരാണ്. 'ഉപ്പോളം വരില്ല ഉപ്പിലിട്ടത്' എന്നുപറഞ്ഞതുപോലെ, നാഷണൽ ഹൈവേ നിർമ്മിച്ചപ്പോൾ തകർന്നതിന്റെ അത്രയും നെൽവയലുകൾ കേരളത്തിലെ മറ്റൊരു പ്രോജക്ടുമൂലവും തകർന്നിട്ടില്ല. അത് കേരളത്തിന്റെ വയലുകളെ കീറിമുറിച്ച് പോയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. നാഷണൽ ഹൈവേ നിർമ്മിക്കേണ്ടെന്ന് ഞാൻ പറയുന്നില്ല. ചില പ്രോജക്ടുകൾ കേരളത്തിന് ആവശ്യമാണ്. അതുകൊണ്ടാണ് അന്നത്തെ മുഖ്യമന്ത്രി അത് പൈലറ്റ് ചെയ്തത്. നാഷണൽ ഹൈവേയുടെ ഭൂരിഭാഗവും വയലിൽക്കൂടിയല്ലേ കടന്നുപോകുന്നത്? ഈ നിയമം കൊണ്ട് ഒരു സെന്റ് ഭൂമിപോലും നഷ്ടപ്പെടുകയില്ലെന്ന് ഇവിടെ ഞാൻ ഉറപ്പ് നൽകുകയാണ്. എല്ലാ കാര്യങ്ങളും പരിശോധിച്ചതിനുശേഷമേ സംരംഭത്തിനുള്ള അനുമതി നൽകുകയുള്ളൂ.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഞങ്ങൾ ഉന്നയിച്ചത് ഏറ്റവും ഗൗരവതരമായ കാര്യമാണ്. ബഹു. സ്പീക്കർ ചോദിച്ചത് മൂന്ന് സമിതികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കൃത്യമായ മറുപടി

പറഞ്ഞില്ല. ആ മൂന്ന് സമിതികൾക്കും ഇപ്പോഴുള്ള അധികാരങ്ങൾ ഉണ്ടാകുമോ എന്നാണ് ചോദിച്ചത്.

മി. സ്പീക്കർ: അത് ബൈപ്പസ് ചെയ്യില്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ?

ശ്രീ. പി. പ്രസാദ്: സർ, അത് മാത്രം പറഞ്ഞില്ല. അവരെല്ലാം ആ സമിതിയിലുണ്ടെന്നേ പറഞ്ഞുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇങ്ങനെ തെറ്റിദ്ധാരണ പരത്തുന്നതിലൂടെ നിങ്ങൾക്ക് എന്താണ് ലഭിക്കുന്നത്? അത് പരിശോധിക്കാനുള്ള അധികാരം ഈ അതോറിറ്റിക്കുണ്ട്. ഈ അതോറിറ്റിയിൽ ജില്ലാ അഗ്രികൾച്ചറൽ ഓഫീസർ പ്രതിനിധിയാണ്.

ശ്രീ. കെ. രാജൻ: സർ, ഈ ബിൽ നിയമമായാൽ ആ അതോറിറ്റിയിലുള്ള ഉദ്യോഗസ്ഥർ അവിടെ വെറുതെ ഇരിക്കുന്നു എന്നുമാത്രമേയുണ്ടാവുകയുള്ളൂ. അവരുടെ സീറ്റിൽ വരേണ്ട ഫയലുകൾ നേരെ ബൈപ്പാസ് ചെയ്ത് പോകും. എന്നുമാത്രമല്ല, 13-ാം വകുപ്പ് അനുസരിച്ച് ഈ സഭ പോലും അറിയാതെ ഇപ്പോഴുള്ള 19 നിയമങ്ങൾ കൂടാതെ ഇനിയും കൂടുതൽ നിയമങ്ങൾ ഉൾപ്പെടുത്തണമെങ്കിൽ ചേർക്കാനുള്ള പ്രത്യേക

അധികാരം ഈ നിയമത്തിലുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ച ചോദ്യത്തിനല്ല മറുപടി പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് ശരിയല്ല. അവർ വെറുതെപോയി അവിടെ ഇരിക്കുകയല്ല. അവർ അവരുടെ ഡ്യൂട്ടി ചെയ്യണം. അനുവദിക്കാൻ സാധിക്കാത്ത കാര്യങ്ങൾ അനുവദിക്കാനാകില്ല എന്ന് ഗൗരവത്തോടെ ജില്ലാതല സമിതിയിൽ പറഞ്ഞാൽ അതിന് അനുവാദം നൽകില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പീഠികയിൽ 'മറ്റു' എന്ന വാക്കിനുപകരം 'മറ്റ്' എന്ന് ചേർക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 165-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

165. ദീർഘശീർഷകത്തിൽ " മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച 112, 131, 144, 154, 181, 193, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 120, 122, 123, 124, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 121A, 170A, 174A, 220B എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 125, 216 എന്നി നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 137A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർഗ്ഗീസ് മാമ്മൻ അവതരിപ്പിച്ച 138, 182, 219 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 170, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നാട്ടകം സുരേഷ് അവതരിപ്പിച്ച 170B നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ടി. സൂരജ് അവതരിപ്പിച്ച 181A നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉഷ വിജയൻ അവതരിപ്പിച്ച 181C, 194 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഈ ബിൽ സംബന്ധിച്ച ഞങ്ങളുടെ ആശങ്ക നേരത്തെതന്നെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഭരണകക്ഷിയിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് ഗൗരവതരമായ ആശങ്കകൾ ഉയർന്നുവന്നതായാണ് ഇപ്പോൾ കണ്ടത്. വ്യക്തമായ ഒരു രാഷ്ട്രീയ നാടകമാണ് സർക്കാർ ഇപ്പോൾ നടത്തിയിരിക്കുന്നത്. കേരളത്തിന്റെ വ്യവസായ മേഖലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം എൽ.ഡി.എഫ്. സർക്കാർ സൃഷ്ടിച്ച സമാനതകളില്ലാത്ത പുരോഗതിയുണ്ട്. ആ മുന്നേറ്റത്തിന്റെയും നേട്ടങ്ങളുടെയും അവകാശികളാകാനുള്ള ത്വരയുടെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിസിനസ് പരിഷ്കരണ സൂചികയിൽ കേരളത്തിന്റെ സ്കോർ 2016-ൽ 22.8 ശതമാനമായിരുന്നത് 2024 ആയപ്പോൾ 99.3 ശതമാനമായി ഉയർത്താൻ കഴിഞ്ഞു. ഇതേ കാര്യംതന്നെയാണ് Ease of Doing Business-ലും സംഭവിച്ചത്. 2016-ൽ Ease of doing Business-ൽ ദേശീയ തലത്തിൽ 28-ാം സ്ഥാനത്തായിരുന്ന

കേരളം പിന്നീട് ഒന്നാം സ്ഥാനത്തേയ്ക്ക് ഉയർന്നുവന്നു. ആ സ്ഥാനം നിലനിർത്തിപ്പോരുകയാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടും 2019-ലെ എം.എസ്.എം.ഇ. ആക്ടും സംസ്ഥാനത്ത് നിലവിലുണ്ട്. ഇതിലൂടെ സാധ്യമായ ഏകജാലക സംവിധാനം വീണ്ടും ഒരു ബിൽ അവതരിപ്പിച്ച് ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ നിയമത്തിൽ പറയുന്ന വ്യവസ്ഥകളെല്ലാം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിലൂടെയും 2019-ലെ എം.എസ്.എം.ഇ. നിയമത്തിലൂടെയും നടന്നുവരുന്ന കാര്യങ്ങളാണ്. ആ നിയമങ്ങൾപ്രകാരം കെ.-സ്വിഫ്റ്റ് വഴി 50 കോടി രൂപ വരെയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ അതിവേഗം സാധിക്കുന്നതാണ്. ബഹു. മന്ത്രി അവകാശപ്പെട്ടത് അഞ്ച് മിനിട്ടുകൊണ്ട് ഒരു സംരംഭത്തിന് ആവശ്യമായ അനുമതികൾ നൽകാൻ സാധിക്കുമെന്നാണ്. പക്ഷെ ഈ ബില്ലിലെ ഖണ്ഡം 8(2), 14(2) എന്നിവയിൽ പറയുന്നത് 25 കോടി രൂപ മുതൽ 50 കോടി രൂപ വരെയുള്ള

സംരംഭങ്ങൾക്ക് ജില്ലാ കളക്ടറുടെ കമ്മിറ്റി 75 ദിവസത്തിനുള്ളിൽ അനുമതി നൽകുമെന്നാണ്. അപ്പോൾ നേരത്തെയുള്ളതിനേക്കാൾ കൂടുതൽ ദിവസങ്ങൾ ആവശ്യമായി വരികയാണ്, നിലവിലുള്ളതിൽനിന്ന് പുറകോട്ട് നയിക്കുകയാണ് ചെയ്യുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് കൊണ്ടുവന്ന നിയമത്തിൽ കല്പിത അനുമതിയുണ്ടായിരുന്നു. അത് പൂർണ്ണമായി ഒഴിവാക്കിയതായാണ് കാണുന്നത്. ഈ നിയമം മുമ്പുണ്ടായിരുന്ന നിയമങ്ങളെ റദ്ദാക്കുന്നില്ല. 1999-ലെ ഏകജാലക നിയമവും 2019-ലെ എം.എസ്.എം.ഇ. ആക്ടും സ്പെഷ്യൽ ആക്ടുകളാണ്. ടി ആക്ടിലെ വ്യവസ്ഥകൾ റദ്ദ് ചെയ്യുന്നില്ല ഭേദഗതി വരുത്തുന്നുമില്ല. ഒരു പ്രൊവിസോ കൂട്ടിച്ചേർത്ത് ഈ ബില്ലിലൂടെ ഇപ്പോൾ ഇത് നടപ്പാക്കാൻ ശ്രമിക്കുന്നത് നിയമവിരുദ്ധമാണ്. വിവിധ നിയമങ്ങൾ പ്രകാരമുള്ള വ്യത്യസ്ത സംവിധാനങ്ങൾ ഇവിടെ നിലനിൽക്കുകയും ഏകജാലക സംവിധാനത്തിലൂടെ വ്യവസായങ്ങൾക്ക് വളരെ വേഗത്തിൽ അനുമതി ലഭിക്കുമായിരുന്നതിനെ തടസ്സപ്പെടുത്തുകയുമാണ് ചെയ്യുന്നത്. വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ 2025 നവംബറിൽ എൽ.ഡി.എഫ്.

കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് 2025 എന്നിവ പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിലൂടെ നൂറ് കോടി രൂപയ്ക്കുമുകളിലുള്ള വൻകിട നിക്ഷേപകർക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ കേരള സംസ്ഥാന നിക്ഷേപക പ്രോത്സാഹന ബോർഡ്, ചീഫ് സെക്രട്ടറി അധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അതായത് പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളും കെ.എസ്.ഐ.ഡി.സി., എം.ഡി. കൺവീനറുമായി കേരള സംസ്ഥാന നിക്ഷേപക പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഇപ്പോൾ സരൾ കേരളം ബില്ലിൽ ആറാം ഖണ്ഡത്തിലൂടെ, ചീഫ് സെക്രട്ടറി അധ്യക്ഷനും പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളും കെ.എസ്.ഐ.ഡി.സി., എം.ഡി. കൺവീനറുമായി സംസ്ഥാനതല അംഗീകാര കമ്മിറ്റി എന്ന പേരിൽ മറ്റൊരു സമാന്തര കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. ഈ വൈരുധ്യം സബ്ജക്ട് കമ്മിറ്റിയിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതാണ്. പക്ഷെ സർക്കാർ തിരുത്താൻ തയ്യാറായില്ല. അതിനുപകരം ചെയ്തതെന്താണ്; ‘ 25 കോടി

രൂപയ്ക്ക് മുകളിലുള്ള നിക്ഷേപപദ്ധതികളുടെ ക്ലിയറൻസിന് ഈ ആക്ടിലെ വ്യവസ്ഥകൾ മാത്രമാണ് ബാധകമായിട്ടുള്ളതെന്ന് എഴുതിച്ചേർക്കുകയാണ് ചെയ്തത്. അതായത് പഴയ നിയമത്തിലെ അധികാരസ്ഥാപനങ്ങൾ റദ്ദ് ചെയ്യപ്പെട്ടില്ല. അതുപോലെ നിലനിൽക്കുകയാണ്. രാജ്യത്ത് ആദ്യമായി പരിസ്ഥിതിക്കും സമൂഹത്തിനും പ്രധാന്യം നൽകുന്ന ഇ.എസ്.ജി. വ്യവസായ നയം കൊണ്ടുവന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. അതുകൊണ്ടാണ് 2024 നവംബറിൽ എൽ.ഡി.എഫ്. സർക്കാർ പാസ്സാക്കിയ, 2024-ലെ 26-ാം ആക്ടിൽ വ്യവസായങ്ങൾക്ക് അംഗീകാര സാക്ഷ്യപത്രം നൽകുമ്പോൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിനോ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിനുകീഴിൽ വിജ്ഞാപനം ചെയ്ത മാസ്റ്റർ പ്ലാനിനോ വിരുദ്ധമായി ഭൂമി ഉപയോഗിക്കാൻ പാടില്ലെന്ന കർശനമായ വ്യവസ്ഥ അക്കാലത്ത് ഉൾപ്പെടുത്തിയത്. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. പ്രാദേശിക നിരീക്ഷണ സമിതിയും കൃഷി ഓഫീസറും കെ.എസ്.ആർ.ഇ.സി. ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ റവന്യൂ ഡിവിഷണൽ ഓഫീസർ

വിനിയോഗിക്കേണ്ട അർധ ജുഡീഷ്യൽ അധികാരം ഇപ്പോൾ എടുത്തുമാറ്റിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ നേരത്തെ ചോദിച്ച ഒരു ചോദ്യം ഞാനിപ്പോൾ ഓർക്കുകയാണ്. അങ്ങയുടെ ആ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞില്ല. സദുദ്ദേശ്യത്തിന്റെ ഭാഗമായുള്ള അങ്ങയുടെ ചോദ്യത്തിന് അനുകൂലമായി അദ്ദേഹം ഉത്തരം പറഞ്ഞതായി അങ്ങ് ധരിച്ചുവെന്നാണ് അങ്ങയുടെ പ്രതികരണം കേട്ടപ്പോൾ എനിക്കുതോന്നിയത്. പക്ഷെ അതല്ല സംഭവിച്ചത്. ഞാനിവിടെ സൂചിപ്പിച്ച കമ്മിറ്റിയുടെ അധികാരം എടുത്തുമാറ്റി ഉദ്യോഗസ്ഥ കമ്മിറ്റികൾക്ക് ഇപ്പോൾ അധികാരം നൽകിയിരിക്കുകയാണ്. ശ്രീ. ജി. സുധാകരൻ എം.എൽ.എ.-യോട് എനിക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഇക്കാര്യവുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായം ഈ അവസരത്തിൽ ശരിയായി തോന്നുന്നു. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നഷ്ടപ്പെടുമെന്നതാണ് അദ്ദേഹം പ്രകടിപ്പിച്ച ആശങ്ക. അത് വൻകിട മാഫിയകൾക്ക് തീറെഴുതാനുള്ള നീക്കമാണ് നടക്കാൻ പോകുന്നത്. അതാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നത് നാം

കാണണം. അതിനുപുറമെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ബില്ലിൽ പുതുതായി ഒരു വകുപ്പ് ചേർത്തിട്ടുണ്ട്. 14(4) ക്ലിപ്ത നിബന്ധന പ്രകാരം, ഏഴ് ദിവസത്തിനകം കൃഷി ഓഫീസറോ ബന്ധപ്പെട്ട അധികാര സ്ഥാനമോ ഡിഫക്ട് മെമ്മോ നൽകിയില്ലെങ്കിൽ ഒരു ന്യൂനതയും ഇല്ലെന്ന് കണക്കാക്കി നടപടി തുടരും എന്ന വ്യവസ്ഥകൂടി ചേർത്തതോടെ തണ്ണീർത്തടസംരക്ഷണം പൂർണ്ണമായും അട്ടിമറിക്കപ്പെടുകയാണ്. ബഹുമാന്യനായ ശ്രീ. കെ. രാജൻ ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ ചോദിക്കുകയുണ്ടായി. അതാണ് സംഭവിക്കാൻ പോകുന്നത്. ഈ കമ്മിറ്റി എല്ലാ തീരുമാനങ്ങളുമെടുക്കും. കമ്മിറ്റിയിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഇരിക്കുന്നു എന്നതുകൊണ്ട് മാത്രം കാര്യമില്ല. അത് മറ്റ് കമ്മിറ്റിക്കുള്ള അവകാശത്തെ ഹനിക്കുകയാണ്. നേരത്തെ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, ത്രിതല കമ്മിറ്റികളാണ് ഓരോതലത്തിലും ആവശ്യമായ തീരുമാനങ്ങളെടുത്തിരിക്കുന്നത്. ടി കമ്മിറ്റിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇക്കാര്യത്തിൽ ആ കമ്മിറ്റിയുടെ അധികാരം കളയുകയാണ്. അധികാരം മുഴുവൻ ഈ പുതിയ കമ്മിറ്റിയെടുക്കുകയാണ്. തീർത്തും പുതിയ

രീതിയിലുള്ള വ്യവസ്ഥകളോടുകൂടി, ഫലത്തിൽ തണ്ണീർത്തട നിയമം പോലുള്ളവ ഇല്ലാതാക്കുന്ന നിലയാണുള്ളത്. പരിഷ്കരിച്ച ബില്ലിന്റെ പട്ടികയിലെ 4, 5, 15, 16, 17, 18 ഇനങ്ങൾ വഴി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പാലിറ്റി ആക്ടും നിയമങ്ങളിലെ ലൈസൻസ്, കെട്ടിടനിർമ്മാണ അനുമതി അധികാരങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൂർണ്ണമായും പിടിച്ചെടുക്കുകയാണ്. അതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അഭിമാനം കൊള്ളുന്നവരല്ലേ നമ്മൾ. എല്ലാവരും അതിന്റെ ഭാഗമായി മാറിയതല്ലേ. പക്ഷെ ആ അധികാരം കവർന്നെടുക്കുന്നു. അത് ചീഫ് സെക്രട്ടറിയുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ കമ്മിറ്റികൾക്ക് കൈമാറുന്നു. ഇതാണ് സംഭവിക്കാൻ പോകുന്നത്. എന്നാൽ ഇപ്പറയുന്ന ജില്ലാ ബോർഡിൽ ത്രിതല പഞ്ചായത്ത് ഭാരവാഹികളോ മുനിസിപ്പൽ ചെയർമാനോ ഉൾപ്പെട്ടിട്ടുമില്ല.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിനെ പൂർണ്ണമായും ഒഴിവാക്കിയത് പ്രസ്തുത നിയമത്തിലെ 61-ാം വകുപ്പിനും മാസ്റ്റർ പ്ലാനുകളിലെ സോണിങ് വ്യവസ്ഥകൾക്കും വിരുദ്ധമായി അനുമതി നൽകുന്നതിലേക്കാണ് നയിക്കുക. അതുപോലെ 13-ാം ഖണ്ഡത്തിൽ മാരകമായ മലിനീകരണമോ അപകടമോ ഉണ്ടാക്കുന്ന ഫാക്ടറികൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്, അപ്പോഴും നേരിട്ട് ഫാക്ടറി പൂട്ടിയിടാനോ സസ്പെൻഡ് ചെയ്യാനോ അധികാരമില്ല. അതീവ ഗൗരവമായ കുറ്റകൃത്യങ്ങൾ കണ്ടാൽപ്പോലും ഒന്നുംചെയ്യാൻ പറ്റില്ല. കളക്ടറുടേയോ ചീഫ് സെക്രട്ടറിയുടേയോ കമ്മിറ്റി ചേർന്ന് ഉത്തരവിറങ്ങുന്നതുവരെ കാത്തിരിക്കണം. സബ്ജക്ട് കമ്മിറ്റിയിൽവച്ച് യു.ഡി.എഫ്. സർക്കാർ ഒളിച്ചുനടത്തിയ ഏറ്റവും ജനാധിപത്യവിരുദ്ധമായ വ്യവസ്ഥ പുതുതായി ചേർത്ത 27-ാം ഖണ്ഡമാണ്. ‘ സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക് . ഈ ആക്ടുപ്രകാരം അതോറിറ്റിയോ ഉദ്യോഗസ്ഥരോ എടുക്കുന്ന ഒരു തീരുമാനത്തിനെതിരെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഒരു വിഷയത്തിലും സാധാരണ പൗരന് സിവിൽ

കോടതിയിൽ കേസ് കൊടുക്കാൻ പാടില്ലെന്ന് 27-ാം ഖണ്ഡം വിലക്കുന്നു. എത്ര അപകടകരമായ വ്യവസ്ഥയാണിതെന്ന് നോക്കണം. അതായത് സ്വന്തം ജീവിതത്തിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾപോലും സാധാരണ പൗരന് കോടതിയിൽ ചോദ്യം ചെയ്യാനാകില്ല. ഇതെല്ലാം ഏത് കാലത്തിന്റെ ഓർമ്മകളാണ് നമ്മളിലേക്കെത്തിക്കുന്നത്. പഴയ അടിയന്തരാവസ്ഥയുടെ ഓർമ്മ. അതിന്റെ ഭാഗമായ തരത്തിൽ ഒരു വകുപ്പ് ചേർത്തിരിക്കുകയാണ്. പട്ടികയിലുള്ള പതിനെട്ട് സ്പെഷ്യൽ ആക്ടുകളെയും ചട്ടങ്ങളെയും ഒരൊറ്റ അംബ്രല്ല ബില്ലിലൂടെ ഭേദഗതി ചെയ്യാനും അട്ടിമറിക്കാനും കഴിയില്ലെന്ന് പ്രതിപക്ഷം വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്. പക്ഷെ അതൊന്നും അംഗീകരിക്കപ്പെട്ടില്ല. ഈ ബിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്ര നിയമപ്രകാരമുള്ള അധികാരത്തിൽ കടന്നുകയറുന്ന ബില്ലാണ്. അങ്ങയുടെ ഒരു സംശയം.. അത്തരമൊരു അധികാരത്തിൽ കടന്നുകയറുന്ന ഒരു ബില്ലാണിത്. അതുപോലെ നമ്മുടെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധികാരം കവരുന്ന ഒരു ബില്ലാണിത്. നെൽവയലുകളും തണ്ണീർത്തടങ്ങളും നശിപ്പിക്കുന്ന

ബില്ലാണിത്. ജനങ്ങൾക്ക് സിവിൽ കോടതികളെപ്പോലും സമീപിക്കാൻ അവകാശം നിഷേധിക്കുന്ന ഈ ജനാധിപത്യ വിരുദ്ധ ബില്ലിന്റെ തുടർനടപടികളുമായി സഹകരിക്കാൻ യാതൊരുതരത്തിലും ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ തുടർ നടപടികളും ബഹിഷ്കരിക്കുന്നു.

(2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിന്റെ തുടർനടപടികൾ ബഹിഷ്കരിച്ചുകൊണ്ട് ബി.ജെ.പി. അംഗങ്ങൾ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായം തുടങ്ങാൻ കഴിയാതെയായി ഒരു സ്റ്റേജ് എത്തിയപ്പോൾ തടസ്സം നീക്കാൻ വേണ്ടി മൂന്നരവർഷത്തേക്ക് യാതൊരു അനുമതിയും വാങ്ങാതെ വ്യവസായം തുടങ്ങാമെന്ന് പറഞ്ഞവരാണ് ഇപ്പോൾ ഇതെല്ലാം പറയുന്നത്. മൂന്നര വർഷത്തേക്ക് കൽപ്പിത അനുമതി അതായത് ഡീംഡ് സാങ്ഷൻ നൽകിയവരാണ് ഇപ്പോൾ മുദ്രാവാക്യം വിളിച്ചുകൊണ്ട്

പുറത്തേക്ക് പോകുന്നത്. എന്തൊരു നാണക്കേടാണിത്; ഏത് പാടത്തും... എവിടെ വേണമെങ്കിലും വ്യവസായം തുടങ്ങാം..... ബഹളം കഴിഞ്ഞതിനുശേഷം തുടർന്ന് സംസാരിക്കാം..

മി.സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട മന്ത്രിക്ക് തുടർന്ന് സംസാരിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിൽ ഇതുതന്നെയാണ് നടക്കുന്നത്. പതിറ്റാണ്ടുകളായി നടക്കുന്നത് ഇതുതന്നെയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഏറ്റവും വലിയ പ്രശ്നവുമിതാണ്. ആവശ്യമില്ലാത്ത അവസരത്തിൽ ഈ മുദ്രവാക്യം വിളിക്കുമെന്നല്ലാതെ യതൊരു സംഭാവനയും നൽകാൻ ഈ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. വ്യവസായം തുടങ്ങാൻ വലിയ ബുദ്ധിമുട്ടാണെന്ന ചർച്ചയും ആത്മഹത്യയും പോലുള്ള കാര്യങ്ങളും പെർമിഷൻ ലഭിക്കാത്ത പ്രശ്നങ്ങളും വന്നപ്പോൾ അവർ deemed permission നൽകുക എന്ന ഒരു മാർഗം കണ്ടുപിടിച്ചു. ഒരു പരിശോധനയും നടത്താതെ മൂന്നര വർഷത്തേയ്ക്ക് കേരളത്തിൽ ആർക്കും വ്യവസായം ആരംഭിക്കാമെന്ന നിയമമുണ്ടാക്കി. മൂന്നര വർഷത്തിനുശേഷം വ്യവസായം തുടങ്ങിയവന്റെ ഗതിയെന്താകുമെന്ന് അവർ ചിന്തിച്ചിട്ടില്ല. ഏത് പാടത്തും

ആരംഭിക്കാമെന്ന് പറഞ്ഞവരാണ് ഇപ്പോൾ ഈ മുദ്രവാക്യം വിളിക്കുന്നത്. മൂന്നര വർഷത്തേയ്ക്ക് ഒന്നും പരിശോധിക്കേണ്ട എന്ന് പറയുന്നതിനേക്കൾ നല്ലതല്ലേ എല്ലാ പരിശോധനയ്ക്കുംശേഷം 75 ദിവസത്തിനുള്ളിൽ അനുമതി നൽകാമെന്ന് പറഞ്ഞത്. അപ്പോൾ വെറുതെ ഒരു കാര്യവുമില്ലാതെ ഭീകരവൽക്കരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ പറഞ്ഞതെല്ലാം ഒന്ന് ആലോചിച്ച് നോക്കുക. വയൽ, വെള്ളക്കെട്ട്, കൃഷി എന്നിവയൊന്നും നോക്കാതെയാണ് നാഷണൽ ഹൈവേ നിർമ്മിച്ചത്. നാഷണൽ ഹൈവേയുടെ അലൈൻമെന്റ് മാറ്റാൻ നോക്കിയപ്പോൾ മലപ്പുറം ജില്ലയിൽ ലാത്തിച്ചാർജ്ജ് നടത്തി, അവിടെ നാഷണൽ ഹൈവേയുടെ അലൈൻമെന്റ് മാറ്റാൻ സാധിച്ചില്ല. വയലുകളുടെ സ്ഥിതി ഇപ്പോൾ എന്താണ്? ഞങ്ങൾ ഉറപ്പിച്ചു പറയുന്നു ഈ നിയമം ഒരു നിയമവും ബൈപാസ് ചെയ്യുന്നില്ല, എല്ലാ കാര്യങ്ങളും പരിശോധിച്ചതിനുശേഷമാണ് അനുമതി നൽകുന്നത്. ഒരു നിയമവും ബൈപാസ് ചെയ്യാത്ത നല്ലൊരു നിയമമാണ് കൊണ്ടുവന്നിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ വ്യവസായ രംഗത്തെ കഴിഞ്ഞ പത്ത് വർഷത്തെ നേട്ടങ്ങളുടെ ക്രെഡിറ്റെടുക്കാൻവേണ്ടി ഈ സർക്കാർ നടത്തിയ രാഷ്ട്രീയ നാടകമാണ് ഈ ബില്ല് എന്നാണ് പറഞ്ഞത്. ഒരു കാരണവശാലും ഞങ്ങൾ അത് ചെയ്യില്ല. കാരണം കഴിഞ്ഞ 10 വർഷത്തെ ക്രെഡിറ്റ് എന്ന് പറയുന്നത്, ഈ സംസ്ഥാനത്ത് പൂട്ടിപ്പോയ പൊതുമേഖല സ്ഥാപനങ്ങളുടെ കണക്ക് ഞങ്ങൾ ടേബിൾ ചെയ്യാം. സഭയിൽ പൊതുമേഖലയെക്കുറിച്ചാണ് എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖല, സ്വകാര്യവൽക്കരണം..... എത്ര സ്ഥാപനങ്ങൾ പൂട്ടിപ്പോയി. ഇലക്ട്രിസിറ്റി ബോർഡിനെ ലാഭത്തിലാക്കിയതിനുശേഷമാണ് ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിഞ്ഞത്. തുടർന്നുവന്ന സർക്കാർ ഈ സ്ഥാപനത്തെ 50,000 കോടി രൂപയുടെ കടത്തിലാക്കുകയാണ് ചെയ്തത്. എന്താണ് കടത്തിൽ പോകാനുള്ള കാരണമെന്ന് അന്വേഷിക്കുമ്പോൾ 25 വർഷത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള എഗ്രിമെന്റ് റദ്ദാക്കുകയും കോടിക്കണക്കിന് രൂപയ്ക്ക് വൈദ്യുതി വാങ്ങി ഇലക്ട്രിസിറ്റി

ബോർഡിനെ കടത്തിലാക്കിയത് എങ്ങനെയാണെന്ന് അറിയാം. എത്ര സ്പിന്നിങ് മില്ലുകളാണ് കേരളത്തിൽ പൂട്ടിപ്പോയത്? മലപ്പുറം സ്പിന്നിങ് മില്ല് ഉൾപ്പെടെ ഞങ്ങൾ സന്ദർശിച്ചിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിക്കുമ്പോൾ പലതും പ്രവർത്തിക്കുന്നില്ല. അതെല്ലാം പൂട്ടിപ്പോയതാണ്. എന്തിനാണ് ഈ ബില്ല് കൊണ്ടുവന്നത്? നമ്മൾ സിംഗിൾ വിൻഡോ എന്നൊക്കെ പറയും. ഒരാൾ വ്യവസായം തുടങ്ങാൻ വന്നാൽ ആർക്കെങ്കിലും അക്കൗണ്ടബിലിറ്റി ഉണ്ടോ?. ഒരു പഞ്ചായത്ത് ക്ലർക്ക് വിചാരിച്ചാൽ, 1000 കോടി രൂപയുടെ വ്യവസായം ആരംഭിക്കാൻ വന്നയാളെ അവിടെത്തന്നെ നിർത്താം. അയാളെ അവിടെ നിർത്തിയാൽ മതി. ഒരു പ്രവാസി തളിപ്പറമ്പിൽ ആത്മഹത്യ ചെയ്തത് നമ്മൾ കണ്ടതാണ്. അയാളുടെ ജീവിതകാലത്തെ മുഴുവൻ സമ്പാദ്യവും മുടക്കിയിട്ട് ലൈസൻസ് ലഭിക്കാത്തതുമൂലം എൽ.ഡി.എഫ്. ഭരണകാലത്ത് ആന്തൂരിലെ സാജൻ പാറയിലിൽ ആത്മഹത്യ ചെയ്തിട്ടും അന്ന് വ്യവസായം തുടങ്ങുന്നതിന് ഭയങ്കര എളുപ്പമായിരുന്നെന്നാണ് പറയുന്നത്. പുനലൂരിൽ സുഗതൻ ആത്മഹത്യ ചെയ്തില്ലേ; വ്യവസായം ആരംഭിക്കാൻ വന്ന പ്രവാസി

പഞ്ചായത്തിന്റെ മുമ്പിലെ റോഡിൽ വന്നിരുന്നു. അങ്ങനെ എത്ര കേസുണ്ട്. ആർക്ക് വേണമെങ്കിലും തടസ്സപ്പെടുത്താം,

ഇവിടെ സരൾ കേരളം അതോറിറ്റി ഒരു നിയമവും ബൈപാസ് ചെയ്യുന്നില്ല. അതിൽ കൃത്യമായി ക്ലോസ് (3)-ൽ പറയുന്നുണ്ട്. മൂലധന നിക്ഷേപം 25 കോടിക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവൽകരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വേണ്ടി വിവിധ നിയമങ്ങൾ പ്രകാരം ക്ഷമതയുള്ള അധികാര സ്ഥാനം (various authority, various department, competent authority) നൽകേണ്ടതായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ പെർമിറ്റുകൾ, അനുമതികൾ തുടങ്ങിയവ ആരാണ് നൽകേണ്ടത്? ഈ ഏജൻസികളാണ്. ബന്ധപ്പെട്ട ഏജൻസികളുടെയോ വകുപ്പുകളുടെയോ സങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തി/വേഗത്തിലാക്കി അപേക്ഷകന് ഒരു ഏകീകൃത സംരംഭക ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണം. Concerned agency-കളുടെ ഒരു അധികാരവും സരൾ അതോറിറ്റി ടേക്ക് ഓവർ

ചെയ്തിട്ടില്ല. അതിന് എന്താണ് ചെയ്യുന്നത്? രജിസ്റ്റർ ചെയ്ത ഓരോ അപേക്ഷയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനങ്ങൾക്ക് അയച്ചുനൽകും. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/പൊലൂഷൻ കൺട്രോൾ ബോർഡ്/ പാഡി ലാൻഡ് ആക്ട് ഏജൻസി എതാണോ അവർക്ക് അയച്ചു നൽകും. അയച്ചുനൽകിയാൽ തോന്നിയതുപോലെ അവിടെ വയ്ക്കാൻ സാധിക്കില്ല. അതിന് കൃത്യമായ സമയം നിശ്ചയിച്ചിട്ടുണ്ട്. ആ സമയത്ത് തിരിച്ച് നൽകണം. Clause 12 -ൽ ഡിഫക്ട് ഉണ്ടെങ്കിൽ 7 ദിവസത്തിനകം തിരിച്ചയച്ചില്ലെങ്കിൽ ഡിഫക്ട് ഇല്ലാത്തതായി കണക്കാക്കുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ഒരാൾ വ്യവസായം ആരംഭിക്കാൻ വന്നുകഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട ഫയൽ ഒരു competent authority-യുടെ ഓഫീസിലേയ്ക്ക് അയച്ചാൽ 7 ദിവസത്തിനകം ആ ഡിഫക്ട് ക്ലിയർ ചെയ്ത് തിരിച്ചുനൽകണം. അല്ലാത്തതിന് 30 ദിവസം നൽകിയിട്ടുണ്ട്. 75 ദിവസത്തിനകം ഒരു പ്രശ്നവുമില്ലാത്ത അപേക്ഷകൾക്ക് ക്ലിയറൻസ് നൽകണമെന്ന് തീരുമാനിച്ചു. നേരത്തെ വളരെ വേഗത്തിൽ ലൈസൻസ്

ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമായിരുന്നെന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. തൊട്ടടുത്ത ദിവസം ലൈസൻസ് വാങ്ങി വീട്ടിൽ പോകാമായിരുന്നുവെന്ന അർഥത്തിലാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിന്റെ കാര്യമാണോ അദ്ദേഹം പറഞ്ഞത്; കൃത്യമായ പരിശോധനകൾ നടത്തുന്നതിനാലാണ് 75 ദിവസം വേണ്ടിവരുന്നത്. 30 ദിവസം പിന്നെ മൂന്ന് ഘട്ടങ്ങളിലായാണ് പരിശോധിക്കുന്നത്. അക്കൗണ്ടബിലിറ്റിയാണ് ഇവിടെയുണ്ടാകുന്നത്. പൊലൂഷൻ കൺട്രോൾ ബോർഡിലേയ്ക്ക് അയച്ചാൽ പൊലൂഷൻ കൺട്രോൾ ബോർഡ് അവരുടെ അധികാരവും നിയമവും ഉപയോഗിച്ച് അതെന്തുകൊണ്ട് നൽകാം അല്ലെങ്കിൽ എന്തുകൊണ്ട് നൽകാൻ സാധിക്കില്ലെന്ന് പരിശോധിച്ച് കൃത്യസമയത്തിന് തിരികെ അയയ്ക്കണം. പൊലൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് ലഭിക്കുന്നതിന് ഒരു വർഷംവരെ ഫയൽ അവിടെ സൂക്ഷിക്കാൻ പാടില്ല. ഒരു പഞ്ചായത്തിന്റെ അനുമതിക്കയയ്ക്കുന്ന ഫയൽ കൂടുതൽ സമയം വച്ചുതാമസിപ്പിക്കാൻ പാടില്ല. സമയത്ത് അയയ്ക്കണം. അതിൽ പരാതിയുണ്ടെങ്കിൽ അപ്പീൽ

നൽകുന്നതിനുള്ള അധികാരവും അവർക്കുണ്ട്. ഈ ബിൽ സിവിൽ കോടതിയുടെ അധികാരം കവർന്നെടുക്കുമെന്നെല്ലാം അദ്ദേഹം പറഞ്ഞു. അത് എന്തിലാണ് പറയുന്നത്; അപ്പീൽ നൽകാൻ പാടില്ലെന്നാണോ അതിൽ പറയുന്നത്; സിവിൽ കോടതിയുടെ അധികാരികതയ്ക്ക് വിലക്ക് വെച്ചുകൊണ്ടുള്ള നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയ സഭയാണ് ഇത്. എത് ഘട്ടത്തിലാണ് അപ്പീൽ നൽകാൻ സാധിക്കില്ലെന്ന് പറയുന്നത്.... പ്രതിപക്ഷ നേതാവ് ഇന്നലെയും ഇതുപോലെ അബദ്ധം പറഞ്ഞു. സംസ്ഥാനതല അംഗീകാര കമ്മിറ്റിയിൽ റവന്യൂ വകുപ്പുസെക്രട്ടറിയെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞു. ബിൽ പരിശോധിച്ചപ്പോൾ ഇദ്ദേഹത്തെ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമായി. പ്രതിപക്ഷനേതാവിനെ മോശക്കാരനാക്കുന്നതിനുവേണ്ടിയാണ് എഴുതിക്കൊടുക്കുന്നയാൾ ഇത്തരത്തിൽ തെറ്റായ കാര്യങ്ങൾ എഴുതിനൽകുന്നത്. ഇന്നലെയും ഇതുതന്നെയായിരുന്നു അവസ്ഥ. ഇന്ന് വീണ്ടും അദ്ദേഹത്തെ മോശക്കാരനാക്കാൻ തെറ്റായ വിവരമാണ് എഴുതിക്കൊടുത്തത്. കഴിഞ്ഞ ദിവസം സഭയിൽ അവതരിപ്പിച്ച ദി കേരളം

മാരിടൈം ബോർഡ് ബില്ലിന്റെ ചർച്ചയിൽ സംസാരിക്കവെ മാരിടൈം ബോർഡിൽ ഫിഷറീസ് വകുപ്പുസെക്രട്ടറിയെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു, എന്നാൽ ഫിഷറീസ് വകുപ്പുസെക്രട്ടറിയെ എക്സ്-ഒഫിഷ്യോ ആയി ഉൾപ്പെടുത്തിയിട്ടുള്ളതായി ബില്ല് വായിച്ചപ്പോൾ എനിക്ക് മനസ്സിലായി. അദ്ദേഹത്തിന് ആരോ ശത്രുക്കളുണ്ടെന്ന് ഇന്നലത്തെയും ഇന്നത്തെയും പ്രസംഗം കേട്ടപ്പോൾ വ്യക്തമായി. ക്ലോസ് 27-ൽ പറയുന്നത് അപ്പീൽ പോകാൻ സാധിക്കില്ലെന്നാണോ? അപ്പീൽ പോകാൻ പാടില്ലെന്ന വ്യവസ്ഥയോടെ ഈ നിയമസഭ ഒരു നിയമം പാസാക്കിയാൽ അതിന് സാധുതയുണ്ടാകുമോ; അതിനുള്ള legislative competency ഈ ഹൗസിനുണ്ടോ? ബഹുമാനപ്പെട്ട സ്പീക്കർ നിയമജ്ഞനാണ് അദ്ദേഹത്തിന് അറിയാം. ഈ സഭയ്ക്ക് അപ്പീൽ പോകാൻ സാധിക്കില്ലെന്ന് പറഞ്ഞ് ഒരു നിയമം പാസാക്കാൻ സാധിക്കുമോ; ആ legislative competency ഈ സഭയ്ക്കുണ്ടോ? ഇത് സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക് എന്ന് പറയുന്ന പോയിന്റ് നമ്മൾ എത്ര നിയമം..... അങ്ങ് ഇവിടെ 36-ാമത്തെ വർഷമാണ്. നമ്മൾ പാസാക്കിയ എത്ര നിയമത്തിലുണ്ട് ഈ പ്രൊവിഷൻ.

അപ്പീൽ പോകാൻ പാടില്ലെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുകയാണ്. ഈ നിയമവും അതിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ അതോറിറ്റിയോ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ തിർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരികത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല" എന്ന് പറഞ്ഞാൽ ഇവർ ചെയ്യുന്ന കാര്യങ്ങളെ പ്രൊട്ടക്ട് ചെയ്യുക കൂടി ചെയ്യുകയാണ്. unnecessary delay വരുത്താതിരിക്കാനുള്ള ശ്രമമാണ്. അതിനകത്ത് അപ്പീൽ പോകാൻ പാടില്ലെന്നുണ്ടോ? അപ്പീൽ പോകാൻ പാടില്ലെന്ന ഭരണഘടനവിരുദ്ധമായ കാര്യം നിയമത്തിൽ എഴുതി വയ്ക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് പ്രസംഗം എഴുതിക്കൊടുത്തയാൾ ചിലപ്പോൾ വായിച്ചത് അധ്യായം 4-ലെ അപ്പീൽ വ്യവസ്ഥകൾ എന്ന ഹെഡിങ്ങായിരിക്കും. അതിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഇല്ലെന്ന് അദ്ദേഹത്തിന്റെ

പ്രസംഗത്തിൽ എഴുതിക്കൊടുത്തത്. അതുപോലെ ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും പറയുകയുണ്ടായി, അതിലൊന്നും യാതൊരു പ്രസക്തിയുമില്ല. സംസ്ഥാനത്ത് ഒരു മാറ്റമുണ്ടാകണമെന്ന കാര്യം ഞങ്ങൾ വളരെ വ്യക്തമായി പറഞ്ഞു; രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും സംസ്ഥാനത്ത് നിക്ഷേപങ്ങളുണ്ടാകും. പണ്ട് BMW എന്ന കമ്പനി അവരുടെ കാർ നിർമ്മാണ ഫാക്ടറി കേരളത്തിൽ കൊണ്ടുവരണമെന്ന ആവശ്യവുമായി വന്നതാണ്. ഇക്കാര്യം നടക്കില്ലെന്ന് മനസ്സിലാക്കി അവർ ഇവിടെനിന്നും തിരിച്ചോടിയ വഴിക്ക് പുല്ലുപോലും മുളച്ചിട്ടില്ല. BMW കമ്പനിയുടെ നിർമ്മാണ ഫാക്ടറി വരാൻപോകുന്നുവെന്ന് പറഞ്ഞ് ഇവിടെ ഹർത്താലും നടത്തി. എന്നാൽ, BMW കമ്പനി അന്ന് തമിഴ്നാട്ടിൽ ഫാക്ടറി ആരംഭിക്കുകയാണുണ്ടായത്. തമിഴ്നാട് ഇപ്പോൾ ലോകത്തിലെ എല്ലാ ആട്ടോമൊബൈൽ ജയന്റ്സിന്റെയും കേന്ദ്രമാണ്. എല്ലാവിധ കാർ കമ്പനികളും തമിഴ്നാട്ടിൽ ഫാക്ടറികൾ ആരംഭിച്ചു. ഇവിടെനിന്നും എല്ലാവരെയും ഓടിച്ചതാണ്, അതാണ് ഇതിന്റെ പശ്ചാത്തലം. ആ കാലം മാറി, ഇവിടെ നിക്ഷേപകർ വരും, അവർക്ക്

നിക്ഷേപത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കും. ഓരോ കോമ്പിറ്റന്റ് അതോറിറ്റിക്കും അക്കൗണ്ടബിലിറ്റിയുണ്ടാകും. മുപ്പത് ദിവസത്തിനകം വ്യവസായനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതിന്റെ കാരണം പറയേണ്ടിവരും. ഇല്ലെങ്കിൽ അവർക്കെതിരെ നടപടിയെടുക്കും, അങ്ങനെ വരുമ്പോൾ ഇവിടെ അക്കൗണ്ടബിലിറ്റിയുമുണ്ടാകും, നിലവിൽ ആർക്കും അക്കൗണ്ടബിലിറ്റിയില്ല, ഒരു വർഷമോ രണ്ട് വർഷമോ വൈകിയാലും ആർക്കും അക്കൗണ്ടബിലിറ്റിയുണ്ടാകില്ല. ഇക്കാര്യങ്ങളെല്ലാം നിയമപരമായി ഉറപ്പുവരുത്തുന്ന ഒരു ബില്ലാണിത്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും കേരളം നിക്ഷേപ സൗഹൃദമായി മാറുന്നതിനുമുള്ള വിപ്ലവകരമായ ബില്ലാണ്, ഈ ബില്ലിനെ സമീപിക്കേണ്ടത് അങ്ങനെയാണ്. ഇതൊരു റവല്യൂഷണറി ബില്ലാണ്, ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ കേരളത്തിലുണ്ടാകുന്ന മാറ്റം, കേരളം നിക്ഷേപ സൗഹൃദമാണ് എന്ന സന്ദേശം കേരളത്തിന് പുറത്തേക്ക് എത്തണമെന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ഞങ്ങൾക്ക് ഇക്കാര്യം പറയാനുള്ള

അവകാശമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഹർത്താൽ നടത്താത്ത ആദ്യത്തെ പ്രതിപക്ഷമായിരുന്നു ഞങ്ങൾ. ഞങ്ങൾ ഹർത്താൽ നടത്തിയിട്ടില്ല, ഹർത്താൽ നടത്തുന്നത് കേരളത്തിന് മോശമാണ്. അഖിലേന്ത്യ പണിമുടക്ക് നടക്കുമ്പോൾ പണിമുടക്ക് പ്രഖ്യാപിച്ച ഡൽഹിയിൽ പണിമുടക്ക് ഉണ്ടാകില്ല, മുംബൈയിലും ബംഗളൂരുവിലും മറ്റ് സംസ്ഥാനങ്ങളിലും പണിമുടക്ക് ഉണ്ടാകില്ല, എന്നാൽ കേരളത്തിൽ മാത്രം പണിമുടക്കുണ്ടാകും. അത് പാടില്ലെന്ന് പറഞ്ഞതിന് ഒരുപാട് ആക്ഷേപിക്കപ്പെട്ടയാളാണ് ഞാൻ. അഖിലേന്ത്യ പണിമുടക്ക് പ്രഖ്യാപിച്ചാൽ ഇന്ത്യ മുഴുവനുമല്ലേ പണിമുടക്ക് നടത്തേണ്ടത്, എന്നാൽ മറ്റൊരിടത്തും പണിമുടക്കുകയില്ല, ഇവിടെ മാത്രം അഖിലേന്ത്യ പണിമുടക്ക് നടത്തും. അഖിലേന്ത്യ പണിമുടക്ക് പ്രഖ്യാപനം നടത്തുന്നത് ഡൽഹിയിലാണെങ്കിലും അവിടെ പണിമുടക്കില്ല. കേരളത്തെക്കുറച്ച് അത്തരത്തിൽ മോശമായ ഒരു ഇമേജ് ഉണ്ടാകാൻ പാടില്ല. എന്നാൽ കേരളം വ്യവസായങ്ങളെ സ്വാഗതം ചെയ്യുന്ന, ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലിയാന്നെണ ഒരു മെസ്സേജ് ഇപ്പോൾ പുറത്തേക്ക് പോയിട്ടുണ്ട്.

ഖജനാവിൽ അഞ്ച് പൈസയില്ല, ഖജനാവ് നശിപ്പിച്ചിട്ടാണ് പോയത്; ഖജനാവിൽ പണമുണ്ടാക്കുന്നതിലേക്കായി, കേരളത്തിൽ ഇൻവെസ്റ്റ്മെന്റ് നടത്താനുള്ള ശ്രമങ്ങൾ ലളിതമാക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പരിസ്ഥിതിയെയോ മനുഷ്യാവസ്ഥകളെ ദുർബലമാക്കുന്നതോ ആയ യാതൊരു കാര്യങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകുകയില്ലെന്ന് ഞങ്ങൾ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ജനങ്ങൾ ജീവിക്കുന്ന സ്ഥലത്തുനിന്നും അവരെ ആട്ടിയോടിക്കപ്പെടുന്ന രീതിയിലേക്കോ അതല്ലെങ്കിൽ ജനങ്ങളുടെ ജീവിതസ്ഥലത്തുനിന്നും പെരുവഴിയിലേക്കോ ചേരിയിലേക്കോ തള്ളിവിടുന്നതും പരിസ്ഥിതിയെ ബാധിക്കുന്നതുമായ ഒരു വികസന പ്രവർത്തനവും ഇതിന്റെ ഭാഗായി ഉണ്ടാകുകയില്ല. പക്ഷേ, ഇതിന്റെ ഭാഗമായി കേരളത്തിൽ ഒരുപാട് കാര്യങ്ങൾ നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്..... ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ ഈ ബില്ലിൽ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞപ്പോൾ അത് അദ്ദേഹത്തിന്റെ ഉൽക്കണ്ഠയാണെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ, അദ്ദേഹം ഇന്നത്തെ

ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചത് കേരളത്തിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട് മണക്കൽ പാടശേഖരത്തിൽ AIIMS (All India Institute of Medical Sciences) സ്ഥാപിക്കണമെന്ന ആവശ്യമാണ്. നമ്മൾ AIIMS പോലെയുള്ള സ്ഥാപനങ്ങളൊന്നും ഒരു പാടശേഖരങ്ങളിലും സ്ഥാപിക്കുകയില്ല, പാടശേഖരങ്ങൾ അങ്ങനെതന്നെ നിലനിർത്തി സംരക്ഷിക്കും. പാഡി ആക്ടിൽ (The Kerala Conservation of Paddy Land and Wetland Act, 2008) പാടശേഖരങ്ങൾ പബ്ലിക് പർപ്പസുകൾക്കായി ഉപയോഗിക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് കേരളത്തിന്റെ ഇക്കോളജിക്കൽ ബാലൻസ് നിലനിർത്തിക്കൊണ്ടുമാത്രമേ ജനക്ഷേമ കാര്യങ്ങൾ ചെയ്യുകയുള്ളൂ. ഈ ബിൽ സഭയിൽ കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. കേരളത്തിനെ നിക്ഷേപ സൗഹൃദമാക്കുന്നതിനായി വിപ്ലവകരമായ മാറ്റമുണ്ടാക്കാനുള്ള ഒരു ബിൽ പൈലറ്റ് ചെയ്തുകൊണ്ട് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമായി

മാറിയിരിക്കുകയാണെന്നും പ്രത്യേകം പരാമർശിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സരൾ കേരളം ബിൽ പൈലറ്റ് ചെയ്യുന്നതിന് ഒപ്പമിരുന്ന് സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. വി. മുരളീധരൻ എന്നീ രണ്ട് പ്രതിപക്ഷാംഗങ്ങൾ ഉപക്ഷേപത്തെ എതിർത്തു.)

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.